കേരള പ്രസ് അക്കാദമി

# കുട്ടിയും മാധ്യമങ്ങളും

വി. വേണുഗോപാൽ



# കുട്ടിയും മാധ്യമങ്ങളും


## വി. വേണുഗോപാൽ


കേരള പ്രസ് അക്കാദമിയുടെ സഹായത്തോടെ
നടത്തിയ പഠനത്തിന്റെ റിപ്പോർട്ട്


**കേരള പ്രസ് അക്കാദമി**

Malayalam Title :

**Kuttiyum Madhyamangalum**

**By V.Venugopal**

© Kerala Press Academy. Some rights reserved.

The e-book edition of this work is licensed by Kerala Press Academy under CC BY 4.0. The work is to be attributed to V.Venugopal.

No part of this publication may be reproduced or transmitted, on paper or any non-electronic form, without the prior written permission of the copyright-owner.

V.Venugopal asserts the moral right to be identified as the author of this work.

Published by
**Kerala Press Academy**
Kakkanadu, Kochi-30

Cover design:Saji Clarion

Published in May 2014

E-book edition not for sale.

# നന്ദി

നന്ദി പറയേണ്ട ഒരുപാടു പേരുണ്ട്. അതിനാൽ പേരെടുത്തു പറയാൻ മുതിരുന്നില്ല.
വേണ്ട വിവരങ്ങളും മറ്റു സഹായങ്ങളും ലഭ്യമാക്കിയ മാധ്യമ സ്ഥാപനങ്ങൾ, മാധ്യമപ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ധർ, സർവേ നടത്താൻ സഹകരിച്ച സുഹൃത്തുക്കൾ തുടങ്ങി ഈ പഠനവുമായി ബന്ധപ്പെട്ട എല്ലാവർക്കും നന്ദി. ഒപ്പം പഠനത്തിനു വേണ്ട മാർഗനിർദേശങ്ങൾ

നൽകിയ മലയാള മനോരമ എഡിറ്റോറിയൽ ട്രെയിനിങ് ആൻഡ് റിസർച് ഡയറക്ടർ ശ്രീ.കെ. ഉബൈദുള്ളയോടുള്ള കടപ്പാട് കൂടി രേഖപ്പെടുത്തുന്നു.

**വി.വേണുഗോപാൽ**

# ഉള്ളടക്കം


| | |
|---|---|
| പ്രസാധകക്കുറിപ്പ് | 6 |
| ആമുഖം | 9 |
| അധ്യായം | |
| 1 ഇരിപ്പിടം എല്ലാവർക്കും, പക്ഷേ... | 13 |
| 2 മലയാള മാധ്യമ ലോകംചില പൊതു നിരീക്ഷണങ്ങൾ | 16 |
| 3 എന്തുകൊണ്ടു കുട്ടികൾ? | 20 |
| 4 പത്രം വീട്ടിലും സ്കൂളിലും | 25 |
| 5 മാധ്യമങ്ങളിൽ കുട്ടികൾക്കായി..... | 29 |
| 6 കുട്ടികളെ റിപ്പോർട്ട് ചെയ്യുമ്പോൾ | 32 |
| 7 കുട്ടികളുടെ അവകാശങ്ങളും മാധ്യമങ്ങളും | 36 |
| 8 ചൂഷണം ചെയ്യപ്പെടുന്ന കുട്ടികൾ | 42 |
| 9 കുറ്റവാളികൾ, ഇരകൾ... | 49 |
| 10 ടിവിയുടെ സ്വാധീനം | 51 |
| 11 റേഡിയോയും കുട്ടികളും | 62 |
| 12 പരസ്യങ്ങളുടെ മായാലോകം | 70 |
| 13 ഇന്റർനെറ്റ് മാധ്യമങ്ങളും കുട്ടികളും | 76 |
| 14 എൻ ഐ ഇ പത്രവും പഠനവും പുതിയ ബന്ധത്തിൽ | 82 |
| 15 കുട്ടികളുടെ പേജ് പത്രങ്ങളിൽ | 87 |
| 16 കുട്ടികളും രക്ഷിതാക്കളും അധ്യാപകരും പറയുന്നത് | 92 |
| 17 കണ്ടെത്തലുകൾ, നിർദേശങ്ങൾ | 101 |
| അനുബന്ധങ്ങൾ | |
| 1. യുനിസെഫ് മാർഗനിർദേശം | 109 |
| 2. ഇന്ത്യൻ പ്രസ് കൗൺസിൽ നിർദേശം | 113 |
| 3. പത്രം കൊണ്ട് ചില പ്രവർത്തനങ്ങൾ | 113 |
| 4. സർവേ ചോദ്യാവലികൾ | 117 |
| ബിബ്ലിയോഗ്രഫി | 119 |

# പ്രസാധകക്കുറിപ്പ്

കേരള പ്രസ് അക്കാദമി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിയ ഗവേഷണ പദ്ധതിയുടെ ഫലമാണ് ഈ പ്രബന്ധം. 2008-09 വർഷത്തെ സംസ്ഥാന ബജറ്റിലാണ് സർക്കാർ ഗവേഷണ പദ്ധതിക്ക് തുക വകയിരുത്തിയത്. പത്രപ്രവർത്തകരിൽ നിന്ന് അപേക്ഷ സ്വീകരിക്കാനും അർഹരായവരെ തിരഞ്ഞെടുക്കാനും സമർപ്പിച്ച പഠനനിഗമനങ്ങൾ കുറ്റമറ്റതാക്കാനും സമയമെടുത്തു. 2012 മാർച്ചിൽ പഠനം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചതാണ് ശ്രീ.വി.വേണുഗോപാൽ . 2013 ജനുവരിയിൽ ക്ഷണിക്കപ്പെട്ട സദസ്സിന് മുമ്പാകെ അവതരിപ്പിച്ച് അംഗീകാരം നേടി. "കുട്ടിയും മാധ്യമങ്ങളും" എന്നതാണ് ശ്രീ.വി.വേണുഗോപാലിന്റെ പഠനവിഷയം.

സങ്കീർണമായ ഒരു മേഖലയാണ് ഇത്. വ്യത്യസ്ത ജനവിഭാഗങ്ങൾക്ക് വേണ്ടിയോ വ്യത്യസ്ത പ്രായക്കാർക്കുവേണ്ടിയോ മാധ്യമം വ്യത്യസ്ത രീതിയിൽ നിർമിക്കപ്പെടുന്നില്ല എന്നതാണ് ഒരു പ്രധാന പ്രശ്നം. പ്രായപൂർത്തിയായ ആളുകൾ വായിക്കുന്ന അതേ പത്രമാണ്, അല്ലെങ്കിൽ അതേ ടെലിവിഷനാണ് കൊച്ചുകുട്ടികളും വായിക്കുന്നതും കാണുന്നതും. കുട്ടികൾ അറിയേണ്ടാത്ത, വായിക്കേണ്ടാത്ത, കാണേണ്ടാത്ത കാര്യങ്ങൾ അവരുടെ മുന്നിൽ വലിയ തലക്കെട്ടുകളിൽ പ്രത്യക്ഷപ്പെടുന്നത് എന്തുതരത്തിലുള്ള പ്രതികരണങ്ങളാണ് അവരിൽ സൃഷ്ടിക്കുക? അവരുടെ ചിന്തകളെയും വളർച്ചയെയും സ്വഭാവത്തെയുമെല്ലാം ഇതെങ്ങനെ ബാധിക്കുന്നു ? അതുപോലെ പ്രധാനമാണ് വാർത്തകളിൽ പരാമർശിക്കപ്പെടുന്ന, വാർത്തയാക്കപ്പെടുന്ന കുട്ടികളുടെ കാര്യവും. പലപ്പോഴും മാധ്യമങ്ങളുടെ ഇരകളായി കുട്ടികൾ മാറുന്നു. സങ്കീർണമായ ആരോഗ്യ-വിദ്യാഭ്യാസ-മനശാസ്ത്ര-സാമൂഹിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഗൗരവമേറിയ പ്രശ്നമാണ് ശ്രീ വേണുഗോപാൽ കൈകാര്യം ചെയ്തിരിക്കുന്നത് എന്നുകാണാം. അദ്ദേ

ഹത്തിന്റെ നിഗമനങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പ്രമുഖരടങ്ങിയ അവലോകന സമിതി സമഗ്രമായ പരിശോധനയ്ക്ക് ശേഷമാണ് ഈ റിപ്പോർട്ടിന് അംഗീകാരം നൽകിയത്.

ഇത്തരം ഗവേഷണ പ്രബന്ധങ്ങൾ അലമാരകളിൽ അടച്ചുവെക്കപ്പെടുന്നത് ശരിയല്ല. ഇത് ജനങ്ങളിലേക്കും പ്രത്യേകിച്ച് മാധ്യമപ്രവർത്തകരിലേക്കും എത്തണം. പുസ്തകമായി അച്ചടിച്ചാൽ എത്തുന്നതിലേറെ ആളുകളിലേക്ക് ഇതെത്തിക്കാൻ ഈ കാലത്ത് സാധ്യമാണ്. ഇ- ബുക്ക് ആയി പ്രസ് അക്കാദമിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് കൊണ്ട് അനായാസം ആർക്കുമിത് എക്കാലത്തും വായിക്കാനാകും.

പ്രസ് അക്കാദമി പ്രസിദ്ധപ്പെടുത്തുന്ന ആദ്യ ഇ- ബുക്കുകളിൽ ഒന്നാണ് ഇത്. മലയാള മാധ്യമപഠനമേഖലയെ കൂടുതൽ അർത്ഥപൂർണമാക്കും ഈ സംരംഭം എന്ന പ്രതീക്ഷയോടെ ഞാൻ ആ ഗ്രന്ഥം വായനക്കാർക്ക് സമർപ്പിക്കുന്നു.

**എൻ.പി.രാജേന്ദ്രൻ**
ചെയർമാൻ, കേരള പ്രസ് അക്കാദമി
കൊച്ചി

ജൂലൈ 2014

# ആമുഖം

ഇക്കാലത്ത് എല്ലാ കുടുംബങ്ങളിലും ആദ്യ പരിഗണന കുട്ടികൾക്കാണ്. കുട്ടികളെ നന്നായി വളർത്തുകഅതാണ് അച്ഛനമ്മമാരുടെ ജീവിതലക്ഷ്യംതന്നെ. കുട്ടികൾക്കു വേണ്ട സൗകര്യങ്ങൾ, നല്ല വിദ്യാഭ്യാസം, പഠനേതര കഴിവുകൾ വളർത്തൽ, ആരോഗ്യം

തുടങ്ങിയവയിൽ രക്ഷിതാക്കൾ ഏറെ ശ്രദ്ധിക്കുന്നു. സമൂഹത്തെ സംബന്ധിച്ചും സർക്കാരുകളെ സംബന്ധിച്ചും കുട്ടികൾ ഏറെ ശ്രദ്ധ കൊടുക്കേണ്ട വിഭാഗം തന്നെ.

കുട്ടികളോടു സാമൂഹികമായ കരുതലും പരിഗണനയും നമ്മുടെ പരമ്പരാഗത സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. സർക്കാരുകൾ കുട്ടികൾക്കായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നു.

മാധ്യമങ്ങളെ സംബന്ധിച്ചും കുട്ടികൾ മുന്തിയ പരിഗണന അർഹിക്കുന്ന വിഭാഗമാണ്. രണ്ടു തരത്തിലാണ് ഈ പരിഗണന വേണ്ടത്.

**ഒന്ന്:** കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും സമൂഹത്തിലും കുടുംബത്തിലും അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്യുക, കുട്ടികളുടെ മാതൃകാപരമായ നേട്ടങ്ങളും അനുഭവങ്ങളും ജനങ്ങളിലേക്കെത്തിക്കുക.

**രണ്ട്:** കുട്ടികളെ പത്രത്തോട് അടുപ്പിച്ചു നിർത്തുക.

ഇന്നത്തെ കുട്ടികൾ നാളെ പത്രവായനക്കാരായി വളർന്നില്ലെങ്കിൽ വരാൻ പോകുന്ന പ്രതിസന്ധി വലുതാണ്.

(അതു മാധ്യമ ലോകം തിരിച്ചറിഞ്ഞതിനു തെളിവാണു ലോകമെങ്ങും കുട്ടിവായനക്കാരെ (Young Readers) ലക്ഷ്യമാക്കി പത്രങ്ങൾ നടപ്പിലാക്കുന്ന പരിപാടികൾ).

ഈ രണ്ടു തലങ്ങളിലും കേരളത്തിലെ മാധ്യമങ്ങളുടെ ഇടപെടൽ

എത്രത്തോളം ഫലപ്രദമാണെന്നോ അവയുടെ സമീപന രീതിയിൽ എന്തു മാറ്റം വേണമെന്നോ ഒരു അന്വേഷണം നടന്നതായി അറിയില്ല.

മാധ്യമങ്ങൾ പരമ്പരാഗതമായ ചില രീതികൾ പിന്തുടരുന്നതല്ലാതെ മാറിയ സാഹചര്യങ്ങൾക്കുതകുന്ന തരത്തിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നതിനെപ്പറ്റി ചർച്ചകൾ നടക്കുന്നുമില്ല. അത്തരമൊരു പഠനത്തിന് അതുകൊണ്ടു തന്നെ പ്രസക്തിയേറെയാണ്.

മാധ്യമങ്ങൾ എന്ന് ഈ പഠനത്തിൽ ഉദ്ദേശിക്കുന്നത് പത്രങ്ങളും ദൃശ്യമാധ്യമങ്ങളും ഓൺലൈൻ എഡിഷനുകളും റേഡിയോയും ചേർന്നതാണ്.

കുട്ടികൾ എന്നു പറയുന്നത് 1517 വയസു വരെയുള്ളവരെയും (ഹയർ സെക്കൻഡറി വരെ). വളരെ വിപുലമായ ഒരു മേഖലയാണിത്. അതുകൊണ്ടു തന്നെ പഠനവിധേയമാക്കേണ്ട മേഖലകൾ കൃത്യമായി ചിട്ടപ്പെടുത്തേണ്ടതുണ്ട്.

കുട്ടികൾ എന്നു നാം പൊതുവായി പറയുന്നതിൽ തന്നെ പല വിഭാഗങ്ങളുണ്ട്. ഉദാഹരണം ബാലവേല ചെയ്യേണ്ടി വരുന്നവർ, തെരുവുകുട്ടികൾ, പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ തുടങ്ങി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം, ഇടത്തരം കുടുംബങ്ങളിലെ

കുട്ടികൾ, അമിതമായ സൗകര്യങ്ങളിൽ കഴിയുന്നവർ. ഇവരുടെ പ്രശ്നങ്ങളും മുൻഗണനകളും സ്വാഭാവികമായും വ്യത്യസ്തമാണ്. എല്ലാ വിഭാഗങ്ങളെയും പരിഗണിക്കുന്ന ഒരു പൊതു സമീപനം മാത്രമേ ഇത്തരമൊരു പഠനത്തിൽ സ്വീകരിക്കാനാകൂ.

കുട്ടികൾക്കു വേണ്ടി മാത്രമുള്ള പ്രസിദ്ധീകരണങ്ങളെ ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെ, സിനിമയും മാഗസിനുകളും ഈ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല.

പൊതുമാധ്യമങ്ങൾ കുട്ടികളെ എത്രത്തോളം സ്വാധീനിക്കുന്നു, കുട്ടികളോടുള്ള മാധ്യമങ്ങളുടെ സമീപനം എങ്ങനെ, ഇനിയും മെച്ചപ്പെടേണ്ട മേഖലകൾ ഏതെല്ലാം തുടങ്ങിയവയുമായി ബന്ധപ്പെട്ടാണു പഠനം.

**താഴെപ്പറയുന്ന വിഷയങ്ങളിൽ മാധ്യമങ്ങളുടെ നിലപാടുകളും റിപ്പോർട്ടിങ് രീതിയും പഠനവിധേയമാക്കേണ്ടതുണ്ട്.**

1. യുഎൻ അംഗീകരിച്ച കുട്ടികളുടെ അവകാശങ്ങൾ എത്രത്തോളം കുട്ടികൾക്കു ലഭിക്കുന്നു, അവകാശലംഘനം സംബന്ധിച്ച പ്രശ്നങ്ങളിൽ മാധ്യമങ്ങളുടെ നിലപാട്, അവകാശ സംരക്ഷണത്തിന് ചെയ്യാവുന്ന കാര്യങ്ങൾ.

2. ബാലവേലയോടുള്ള മാധ്യമ സമീപനം.

3. കുട്ടികളോടുള്ള ലൈംഗിക അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന രീതി.

4. കുട്ടിക്കുറ്റവാളികളെ സംബന്ധിക്കുന്ന വാർത്ത സംബന്ധിച്ച പ്രസ് കൗൺസിൽ നിർദേശം എത്രത്തോളം പാലിക്കപ്പെടുന്നു.

5. എയിഡ്സ് മുതലായ രോഗങ്ങളുടെ ഇരകളായും മറ്റും വിവേചനം അനുഭവിക്കുന്ന കുട്ടികളോടുള്ള നിലപാട് (ഉദാഹരണം മാതാപിതാക്കൾ നഷ്ടപ്പെട്ട, എച്ച്ഐവി ബാധിതരായ ബെൻസണും ബെൻസിയും).

6. കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, ദുരൂഹസാഹചര്യത്തിൽ കാണാതാകൽ (ആലപ്പുഴയിൽനിന്നു കാണാതായ രണ്ടാം ക്ലാസ് വിദ്യാർഥി രാഹുൽ), രാഷ്ട്രീയ സംഘർഷങ്ങളിൽപ്പെടുന്ന കുട്ടികൾ (കണ്ണൂരിൽ ഉപേക്ഷിക്കപ്പെട്ട ബോംബ് പൊട്ടി കയ്യും കണ്ണും

നഷ്ടമായ അമാവാസി എന്ന അനാഥബാലൻ, 2000ൽ കൂത്തുപറമ്പിൽ ബോംബേറിൽ കാൽപാദം നഷ്ടപ്പെട്ട അസ്ന), കുട്ടികളിലെ ആത്മഹത്യാപ്രവണത, പാരിസ്ഥിതിക ദുരന്തങ്ങളിൽപ്പെടുന്ന കുട്ടികൾ ( ഉദാ: എൻഡോസൾഫാൻ) തുടങ്ങിയ പ്രശ്നങ്ങളോടുള്ള

**മാധ്യമ നിലപാട്.**

**7.കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ മാധ്യമങ്ങളുടെ പങ്ക്**

എ) കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം വന്നതോടെ മാധ്യമങ്ങൾ പഠനസഹായികളും കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികളും തയാറാക്കാൻ തുടങ്ങി. അവ എത്രത്തോളം ഫലപ്രദമാണ് കുട്ടികൾക്കും, മാധ്യമങ്ങൾക്കും.

ബി) യുവജനോൽസവം, കായികമേള, ശാസ്ത്രമേള തുടങ്ങിയവയുടെ റിപ്പോർട്ടിങ് രീതികളിൽ വന്ന/ വരുത്തേണ്ട മാറ്റം.

സി) എസ്എസ്എൽസിയിൽ നിന്ന് റാങ്ക് പോയതോടെ ഫലപ്രഖ്യാപനത്തിലെ വർണപ്പൊലിമ കുറഞ്ഞു. ഈ മാറ്റം മാധ്യമങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു.

ഡി) വിദ്യാഭ്യാസ വാർത്തകളും പുരസ്കാരങ്ങളും നേട്ടങ്ങളും മാധ്യമങ്ങൾ അവതരിപ്പിക്കുന്ന രീതി.

ഇ) 'വിദ്യാഭ്യാസത്തിന് മാധ്യമങ്ങൾ' (Newspaper in Education) എന്ന, മറ്റു രാജ്യങ്ങളിൽ ഏറെ പ്രാധാന്യം ലഭിക്കുന്ന ആശയം

ഇവിടെ എത്രത്തോളം വിജയകരമാകുന്നു.

8. കുട്ടിവായനക്കാരെ ആകർഷിക്കാനുള്ള മൽസരങ്ങളുടെയും മറ്റു കാംപയിനുകളുടെയും ഫലപ്രാപ്തി.

9. മാധ്യമങ്ങളും വിദ്യാർഥികളുടെ മൂല്യബോധവും.

മുകളിൽ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് കൃത്യമായ മാധ്യമ നയരൂപീകരണം ഉണ്ടായിട്ടില്ല.

ഈ മേഖലകളിലെല്ലാം മാധ്യമങ്ങളുടെ നയത്തിനോ പ്രചാരത്തിനോ എതിരാകാതെ തന്നെ കുട്ടികൾക്ക് അനുകൂലമായ ചില മാറ്റങ്ങൾ നിലപാടിലും അവതരണത്തിലും ഉണ്ടാക്കാവുന്നതേയുള്ളൂ. ആ വഴിക്കുള്ള ഒരു അന്വേഷണമാണ് 'കുട്ടിയും

**മാധ്യമങ്ങളും' എന്ന പഠനത്തിന്റെ ഉദ്ദേശ്യം.**

**പഠനരീതി**

മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി, ഏഷ്യാനെറ്റ്, സൂര്യ, ആകാശവാണി (തിരുവനന്തപുരം) തുടങ്ങിയ മാധ്യമ സ്ഥാപനങ്ങളുടെ ഓഫിസ് സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കൽ, പത്രസ്ഥാപനങ്ങളിലും പുറത്തുമുള്ള പ്രമുഖ മാധ്യമ പ്രവർത്തകരുമായും പഠനമേഖലയിലെ വിദഗ്ധരുമായും നിയമ വിദഗ്ധരുമായും ഒക്കെയുള്ള ചർച്ചകൾ, വിദ്യാർഥികളുടെയും അധ്യാപകരുടെയും സാംപിൾ ഗ്രൂപ്പുകൾക്ക് ചോദ്യാവലി നൽകി വിവരം ശേഖരിക്കൽ, മറ്റു രാജ്യങ്ങളിൽ സമാന മേഖലകളിലെ സ്ഥിതി പുസ്തകങ്ങളിൽനിന്നും മാധ്യമ പഠനങ്ങളിൽനിന്നുമൊക്കെ കണ്ടെത്തൽ തുടങ്ങിയവ ഈ പഠനത്തിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. സ്ഥിതിവിവര ക്കണക്കുകൾക്കും വസ്തുതകൾക്കുമായി കൂടുതൽ ആശ്രയിച്ചിട്ടുള്ളത് കോട്ടയത്തെ മലയാള മനോരമ എഡിറ്റോറിയൽ ലൈബ്രറിയെയാണ്. ചെക്ക് റിപ്പിക്കിന്റെ തലസ്ഥാനമായ പ്രാഗിൽ 2010ൽ നടത്തിയ വേൾഡ് യങ് റീഡേഴ്സ് കോൺഫറസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളും പഠനത്തിനു സഹായകമായി.

വിവരങ്ങൾ പരമാവധി വസ്തുനിഷ്ഠമാക്കാൻ ശ്രമിച്ചിട്ടുണ്ട്. സമഗ്രമോ പൂർണമായും ആധികാരികമോ ആണെന്ന അവകാശവാദത്തിനില്ല. ഈ വിഷയത്തെ സംബന്ധിച്ച് ലഭ്യമായ ആദ്യ പഠനം എന്ന നിലയിൽ ഒരു സൂചകമോ തുടക്കമോ ആയി മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കും പ്രയോജനപ്പെട്ടേക്കും എന്നു പ്രതീക്ഷിക്കുന്നു.

അധ്യായം: 1

# ഇരിപ്പിടം എല്ലാവർക്കും, പക്ഷേ...

ഓഫിസിനും പ്രസിനും അവധിയായതിനാൽ നാളെ പത്രം പ്രസിദ്ധീകരിക്കുന്നതല്ല' എന്ന അറിയിപ്പ് വായിച്ചാലും അതെല്ലാം മറന്ന് പിറ്റേദിവസം രാവിലെ പത്രത്തിനായി കാത്തിരിക്കുകയും ദിവസത്തിൽ പലവട്ടം പത്രം തപ്പുകയും പത്രം വായിക്കാൻ കഴിയാത്തതിൽ അസ്വസ്ഥരാകുകയും ചെയ്യുന്ന പരസഹസ്രം വായനക്കാരുള്ള നാടാണു നമ്മുടേത്.

അറിയിക്കുക, വിനോദിപ്പിക്കുക തുടങ്ങിയ പ്രാഥമിക കർത്തവ്യങ്ങൾക്കപ്പുറം സമൂഹത്തിന്റെ സർവമണ്ഡലങ്ങളുമായും ബന്ധപ്പെടുന്ന ചാലകശക്തിയായി മാധ്യമങ്ങൾ വളർന്നു കഴിഞ്ഞു. അതുകൊണ്ടുതന്നെ മാധ്യമങ്ങൾ വിവിധ സാമൂഹിക വിഭാഗങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെപ്പറ്റി പഠിക്കേണ്ടതുണ്ട്.

രാഷ്ട്രീയ, സാമ്പത്തിക, പ്രാദേശിക അടിസ്ഥാനത്തിൽ മാത്രമല്ല വ്യക്തിപരമായ സവിശേഷതകളുടെ അടിസ്ഥാനത്തിലും മാധ്യമസ്വാധീനത്തെ വിലയിരുത്തണം. കുട്ടികൾ, യുവാക്കൾ, വനിതകൾ, മുതിർന്ന പൗരൻമാർ, ശാരീരികമായും ബുദ്ധിപരമായും വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ വിഭാഗങ്ങളെ പൊതുമാധ്യമങ്ങൾ എത്രത്തോളം പ്രതിനിധീകരിക്കുന്നു എന്നത് മാധ്യമ പഠന അജണ്ടയിലേക്കു കാര്യമായി കടന്നുവന്നിട്ടില്ല.

മാധ്യമങ്ങൾ എല്ലാ വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്നു എന്നാണു വയ്പ്. ഒരു പരിധി വരെ അതു യാഥാർഥ്യമാണു താനും.

ജനാധിപത്യപരമാണു പത്രങ്ങളുടെ രീതി. ആർക്കും വാർത്ത നൽകാനായി പത്രങ്ങളെ സമീപിക്കാം. വിവാഹം,

മരണം തുടങ്ങിയ വ്യക്തിപരമായ വിശേഷങ്ങൾക്കും പത്രങ്ങളിൽ ഇടമുണ്ടല്ലോ.

രാഷ്ട്രീയ, സാമുദായിക, വ്യാവസായിക സമ്മർദ ഗ്രൂപ്പുകളെ തൃപ്തിപ്പെടുത്തുന്നതിനായി പല മൂല്യങ്ങളും മാറ്റിവയ്ക്കാൻ മാധ്യമങ്ങൾക്കു മടിയില്ലാതായിരിക്കുന്നിടത്തോളം എത്തിയിരിക്കുന്നു ഈ പ്രാതിനിധ്യം നൽകൽ.

മുൻഗണനകളുടെ കാര്യത്തിൽ മാധ്യമങ്ങൾ വ്യക്തി എന്ന നിലയിലുള്ള വായനക്കാരന്റെ താത്പര്യത്തെക്കാൾ മറ്റു പല ഘടകങ്ങൾക്കുമാണ് കൂടുതൽ പരിഗണന നൽകുന്നത്.

മാധ്യമ സ്ഥാപനങ്ങളുടെ താത്പര്യങ്ങളും പ്രചാരവുമാണ് പലപ്പോഴും മിക്ക തീരുമാനങ്ങളുടെയും പ്രേരകശക്തി എന്നു വന്നിരിക്കുന്നു. മുഖം നോക്കാതെ എഴുതാനോ പറയാനോ ചങ്കൂറ്റമുള്ള മാധ്യമങ്ങൾ അപൂർവമെന്നു പറയാം. പക്ഷേ ഓരോ പത്രത്തിന്റെയും താത്പര്യങ്ങൾ വ്യത്യസ്തമാണ്. അതിനാൽ ഒരു മാധ്യമം മറയ്ക്കുകയോ ഒതുക്കുകയോ വളയ്ക്കുകയോ ചെയ്യുന്ന വാർത്തകൾ മറ്റു പത്രങ്ങൾ നന്നായി കൊടുത്തെന്നു വരാം. അതിനാൽ മാധ്യമങ്ങളുടെ എണ്ണം കൂടുന്തോറും കാര്യങ്ങൾ വസ്തുനിഷ്ഠമായി പുറത്തറിയാനുള്ള സാധ്യത കൂടും. പ്രചാരം കൂടുതലോ കുറവോ ആകട്ടെ, എല്ലാ മാധ്യമങ്ങളും നിലനിൽക്കേണ്ടത് സമൂഹത്തിന് ആവശ്യമാണ്.

ഒരു പത്രം മാത്രം വാങ്ങുന്നവരാണ് ബഹുഭൂരിപക്ഷം വായനക്കാരുമെന്നതിനാൽ എല്ലാ സത്യങ്ങളും പത്രവായക്കാർ അറിയുന്നില്ല. പത്രങ്ങൾക്ക് അവരുടേതായ താത്പര്യം ഉള്ളതുപോലെ വായനക്കാർക്കുമുണ്ട് താത്പര്യങ്ങൾ. അതിനോട് ഒത്തുപോകുന്ന പത്രമാണ് അവർ വാങ്ങുന്നത് എന്നതിനാൽ വായനക്കാർ മിക്കവാറും അറിയുന്നതുകൊണ്ട് തൃപ്തരാകുകയും ചെയ്യും.

ഇനി അങ്ങനെയല്ലാത്ത വായനക്കാരുണ്ടെങ്കിൽ തന്നെ മിക്കവാറും എല്ലാവിഭാഗം ജനത്തിനും വേണ്ട എന്തെങ്കിലും വിഭവങ്ങൾ ദിവസവും പത്രത്തിലുണ്ടാകുമെന്നതിനാൽ ചെറിയ തോതിലെങ്കിലും ഏവരെയും പത്രം തൃപ്തിപ്പെടുത്തും. അതു തന്നെയാണു പത്രങ്ങളുടെ സാർവത്രികമായ സ്വീകാര്യതയ്ക്കുള്ള ഒരു കാരണം.

വാർത്താപരമായ പ്രാതിനിധ്യം പരിഗണിക്കുമ്പോൾ ദൃശ്യമാധ്യമങ്ങൾക്ക് കുറേക്കൂടി മുറുകിയ ഘടനയാണ്. ആ മാധ്യമത്തിന്റെ പ്രത്യേകത പത്രങ്ങളിലേതു പോലെ അയവുള്ള പ്രാതിനിധ്യരീതി പരിമിതപ്പെടുത്തുന്നു. അതേസമയം വിനോദം,

വിജ്ഞാനം തുടങ്ങിയ വശങ്ങളിൽ ദൃശ്യമാധ്യമങ്ങൾക്ക് കൂടുതൽ വിഭാഗങ്ങളെ തൃപ്തിപ്പെടുത്താൻ പറ്റുന്നുമുണ്ട്.

## മാറിയ പത്രലോകം

വാർത്തകൾ അറിയിക്കുക എന്നതിനപ്പുറം വൈവിധ്യത്തിന്റെ പുത്തൻപാതകളിലേക്ക് പത്രങ്ങൾ സഞ്ചരിക്കാൻ തുടങ്ങിയത് ദൃശ്യമാധ്യമങ്ങൾ വെല്ലുവിളി ഉയർത്തിയതോടെയാണ്.

വൈവിധ്യവത്കരണത്തെക്കുറിച്ചുള്ള ഉശിരൻ ചിന്തകൾ വ്യത്യസ്തമായ ആശയങ്ങളിലേക്കു നയിച്ചു. പത്രങ്ങളുടെ ലേഔട്ടിലും ഡിസൈനിലും മാത്രമല്ല, ഉള്ളടക്കത്തിലും ഘടനയിലും വരെ ഈ മാറ്റം പ്രതിഫലിച്ചു. ഇതിനൊപ്പം വായനക്കാരന്റെ

മുൻഗണനകളിൽ വന്ന വ്യത്യാസങ്ങളും മാധ്യമങ്ങൾക്കു പരിഗണിക്കേണ്ടി വന്നു.

വാർത്ത അറിയുക എന്നതിനൊപ്പം വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും ഉപകാരപ്പെടുന്ന എന്തുണ്ട് (ള്ളഝഢഡഝഢത്ന ന്റ്ദ്രനു) എന്നു കൂടി വായനക്കാരൻ അന്വേഷിച്ചു തുടങ്ങി.

കുട്ടികൾക്കു പഠിക്കുന്നതിന്, ജോലി കിട്ടുന്നതിന്, മെച്ചപ്പെട്ട കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിന്, ഓഹരിയിൽ പണം നിക്ഷേപിക്കുന്നതിന്,കൊളസ്ട്രോൾ കുറയ്ക്കുന്നതിന് എന്നു തുടങ്ങി മുഖക്കുരു ഇല്ലാതാക്കുന്നതിനു വരെയുള്ള വിവരങ്ങൾക്കായി പത്രങ്ങളെയും ആശ്രയിക്കാവുന്ന സ്ഥിതിയാണിന്ന്.

●

### അധ്യായം:2

# മലയാള മാധ്യമ ലോകം
# ചില പൊതു നിരീക്ഷണങ്ങൾ

ടിവിയിലൂടെ തൽസമയം സംഭവങ്ങൾ അറിഞ്ഞാലും വായിച്ചു കൂടി അറിഞ്ഞാലേ തൃപ്തി വരൂ എന്ന വായനക്കാരുടെ മനോഭാവം പത്രങ്ങളുടെ നിലനിൽപ്പിനു ചെയ്യുന്ന ഉപകാരം ചെറുതല്ല.

ഒന്നാം പേജിലെ ലീഡ് (ഏറ്റവും പ്രധാന) വാർത്തമുതൽ അവസാന പേജിലെ പരസ്യങ്ങൾക്കിടയിൽ ചിന്നിച്ചിതറിക്കിടക്കുന്ന കുഞ്ഞൻ വാർത്തകളും പിന്നെ പ്രിന്റർ, പിഷർ, ചീഫ് എഡിറ്റർ തുടങ്ങിയവരുടെ പേരു സൂചിപ്പിക്കുന്ന, ഇംപ്രിന്റ് എന്നു പത്രഭാഷയിൽ അറിയപ്പെടുന്ന അവസാന വരിയും വരെ വായിക്കുന്നവരുടെ എണ്ണം കുറയുകയാണ്.

ഭൂരിപക്ഷം വായനക്കാരും ഇക്കാലത്ത് സെലക്ടീവ് ആണ്. അവരവർക്കു ആവശ്യമുള്ളതും താത്പര്യമുള്ളതും വിശദമായി വായിക്കും എന്നു സാരം. ഭിന്ന രുചിർഹ ലോകം എന്നതു പത്രവായനക്കാരെ സംബന്ധിച്ചും പ്രസക്തമാണ്.

പ്രധാന വാർത്തകൾ ഉള്ള ഒന്നാം പേജിലും മറ്റും ഏതാണ്ട് എല്ലാ വായനക്കാരുടെയും ശ്രദ്ധ എത്തും. അതേസമയം വിദേശം, വിദ്യാഭ്യാസം, വാണിജ്യം, കായികം, എഡിറ്റോറിയൽ, ചരമം, സിനിമ, ടിവി, വിവിധ സിമെന്റുകൾ തുടങ്ങിയവ അതാതു മേഖലകളിൽ താത്പര്യമുള്ളവർ മാത്രമേ കൂടുതലായി വായിക്കൂ.

അതുകൊണ്ടുതന്നെയാണ് എല്ലാ വിഭാഗം വായനക്കാരെയും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ പലതരം സിമെന്റുകൾ പത്രത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ സിമെന്റുകളും സ്പെഷൽ പേജുകളും തുടങ്ങുന്ന കാര്യത്തിൽ ആരോഗ്യകരമായ മൽസരം തന്നെ പത്രങ്ങൾ തമ്മിലുണ്ട്.

തൊഴിൽപരവും ജീവശാസ്ത്രപരവുമായ വൈവിധ്യങ്ങളെക്കൂടി യഥാർഥത്തിൽ പത്ര പേജുകളും സിമെന്റുകളും പ്രതിനിധീകരിക്കുന്നു. വിദ്യാഭ്യാസം പേജിന്റെ വായനക്കാർ വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ആയിരിക്കും. വാണിജ്യം പേജ്, ബിസിനസ് തത്പരർ ആയിരിക്കുമല്ലോ കൂടുതലായി വായിക്കുന്നത്.

പത്രത്തിലെ ജീവശാസ്ത്രപരമായ വൈവിധ്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത് കുട്ടികൾക്കുള്ള പേജ്, കോളജ് വിദ്യാർഥികൾക്കുള്ള പേജ്, യുവാക്കൾക്കുള്ള പേജ്, വനിതകൾക്കുള്ള പേജ് എന്നിങ്ങനെയുള്ളവയെയാണ്.

ദൃശ്യമാധ്യമങ്ങളെ സംബന്ധിച്ചും, ഘടനാപരമായ വ്യത്യാസം മാറ്റിനിർത്തിയാൽ മുകളിൽ പറഞ്ഞതൊക്കെ ബാധകമാണ്. പത്രം ഒന്നോ, ഏറിയാൽ രണ്ടോ മാത്രമേ സാധാരണ വായനക്കാരനു ലഭ്യമാകൂ. അതുകൊണ്ടു തന്നെ ഇഷ്ടപത്രം തിരഞ്ഞെടുക്കുന്നതിൽ ഒതുങ്ങുന്നു വായനക്കാരന്റെ സ്വാതന്ത്ര്യം. പത്രത്തിലെ ഇഷ്ടവിഭവം തിരഞ്ഞെടുക്കുന്ന കാര്യത്തിലുള്ള സ്വാതന്ത്ര്യം പരിമിതമാണ്.

ദൃശ്യമാധ്യമ രംഗത്താകട്ടെ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം പൂർണമായും പ്രേക്ഷകനാണ്. ഏതു ചാനലെന്നതും ഏതു പരിപാടിയെന്നതുമൊക്കെ ഇഷ്ടാനുസരണം തീരുമാനിക്കാം. കേവലം വിനോദോപാധി എന്ന നിലയിൽ മാത്രമാണ് ദൃശ്യമാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നത്.

വാർത്താചാനൽ വിവത്തിനു ശേഷം വാർത്ത തൽസമയം അറിയാൻ ടിവി ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. പക്ഷേ ടിവി കാണുന്നവരുടെ മൊത്തം എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ വാർത്താ ചാനൽ പ്രേക്ഷകരുടെ എണ്ണം അത്ര വലുതല്ല.

വാർത്താ ചാനലുകളും വിനോദ ചാനലുകളും വിദ്യാഭ്യാസ, വൈജ്ഞാനികമേഖലകൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ഈയിടെയായി കൂടുതൽ സംപ്രേഷണം ചെയ്യുന്നുണ്ട്.

റേഡിയോ ആകട്ടെ ഗതകാല സുവർണകാലവും അയവിറക്കി വീടുകളുടെ മൂലകളിലോ തട്ടിൻപുറത്തോ ഒക്കെ പൊടിപിടിച്ചു കിടക്കുകയായിരുന്നു. അതേസമയം തന്നെ പരമ്പരാഗതമായ ഒരു ന്യൂനപക്ഷം ശ്രോതാക്കൾ എന്നും ആകാശവാണിക്ക് ഉറച്ച പിന്തുണ കൊടുത്തിരുന്നു. എഫ് എം (ഫ്രീക്വൻസി മോഡുലേഷൻ) ചാനലുകളുടെ വരവോടെ റേഡിയോയ്ക്ക് അക്ഷരാർഥത്തിൽ ശാപമോഷം ലഭിക്കുകയായിരുന്നു. വാഹനങ്ങളിലും കടകളിലുമൊക്കെ സദാ പാട്ടൊഴുകിത്തുടങ്ങി. പാട്ടിനിടയ്ക്കു കിട്ടുന്ന പൊടി വാർത്തകളും അറിവിന്റെ നുറുങ്ങുകളും ശ്രോതാക്കൾക്ക് കൂടുതൽ ആസ്വാദ്യമായി. റേഡിയോ പ്രക്ഷേപണ രംഗത്തുണ്ടായ നവോൻമേഷം ആകാശവാണിയുടെ പരമ്പരാഗത പരിപാടികളോടുള്ള താത്പര്യവും കൂട്ടി.

വാർത്താമാധ്യമങ്ങളെ സംബന്ധിച്ച സർവ സങ്കൽപങ്ങളും പൊളിച്ചെഴുതിക്കൊണ്ടായിരുന്നു ഓൺലൈൻ മാധ്യമങ്ങളുടെ വരവ്. കംപ്യൂട്ടറിലൂടെയും മൊബൈൽ ഫോണുകളിലൂടെയും വാർത്തകളും ദൃശ്യങ്ങളും സദാ ഒഴുകിക്കൊണ്ടേയിരിക്കുന്നു.

ആർക്കു വേണമെങ്കിലും വാർത്തകൾ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യാനും എഡിററ് ചെയ്യാനും അപ്പപ്പോൾ പ്രതികരണം അറിയിക്കാനും സാധിക്കും. മാധ്യമങ്ങളെ സംബന്ധിച്ച ഘടനാപരമായ പ്രത്യേകതകളും ഓൺലൈൻ ജേണലിസം തകർത്തു.

പത്രം വായിക്കുന്നതു പോലെ തന്നെ ഇ പേപ്പർ വായിക്കാം. ടിവി കാണുന്ന പോലെ പരിപാടികൾ കാണാം. ചുരുക്കത്തിൽ വായിക്കാനും കാണാനും കേൾക്കാനുമൊക്കെപ്പറ്റുന്ന ഒരു ഏക ജാലക (സിംഗിൾ വിൻഡോ) മാധ്യമ മേഖലയാണ്

## ഇന്റർനെറ്റ്.

ഏറെക്കുറെ ഏകദിശാ കേന്ദ്രീകൃതമായിരുന്ന മാധ്യമങ്ങളെ തുടർച്ചയായി ഇടപെട്ട് ബഹുദിശാപരമാക്കുകയാണ് ഓൺലൈൻ മാധ്യമങ്ങൾ ചെയ്തത്.

മധ്യപൂർവദേശത്ത് അലയടിച്ചുയർന്ന ജനാധിപത്യ വിവത്തിന് വഴിമരുന്നിടാനും ഊർജം പകരാനും ഫേസ് ബുക്കും ട്വിറ്ററും യു ട്യൂബും പോലുള്ള ഓൺലൈൻ ഇടങ്ങൾക്കു സാധിച്ചു. തീർച്ചയായും വരുംകാലത്ത് ഞെട്ടിപ്പിക്കുന്ന പരിവർത്തനങ്ങൾക്കും വിവങ്ങൾക്കും വഴിമരുന്നിടാൻ കഴിവുള്ളവയാണ് ഓൺലൈൻ മാധ്യമങ്ങൾ.

വലിയൊരു വിഭാഗം സാധാരണക്കാർക്ക് നേരിട്ടുള്ള കംപ്യൂട്ടർ ലഭ്യതയോ കംപ്യൂട്ടർ സാക്ഷരതയോ ഇല്ലെന്നുള്ളതാണ് ഇവയുടെ ഒരു പരിമിതി . എന്നാൽ ഒന്നോ രണ്ടോ ദശകത്തിനപ്പുറം ഈ പരിമിതികളെ അപ്രസക്തമാക്കാൻ തക്ക കരുത്തോടെയാണു ഓൺലൈൻ മാധ്യമങ്ങൾ വ്യാപിക്കുന്നത്. മാധ്യമരംഗത്തെ ഈ മാറ്റം കണ്ടറിഞ്ഞു തന്നെയാണ് വൻകിട മാധ്യമ സ്ഥാപനങ്ങൾ പരമ്പരാഗത രീതികൾ വിട്ട് ബഹുവിധ മാധ്യമങ്ങളുടെ പ്ലാറ്റ്ഫോമായി വളരുന്നത്. എല്ലാ പത്രങ്ങൾക്കും ഓൺലൈൻ എഡിഷനുകളുണ്ട്. പത്രസ്ഥാപനങ്ങൾ വാർത്താചാനലുകളും വിനോദചാനലുകളും എഫ്എം റേഡിയോകളും തുടങ്ങുന്ന തിരക്കിലാണ്. പല സ്ഥാപനങ്ങളും ഇതിനു തുടക്കമിട്ടു കഴിഞ്ഞു. നിലനിൽപ്പിനായുള്ള ഈ വൻ വളർച്ചയ്ക്കിടയിൽ അതിജീവനശേഷി കുറഞ്ഞ ചെറുകിട മാധ്യമങ്ങൾ

ഞെരുങ്ങിയമരാനും സാധ്യതയുണ്ട്. ഇത്തരമൊരു മാധ്യമ അന്തരീക്ഷത്തിൽനിന്നാണ് കുട്ടികളും മാധ്യമങ്ങളും എന്ന ഈ അന്വേഷണം ആരംഭിക്കുന്നത്.

●

## അധ്യായം 3

# എന്തുകൊണ്ടു കുട്ടികൾ

മുൻപ് പത്രവായനക്കാരുടെ കൂട്ടത്തിലെ പ്രധാന ഘടകമായിരുന്നില്ല കുട്ടികൾ. പത്രം വായിക്കാനോ വാങ്ങാനോ ശേഷിയുള്ളവരായി കുട്ടികൾ പരിഗണിക്കപ്പെട്ടിരുന്നില്ല എന്നതാവാം കാരണം. ദൃശ്യമാധ്യമങ്ങളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. കുട്ടികളുമായി സംവദിക്കുന്നത് പരസ്യങ്ങൾ മാത്രമായിരുന്നു. അതേസമയം ആകാശവാണി ആദ്യം മുതലേ കുട്ടികളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ രംഗം, ബാലലോകം, രശ്മി തുടങ്ങിയ പരിപാടികൾ പ്രക്ഷേപണം ചെയ്തു. അതുകൊണ്ടുതന്നെ ആദ്യകാലത്ത് കൂടുതൽ ശിശുസൗഹൃദപരമായ മാധ്യമം റേഡിയോ ആയിരുന്നു .

കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ സ്വതന്ത്രമായ മറ്റൊരു മേഖലയായിത്തന്നെ നിന്നു. മുഖ്യാധാരാ മാധ്യമങ്ങൾ കുട്ടികളെ തങ്ങളുടെ ടാർഗറ്റ് ഗ്രൂപ്പിന്റെ ഏഴയലത്തുപോലും സങ്കൽപിച്ചിരുന്നില്ല. മാറിയ സാഹചര്യങ്ങൾ കുട്ടികളെ മുഖ്യധാരാ മാധ്യമ രംഗത്തെ സുപ്രധാന ഘടകങ്ങളിലൊന്നാക്കിയിരിക്കുന്നു. മലയാള മാധ്യമ രംഗത്തും അൽപം വൈകിയാണെങ്കിലും മാറ്റം ദൃശ്യമായി. പത്രങ്ങളിൽ കുട്ടികൾക്കായി പ്രത്യേക പേജുകൾ, ടിവി ചാനലുകളിൽ കുട്ടികൾക്കുള്ള പരിപാടികൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്.

## എന്താണ് ഈ മാറ്റത്തിനു കാരണം?

സാങ്കേതിക വിദ്യ വികസിച്ചതോടെ മാധ്യമങ്ങളുടെ വൈവിധ്യവും വൈപുല്യവും ഏറി. അച്ചടി, ടെലിവിഷൻ, റേഡിയോ മാധ്യമങ്ങളുടെ സംഗമകേന്ദ്രമായി ഓൺലൈൻ എഡിഷനുകളുണ്ടായി. വായനക്കാർ സ്വീകർത്താവ് എന്ന നിലയിൽനിന്ന് മാധ്യമ പ്രവർത്തനത്തിൽ സജീവ ഇടപെടലുകൾ നടത്തുന്നവരായി. മാധ്യമങ്ങൾ കുട്ടികളുടെ കയ്യെത്തുംദൂരത്താണ്. അവ കുട്ടികളുടെ മാനസിക വികാസത്തെ സ്വാധീനിക്കുന്ന ഏറ്റവും വലിയ ഘടകമായിരിക്കുന്നു. അതു കൊണ്ടു തന്നെ കരുതലോടും ശ്രദ്ധയോടും കൂടി മാധ്യമങ്ങളെ കൈകാര്യം ചെയ്യേണ്ടത് മാധ്യമ പ്രവർത്തകരെ സംബന്ധിച്ചും വായനക്കാരെ സംബന്ധിച്ചും സുപ്രധാനമായി.

എന്നാൽ മലയാള മാധ്യമ രംഗത്ത് ഈ ദിശയിലുള്ള പഠനം കുറവാണ്. ആനുകാലികങ്ങളിൽ ഇടയ്ക്കു പ്രത്യക്ഷപ്പെടാറുള്ള ലേഖനങ്ങൾ മാത്രമാണ് അപവാദം. ഭാവിവായനക്കാരും പ്രേക്ഷകരുമായി കുട്ടികളെ വളർത്തിക്കൊണ്ടു വരേണ്ടതിന്റെ പ്രാധാന്യം മാധ്യമസ്ഥാപനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടേയുള്ളൂ.

## ജാഗ്രത വേണം

കുട്ടികളുടെ അവകാശങ്ങൾ സ്കൂളിലും പൊതുസമൂഹത്തിലും വീട്ടിൽപ്പോലും ലംഘിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. ബാലവേല കേരളത്തിലും കുറവല്ല. അതുപോലെ തന്നെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ (ങഋചഠഅഘ ഘഋഅഞചകചഏ ഉകടഅആ കഘകഠഥ) നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങളും ഏറെയാണ്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ മലയാള മാധ്യമങ്ങൾ എത്രത്തോളം ഫലപ്രദമായി കൈകാര്യം ചെയ്യുന്നു എന്നത് ആത്മവിമർശനപരമായി ചിന്തിക്കേണ്ടതാണ്. അതുപോലെ തന്നെ കുട്ടികളെ ബാധിക്കുന്ന വാർത്തകളിലും മറ്റു പരിപാടികളിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

പത്രങ്ങൾ, മാസികകൾ, ടിവി ചാനലുകൾ, റേഡിയോ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിങ്ങനെ ഘടനയിലും രൂപത്തിലും വൈവിധ്യമാർന്ന മാധ്യമങ്ങളിലൂടെ അറിവിന്റെയും വിനോദത്തിന്റെയും വിസ്മയ ലോകമാണ് യുവതലമുറയ്ക്കു തുറന്നുകിട്ടുന്നത്. നിയന്ത്രണങ്ങൾ അസാധ്യമാക്കും വിധം വിവരങ്ങളുടെ കുത്തൊഴുക്കാണ്.

ഒരു ഭാഗത്ത് സിനിമകളും മറ്റും സെൻസർ ചെയ്തും റിപ്പോർട്ടിങ്ങിന് മാർഗനിർദേശങ്ങൾ ഏർപ്പെടുത്തിയുമൊക്കെ കുട്ടികൾക്ക് അനഭിലഷണീയമായ പ്രവണതകളെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ മറുവശത്ത് വീട്ടിലെയും ഇന്റർനെറ്റ് കഫെകളിലെയും സ്വകാര്യതകളിൽ കംപ്യൂട്ടറും മൊബൈൽഫോണും വഴി കുട്ടികൾ തുറന്നെടുക്കുന്ന ലോകം അരുതുകൾ ഒട്ടുമില്ലാത്തതാണ്.

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വലിയൊരു വിഭാഗം കുട്ടികൾക്ക് ഇന്നും ടിവിയും റേഡിയോയും തന്നെയാണ് മുഖ്യമായും ആശ്രയിക്കാനാകുന്ന മാധ്യമങ്ങൾ. ഇന്റർനെറ്റ് പോലുള്ള പുതുമാധ്യമങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് ഇറങ്ങിവന്നുകൊണ്ടിരിക്കുന്നതേയുള്ളൂ.

ടിവി പോലുള്ള മാധ്യമങ്ങളിൽ കുട്ടികൾക്കു യോജിക്കുന്ന ഗുണമേൻമയുള്ള പരിപാടികളുടെ കുറവ് വലിയൊരു പ്രശ്നമാണ്. അതിനു പകരം മുതിർന്ന ശരാശരി പ്രേക്ഷകർക്കു വേണ്ടി ഉണ്ടാക്കുന്ന അക്രമവും കലഹവും ആശാസ്യമല്ലാത്ത മൂല്യങ്ങളും കുത്തിത്തിരുകിയ, വൈവിധ്യം ഒട്ടുമില്ലാത്ത പരിപാടികൾ കുട്ടികളും കാണേണ്ടിവരുന്നു. (ടിവി കുട്ടികളിലുണ്ടാക്കുന്ന സ്വാധീനം ഇത്തരമൊരു പഠനത്തിൽ വിശദ പരിഗണന അർഹിക്കുന്നതിനാൽ പത്താം അധ്യായത്തിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്).

## മാധ്യമങ്ങളുടെ മോശം സ്വാധീനം

മാധ്യമങ്ങൾ കുട്ടികളിൽ ഒരുപാടു ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നുവെന്നതിൽ തർക്കമില്ല. അതേസമയം മാധ്യമ സ്വാധീനം മൂലം പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. അത്തരം ചില പ്രവണതകൾക്ക് ഉദാഹരണങ്ങൾ:

* കുട്ടികളുടെ സ്വഭാവരൂപീകരണത്തിലെ നിർണായക ഘടകങ്ങളായ കുടുംബം, സ്കൂൾ, സമൂഹം തുടങ്ങിയവയുടെ സ്വാധീനം കുറയാനിടയാക്കുന്നു.

*സാമൂഹിക സഹകരണം കുറയാനിടയാക്കുന്നു.

*ജീവിതമൂല്യങ്ങളെ സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടാകാനിടയുണ്ട്. പ്രത്യേകിച്ച് പല രാജ്യങ്ങളിൽനിന്നുള്ള പരിപാടികൾ കാണുമ്പോൾ.

*പരസ്യങ്ങളും വാർത്ത അല്ലെങ്കിൽ പരിപാടികളും തമ്മിലുള്ള

അതിർവരമ്പുകൾ തിരിച്ചറിയാൻ ചെറിയ കുട്ടികൾക്കു കഴിയാതെ പോകുന്നു.

*ടിവിയിലും മറ്റുമുള്ള അതിഭാവുകത്വം നിറഞ്ഞ ലോകം നിരന്തരം കാണുന്ന കുട്ടികൾ ജീവിത യാഥാർഥ്യങ്ങളെ മനസിലാക്കാൻ കെൽപില്ലാത്തവരായി മാറിയേക്കാം.

*സഹിഷ്ണുതയും ക്ഷമയും കുറയാനും സാധ്യതയുണ്ട്.

*സർഗാത്മകത, സംസ്കാരം എന്നിവയിൽ നിന്ന് കുട്ടികൾ അകലാൻ ഇടയാക്കിയേക്കാം.

*രക്ഷിതാക്കളുമായി പ്രശ്നങ്ങൾ നേരിട്ടു ചർച്ച ചെയ്യാനുള്ള അന്തരീക്ഷം ഇല്ലാത്ത കുടുംബങ്ങളിലെ കുട്ടികൾ വ്യക്തിബന്ധങ്ങൾ, ലൈംഗികത, എയിഡ്സ്, ലഹരി തുടങ്ങിയവയെ സംബന്ധിച്ചൊക്കെ ആശയ രൂപീകരണം നടത്തുന്നത് മാധ്യമങ്ങളിൽനിന്നു കിട്ടുന്ന അപൂർണമോ ചിലപ്പോൾ വികലമോ ആയ ധാരണകളുടെ വെളിച്ചത്തിലാകാം.

അറിവിന്റെയും അനുഭവത്തിന്റെയും ചക്രവാളം വികസിക്കാനും വിമർശനാത്മകമായി ചിന്തിക്കാനും കുട്ടികളെ സഹായിക്കുന്നു എന്നത് മാധ്യമ സ്വാധീനത്തിന്റെ നല്ല വശമാണ്. 2001ൽ യുനസ്കോ പ്രസിദ്ധീകരിച്ച ഇയർബുക്ക് ഔട്ട്ലുക്ക്സ് ഓൺ ചിൽഡ്രൻ ആൻഡ് മീഡിയയിൽ ഇങ്ങനെ പറയുന്നു; കുട്ടികളുടെ ആത്മാഭിമാനവും ശക്തിയും ചിന്തകളും പ്രകടിപ്പിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും വേണം. സമൂഹത്തിന്റെ ഭാഗമാണ് കുട്ടികളും എന്ന ബോധം വളർത്തണം. സ്വന്തം നാടിന്റെ സംസ്കാരത്തെപ്പറ്റി അറിവുണ്ടാകണം. മറ്റുള്ളവരെ മനസിലാക്കുന്നതിനുള്ള തിരിച്ചറിവും കുട്ടികളിൽ ഉണ്ടാകണം. കുട്ടികളുടെ സ്വന്തം സ്വപ്നങ്ങളും പ്രാദേശികമായ സംസ്കാരവുമൊക്കെ മാധ്യമങ്ങൾ ഏഴുതുകയോ കാണിക്കുകയോ ചെയ്യണം.

കുട്ടികളുടെ കഴിവുകളും ജിജ്ഞാസയും വർധിപ്പിക്കുകയും മാധ്യമങ്ങളെ സംബന്ധിച്ചു വിമർശനാത്മകമായി ചിന്തിക്കാനുള്ള ശേഷി വളർത്തുകയും വേണം.

സമൂഹത്തിൽ കൂടുതൽ സജീവമായി ഇടപെടാൻ കുട്ടികളെ പ്രാപ്തരാക്കണം.കുട്ടികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച കവറേജ്

മെച്ചപ്പെടുത്തുകയും വേണം.

കേരളത്തിൽ മാധ്യമങ്ങളും കുട്ടികളും എന്ന വിഷയത്തെപ്പറ്റി ഗൗരവമായ പഠനങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാധ്യമങ്ങളെ എങ്ങനെ കൂടുതൽ ശിശുസൗഹൃദപരമാക്കാം എന്ന ആലോചനകൾ നടന്നിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട രാജ്യാന്തര സമ്മേളനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

●

### അധ്യായം 4

# പത്രം വീട്ടിലും സ്കൂളിലും

പത്രത്തിൽ കുട്ടികൾ എങ്ങനെ പ്രതിനിധീകരിക്കപ്പെടുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് കുട്ടികൾ പത്രങ്ങളെ എങ്ങനെ ഉപയോഗിക്കുന്നു എന്നത്.

അക്ഷരം കൂട്ടിവായിക്കുന്ന പ്രായത്തിൽ തന്നെ കുട്ടികളെ പത്രവായനയിലേക്കു നയിക്കുന്നത് ഏറെ ഗുണം ചെയ്യും. (എൽപി ക്ലാസ് മുതലേ പത്രത്തിലേക്ക് കുട്ടികളെ നയിക്കേണ്ടതു രക്ഷിതാക്കളുടെകൂടി കടമയാണ്).

പത്രവായന ശീലമായ കുട്ടികൾ മറ്റു കുട്ടികളെക്കാൾ ഭാഷയുടെ കാര്യത്തിലും പൊതുവിജ്ഞാനത്തിന്റെ കാര്യത്തിലും ഏറെ മുന്നിലാണെന്നത് പല പഠനങ്ങളിലും തെളിഞ്ഞിട്ടുണ്ട്.

(കുട്ടികളിലെ പത്രവായനയെപ്പറ്റി ഈ പഠനത്തിനു വേണ്ടി നടത്തിയ സർവേയുടെ ഫലങ്ങൾ 16ാം അധ്യായത്തിലുണ്ട്.)

പക്ഷേ പല വീടുകളിലും പത്രം മുതിർന്നവർക്കുള്ള വായനാസാമഗ്രിയാണ്. വിദ്യാഭ്യാസം കമ്പോളവൽക്കരണത്തിനു വർധിച്ച തോതിൽ വിധേയമാക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഇക്കാലത്ത് ട്യൂഷനും കാണാപ്പാഠം പഠിക്കുന്നതിനുമാണ് വരേണ്യം എന്നു കരുതപ്പെടുന്ന മിക്കവാറും സ്കൂളുകളിൽ പ്രാധാന്യം നൽകുന്നത്.

ശിശുമനശ്ശാസ്ത്രവും വിദ്യാഭ്യാസത്തിന്റെ യഥാർഥ ലക്ഷ്യമായ സമഗ്ര വ്യക്തി വികാസവുമൊക്കെ ഏട്ടിൽ മാത്രമാകുന്നു. പ്രൈമറി സ്കൂൾ പഠനത്തിനു പോലും ബാങ്ക് വായ്പ എടുക്കാൻ രക്ഷിതാക്കൾ

തയാറാകുന്ന തരത്തിലേക്ക് വിദ്യാഭ്യാസം സംബന്ധിച്ച കാഴ്ചപ്പാട് അധഃപതിച്ചിരിക്കുന്നു.

ഫലമോ, കുട്ടി ചെറുപ്രായത്തിൽ തന്നെ ട്യൂഷന്റെയും കാണാപ്പാഠം പഠിക്കലിന്റെയും പിടിയിലാകുന്നു. കളിച്ചും ചിരിച്ചും വളരാനുള്ള കുട്ടിയുടെ അവകാശം നിഷേധിക്കപ്പെടുന്നു. അറിവിന്റെ വിശാലമായ ലോകം കൊട്ടിയടയ്ക്കപ്പെടുന്നു.

## വീട്ടിൽ

പത്രവായനയെ സംബന്ധിച്ച പൊതു ചിത്രം തന്നെ വീടിന്റെ ഉമ്മറത്തിരുന്നു ചൂടുചായയ്ക്കൊപ്പം പത്രം വായിച്ചിരിക്കുന്ന വീട്ടുകാരന്റേതാണല്ലോ. പത്രം വീട്ടിലെ മുതിർന്ന ആളുടേതാണ് എന്ന ആ മനോഭാവം മാറിയേ തീരൂ.

പങ്കിട്ടു വായിക്കാനുള്ളതാണു പത്രം. സ്കൂളിൽ പോകുന്നതിനു മുൻപ് പത്രം ഒന്ന് ഓടിച്ചുവായിക്കുന്നതിനെങ്കിലും കുട്ടിക്ക് അവസരം ലഭിക്കണം. രാവിലെ സമയം ലഭിച്ചില്ലെങ്കിൽ വൈകുന്നേരമെങ്കിലും കുട്ടികൾ പത്രം വായിക്കുന്നുവെന്ന് വീട്ടുകാർ ഉറപ്പാക്കണം. കാരണം ഏതു ട്യൂഷനെക്കാളും ഫലം തരുന്ന പഠന സാമഗ്രിയാണു പത്രം. കേരളത്തിലെ സ്റ്റേറ്റ് സിലബസ് സ്കൂളുകളിൽ വിദ്യാഭ്യാസ പരിഷ്കരണത്തിന്റെ ഫലമായി പുതിയ പാഠ്യപദ്ധതി വന്നതോടെ പഠനത്തിനും അതിനുള്ള തയാറെടുപ്പിലും പത്രങ്ങൾക്കും പുസ്തകങ്ങൾക്കും പ്രാധാന്യം കൈവന്നു.

വാർത്താഡയറി എഴുതുന്ന ശീലം വന്നു. സ്കൂൾ അസംിയിൽ വാർത്ത വായിക്കാൻ വേണ്ടി കുട്ടികൾ പത്രം വായിക്കാൻ തുടങ്ങി. മികച്ച അധ്യാപകർ ഉള്ള സ്കൂളുകളിൽ അതു തുടരുന്നുമുണ്ട്. അതുകൊണ്ടു തന്നെ പഠന സാമഗ്രി കൂടിയാണ് എന്ന തിരിച്ചറിവോടെ വേണം വീട്ടിലും പത്രത്തെ കൈകാര്യം ചെയ്യാൻ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ആയിരക്കണക്കിനു പേരുടെ അധ്വാനത്തിന്റെ ഫലമാണ് ഓരോ ദിവസത്തെ പത്രവും. ലോകത്തിന്റെ കണ്ണാടിയാണത്. പൊതുവിജ്ഞാനവും വായനയിലെ വേഗവും മാത്രമല്ല, സാമൂഹിക അവബോധവും അക്ഷരത്തെറ്റില്ലാതെ എഴുതാനുള്ള കഴിവും പദസമ്പത്തും ഒക്കെ പത്രവായനയിലൂടെ വളരും.

## സ്കൂളിൽ

കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കേരളത്തിലെ സ്കൂളുകളിൽ(പ്രത്യേകിച്ച് പൊതുവിദ്യാലയങ്ങളിൽ) പത്രത്തിന്റെ പ്രാധാന്യം ഏറെ വർധിച്ചു. പത്രം ാസ് മുറിയിലെ സജീവ പഠനസാമഗ്രിയായി മാറി.

പുതിയ പാഠ്യപദ്ധതിയിൽ പത്രവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾക്ക് പ്രമുഖ സ്ഥാനം ലഭിച്ചു. അസംബ്ലിയിലും ാസിലും ദിവസേന വാർത്ത അവതരിപ്പിക്കുക, വാർത്താബോർഡിൽ വിവിധ ഗ്രൂപ്പുകളായി കുട്ടികൾ വാർത്ത എഴുതിയിടുക തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടക്കാറുണ്ട്.

എഡിറ്റോറിയൽ എഴുതുക, വാർത്ത തയാറാക്കുക, തലക്കെട്ടിടുക, അടിക്കുറിപ്പ് തയാറാക്കുക, കയ്യെഴുത്തു മാസിക ഉണ്ടാക്കുക, ചുവർ മാസിക തയാറാക്കുക തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സാമഗ്രിയാണു പത്രം. ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിൽ പത്രാധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. (പത്രവുമായി ബന്ധപ്പെട്ട ചില പഠനപ്രവർത്തനങ്ങൾ അനുബന്ധം 3ൽ കാണുക). വിദ്യാഭ്യാസത്തിൽ പത്രങ്ങളുടെ പങ്കു വർധിച്ചതും പാഠ്യപദ്ധതിയിൽപ്പോലും പത്രങ്ങൾ സ്ഥാനം നേടിയതും കേരളത്തിൽ മാത്രം സംഭവിച്ച കാര്യമല്ല. രാജ്യാന്തര തലത്തിൽ തന്നെ ഉണ്ടായ മാറ്റമാണത്. താരതമ്യേന താങ്ങാവുന്ന വിലയുള്ളതും കിട്ടാൻ എളുപ്പമായതുമായ പത്രം വിദ്യാഭ്യാസത്തിൽ കൂടുതൽ ഉപയോഗിക്കപ്പെട്ടു. ഈ അവസരം പത്രങ്ങളുടെ പ്രചാര വർധനയ്ക്കുള്ള വൻ അവസരം തുറന്നിടുന്നതായി പത്ര സ്ഥാപനങ്ങളും തിരിച്ചറിഞ്ഞു. ന്യൂസ്പേപ്പർ ഇൻ എജ്യുക്കേഷൻ എന്നൊരു പ്രസ്ഥാനം തന്നെ രാജ്യാന്തരതലത്തിൽ ആരംഭിക്കപ്പെട്ടു (ഇതേപ്പറ്റി 14ാം അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്.)

പത്രങ്ങളും സ്കൂളുകളുമായി ചേർന്ന് ഒട്ടേറെ പരിപാടികൾ സംഘടിപ്പിക്കാൻ തുടങ്ങി. സ്കൂളുകളിൽ പത്രങ്ങളുടെ സ്വീകാര്യത വർധിച്ചു. പല പത്രങ്ങളും പ്രചാര വർധന ലക്ഷ്യമിട്ട് മാർക്കറ്റിങ് പരിപാടികളും ആരംഭിച്ചു. സ്കൂളുകളിൽ സ്പോൺസർമാരുടെ സഹായത്തോടെ പത്രങ്ങളുടെ കൂടുതൽ കോപ്പികൾ ലഭ്യമാക്കുന്നതിനുള്ള പരിപാടികളും ഇതിന്റെ ഭാഗമായി ആരംഭിച്ചു.

മലയാള മനോരമയുടെ വായനക്കളരി, മാതൃഭൂമിയുടെ മധുരം മലയാളം തുടങ്ങിയവ ഉദാഹരണം.

എന്നാൽ പത്രപ്രവർത്തനത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയും പത്രങ്ങൾ എങ്ങനെ പഠനത്തിൽ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാമെന്നതിനെ സംബന്ധിച്ചും അധ്യാപകർക്കും വിദ്യാർഥികൾക്കും ധാരണക്കുറവുണ്ട്.

പുതുതലമുറ പത്രത്തിൽ നിന്നകലുന്നുവെന്ന പരിദേവനങ്ങൾ ഇല്ലാതാക്കി പത്രങ്ങളുടെ ശോഭനമായ ഭാവി ഉറപ്പാക്കുന്നതിനായി പത്ര സ്ഥാപനങ്ങൾ ഈ മേഖലയിൽ വർധിച്ച തോതിലുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്.

●

### അധ്യായം 5

# മാധ്യമങ്ങളിൽ കുട്ടികൾക്കായി.....

പത്രത്തിന്റെ വിവിധ ഭാഗങ്ങൾ പരിശോധിച്ചാലോ? കുട്ടികൾക്കു പ്രയോജനപ്പെടുന്നതും അവർ അറിയേണ്ടതുമായ വാർത്തകളുമായി വിദ്യാഭ്യാസ പേജ് മിക്ക പത്രങ്ങൾക്കുമുണ്ട്. പഠനകാര്യങ്ങളിൽ നേരിട്ടു സഹായം നൽകുന്ന സ്കൂൾ പേജുകളും മിക്ക പത്രങ്ങൾക്കുമുണ്ട്. കുട്ടികൾ പത്രത്തെ വൻതോതിൽ ആശ്രയിക്കുന്നതിന് ഇവ സഹായിച്ചു. മറ്റു വാർത്തകളിലും കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് മോശമല്ലാത്ത സ്ഥാനം തന്നെയുണ്ട്.

എസ്എസ്എൽസി, ഹയർ സെക്കൻഡറി തുടങ്ങിയ പരീക്ഷാഫലങ്ങൾ, വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ, യുവജനോൽസവം, കായികമേള, ശാസ്ത്രമേള തുടങ്ങിയവ വാർത്തകളുടെ സ്ഥിരം വിഷയങ്ങളാണ്. അപകടങ്ങളിലും മറ്റു ദുരന്തങ്ങളിലുമൊക്കെ കുട്ടികളുമായി ബന്ധപ്പെട്ട ആംഗിളുകൾക്ക് പ്രത്യേക പ്രാധാന്യം ലഭിക്കുന്നു.

പത്രങ്ങൾ ആഘോഷപൂർവം റിപ്പോർട്ട് ചെയ്തിരുന്ന ചില സ്കൂൾ വാർത്തകളിൽ വന്ന മാറ്റവും ശ്രദ്ധേയമാണ്. സ്കൂളുകളിൽ മാർക്കിനു പകരം ഗ്രേഡ് വരുകയും എസ്എസ്എൽസിക്ക് റാങ്ക് ഇല്ലാതാകുകയും ചെയ്തതോടെ പത്താം ാസ്പരീക്ഷാഫലം റിപ്പോർട്ട് ചെയ്തിരുന്നതിന്റെ പകിട്ട് കുറഞ്ഞിരിക്കുന്നു. മുൻപ് പത്രം ഓഫിസുകളിൽ തന്നെ റിസൾട്ട് ഒട്ടിക്കുന്ന പതിവുണ്ടായിരുന്നു. അതു നോക്കാൻ പത്രം ഓഫിസുകളിൽ വൻ ജനപ്രവാഹമായിരുന്നു. ഒന്നാം പേജിലെ പ്രധാന വാർത്ത തന്നെ റാങ്ക് ജേതാക്കളുടെ വിവരങ്ങളായിരുന്നു. മൂന്നാം നാലും പേജു നീളുന്ന വിശേഷങ്ങളും ബാക്കി ജയിച്ചവരുടെ റജിസ്റ്റർ നമ്പരുകളുമായിരുന്നു. മറ്റു

വാർത്തകൾ ആ ദിവസം തീരെക്കുറവായിരുന്നു.

ഇപ്പോഴോ, ഫലം പ്രഖ്യാപിച്ചു എന്നതിനു പുറമെ റിസൾട്ട് കിട്ടുന്ന വെബ്സൈറ്റ് വിലാസങ്ങളും ചില സ്ഥിതിവിവിരക്കണക്കുകളും മാത്രം. പത്രത്തിന്റെ 80% സ്ഥലം അപഹരിച്ചിരുന്ന സംഭവം ഏറിയാൽ ഒരു പേജ് എന്ന നിലയിലായി.

അതുപോലെ തന്നെ ഹയർ സെക്കൻഡറിയുടെ പ്രാധാന്യം കൂടിയിട്ടുണ്ട്. എന്നാൽ മാധ്യമങ്ങൾക്ക് ഇപ്പോഴും പ്രധാനം എസ്എസ്എൽസിയാണ്. കുട്ടികൾക്കുള്ള പേജുകളിൽ പ്രസിദ്ധീകരിക്കുന്നത് പത്താം ാസ് പഠനസഹായിയാണ്. എന്നാൽ മാറിയ സാഹചര്യത്തിൽ ഹയർസെക്കൻഡറിയാണ് സ്കൂൾ ഫൈനലെന്നും വഴിത്തിരിവാകുന്ന കോഴ്സെന്നുമുള്ള ധാരണ പൊതു സമൂഹത്തിൽ ഉണ്ടാക്കാനും അതിന് അനുസൃതമായി വാർത്തകൾ അവതരിപ്പിക്കാനും മാധ്യമങ്ങൾ മുൻകയ്യെടുക്കണം. ഹയർ സെക്കൻഡറി കഴിഞ്ഞുള്ള കോഴ്സുകളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ നൽകണം.

കേരളീയ സമൂഹത്തെ ബാധിച്ചിരിക്കുന്ന മറ്റൊരു പ്രവണതയാണ് എൻട്രൻസ് ജ്വരം. സ്വാശ്രയ കോളജുകൾ മുക്കിന് മുക്കിന് ഉയർന്നു വന്നതോടെ 12 കഴിഞ്ഞാൽ എൻജിനീയറിങ് അല്ലെങ്കിൽ മെഡിസിൻ എന്നതാണു സ്ഥിതി. മെരിറ്റെങ്കിൽ മെരിറ്റ്, കാശെങ്കിൽ കാശ് ഇതിനിടയിൽ പണമില്ലാത്ത മാതാപിതാക്കൾക്ക് ജനിച്ചു എന്ന കുറ്റം കൊണ്ട് ഇഷ്ടമുള്ള കോഴ്സ് പഠിക്കാൻ കഴിയാതെ പോകുന്നവരുടെ സങ്കടം ആരു കാണാൻ. ഈ എൻട്രൻസ് ജ്വരം മനസിലാക്കിയാണു മാധ്യമങ്ങൾ അതുമായി ബന്ധപ്പെട്ട വാർത്തകൾക്ക് ഏറെ പ്രാധാന്യം നൽകുന്നത്. അതിനൊത്ത് ഈ പ്രവണത കൂടുകയും ചെയ്യും. ഇത്തരം കാര്യങ്ങളിൽ വായനക്കാർക്ക് പിന്നാലെ പായുന്നതിനു പകരം മുൻപിൽ കയറി വായനക്കാരെ ശരിയായി നയിക്കേണ്ടതു മാധ്യമങ്ങളുടെ സാമൂഹികമായ ഉത്തരവാദിത്തമാണ്.

യുവജനോൽസവം, കായിക മേള, ശാസ്ത്രമേള എന്നിവയിലെയും റിപ്പോർട്ടിങ് രീതികൾക്കു മാറ്റം വന്നിട്ടുണ്ട്. ഇവയിൽ കാര്യമായ മാറ്റം വരാത്തത് സ്കൂൾ കായികമേള റിപ്പോർട്ടിങ്ങിനാണ്. യുവജനോൽസവങ്ങളിൽ ഗ്രേഡിങ് വന്നതോടെ വർണപ്പൊലിമ കുറഞ്ഞെങ്കിലും കൂടുതൽ ആരോഗ്യകരമായി.

മാധ്യമങ്ങളാകട്ടെ മൽസരച്ചൂടിനു പകരം കലയിലെ മാനവികാംശങ്ങൾ തിരഞ്ഞുള്ള ഹ്യുമൻ ഇന്ററസ്റ്റ് സ്റ്റോറികൾക്കു പിന്നാലെയാണു പാച്ചിൽ. തീർച്ചയായും അതു നല്ല മാറ്റമാണ്.

ചിലങ്കയും നൃത്ത വസ്ത്രങ്ങളും കടംവാങ്ങി വന്ന് കയ്യടിനേടിയവരുടെയും മറ്റും കഥകൾ ആവേശമുണർത്തും. അതേസമയം വൃക്ക വിറ്റുപോലും കുട്ടിയെ യുവജനോൽസവ വേദിയിലെത്തിച്ച അമ്മമാരെ ഗ്ലോറിഫൈ ചെയ്യുന്നത് തെറ്റായ സന്ദേശമാകില്ലേ നൽകുന്നത്.

യുവജനോൽസവ റിപ്പോർട്ടിങ്ങിനും പേജ് ഡിസൈനിലുമൊക്കെ ആരോഗ്യകരമായ മൽസരമാണ് മാധ്യമങ്ങൾ തമ്മിലുള്ളത്. പുതുമയേറിയ പല മൽസരങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. അതേസമയം, യുവജനോൽസവം കാണാൻ വരുന്നവരുടെ വസ്ത്രം പത്രം നിർദേശിക്കുന്ന നിറത്തിലുള്ളതാണെങ്കിൽ സമ്മാനം നൽകുന്ന പോലുള്ളവ ബാലിശമായ മൽസരങ്ങളല്ലേ എന്നും കുട്ടികളിൽ എന്തു സന്ദേശമാണവ പകരുന്നതെന്നും കൂടി ആലോചിക്കണം.

കാണാതാകുന്ന കുട്ടികളെ സംബന്ധിച്ച റിപ്പോർട്ടിങ് പലപ്പോഴും കുട്ടികളെ തിരികെ കിട്ടാൻ സഹായകമാകാറുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട ദുരന്തങ്ങളുണ്ടാകുമ്പോൾ അത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള വഴികൾ പ്രസിദ്ധീകരിക്കുന്ന വളരെ ഗുണകരമായ പ്രവണത ഈയിടെയായി പത്രങ്ങളിൽ കാണുന്നുണ്ട്. അത്തരം മൂല്യവർധിത റിപ്പോർട്ടിങ് പത്രങ്ങളുടെ സാമൂഹിക പ്രതിബദ്ധത വർധിപ്പിക്കും.

ടെലിവിഷനിലും കുട്ടികളെ ലക്ഷ്യമിട്ടുള്ള പരിപാടികളുടെ എണ്ണത്തിൽ വർധന ഉണ്ടായിട്ടുണ്ട്. (അതേപ്പറ്റി വിശദമായി പത്താം അധ്യായത്തിലുണ്ട്). കുട്ടികൾക്കു മാത്രമായി മലയാളത്തിൽ ചാനൽ ആരംഭിക്കുന്നിടത്തോളം എത്തി ആ വളർച്ച (സൂര്യയുടെ കൊച്ചു ടിവി). ശിശുസൗഹൃദ പരിപാടികളുടെ കാര്യത്തിൽ റേഡിയോ പണ്ടേ കരുത്തു തെളിയിച്ചിട്ടുണ്ട്. എന്നാൽ ബാലലോകത്തിന്റെയും രശ്മിയുടെയുമൊക്കെ കാലത്തുനിന്ന് കാര്യമായ മുന്നോട്ടു പോക്ക് ഉണ്ടായിട്ടില്ല എന്നത് ആകാശവാണിയുടെ പരിമിതി തന്നെയാണ്.

പുതുതലമുറ മാധ്യമമായ ഓൺലൈനിലും കുട്ടികളുടെ പങ്കാളിത്തവും പ്രയോഗവും ഏറെ വർധിച്ചുവരുന്നു.

പല പത്രങ്ങളും അവരുടെ ഓൺലൈൻ എഡിഷനിൽ കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക ചാനലുകൾ ഒരുക്കിയിട്ടുണ്ട്. (വിശദമായി 13ാം അധ്യായത്തിൽ ചർച്ച ചെയ്യുന്നുണ്ട്.)

●

## അധ്യായം 6

# കുട്ടികളെ റിപ്പോർട്ട് ചെയ്യുമ്പോൾ

കുട്ടികളോ അവരുടെ പ്രശ്നങ്ങളോ ഉൾപ്പെട്ട വാർത്തകളും സംഭവങ്ങളും ദിവസേന എന്നോണം മാധ്യമങ്ങളിൽ വരാറുണ്ട്. അത്തരം വാർത്തകളിൽ വായനക്കാരന്റെ പക്ഷത്തുനിന്നു ചിന്തിച്ച് അവർക്ക് ഏറ്റവും ഇഷ്ടമാകുന്ന തരത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുക എന്ന പതിവു റിപ്പോർട്ടിങ്, എഡിറ്റിങ് നയം തന്നെയാണ് പിന്തുടരുന്നത്.

ദുരന്തമുഖങ്ങളിൽപ്പെടുന്ന കുട്ടികളെ ഹൈലൈറ്റ് ചെയ്തു വാർത്ത കൊടുക്കുന്നത് ദുരന്തത്തിന്റെ ഭീകരത ജനഹൃദയങ്ങളിലെത്തിക്കാൻ ഉപകാരപ്പെടുമെങ്കിലും അത് ആ കുട്ടികൾക്കും ബന്ധുക്കൾക്കു മുണ്ടാക്കുന്നപ്രയാസംകൂടി പരിഗണിക്കപ്പെടേണ്ടതുണ്ട്.

കാസർകോട്ടെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ ജനിക്കുന്ന വൈകല്യം ബാധിച്ച കുട്ടികളുടെ ചിത്രവും ദൃശ്യവും മാധ്യമങ്ങളിൽ ആവർത്തിച്ചാവർത്തിച്ചു വരുന്നത് ഉദാഹരണം.

കുട്ടികൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗമാണെന്നും അവർ ഉൾപ്പെട്ട സംഭവങ്ങളും വാർത്തകളും അവതരിപ്പിക്കുമ്പോൾ പാലിക്കപ്പെടേണ്ടത് പ്രത്യേക മാനദണ്ഡങ്ങളാണെന്നുമുള്ള ധാരണ മാധ്യമപ്രവർത്തന പരിശീലനങ്ങളിലോ മാധ്യമ സ്ഥാപനങ്ങളിലോ നൽകുന്നില്ല.

വാഹനാപകടത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞിന്റെ ഭാൺ അപ് ചെയ്ത ദയനീയ മുഖവും ആരുടെയും കരളലിയിക്കുന്ന

ഭാഷയിലുള്ള സങ്കടചിത്രീകരണവും കുട്ടിയുടെ ഏതെങ്കിലും തരത്തിലുള്ള അവകാശലംഘനമാകുന്നുണ്ടോ എന്ന് ആരും പരിശോധിക്കാറില്ല.

എന്നു മാത്രമല്ല, ഒറ്റപ്പെട്ടു പോയ ആ കുട്ടിയുടെ വാക്കുകളും ചിന്തകളുമായി അവതരിപ്പിക്കുന്ന കാര്യങ്ങൾ മിക്കപ്പോഴും ലേഖകരുടെ ഭാവനാവിലാസങ്ങളുമായിരിക്കും. ഓരോ കുട്ടിയും വേറിട്ട ഒരു വ്യക്തിയാണെന്നും നിയമപരമായിത്തന്നെ ഒട്ടേറെ അവകാശങ്ങൾ അവൾക്കോ അവനോ ഉണ്ടെന്നുമുള്ള വസ്തുത മാധ്യമലോകം ഇനിയും ശ്രദ്ധിച്ചു തുടങ്ങിയിട്ടില്ല. ഓരോ കുട്ടിയും സ്വതന്ത്ര വ്യക്തിയാണെന്നുള്ള ബഹുമാനം നൽകി വേണം അവരോട് സംസാരിക്കാനും ചിത്രമെടുക്കാനും മാധ്യമങ്ങളിൽ അവതരിപ്പിക്കാനും. അതിസൂക്ഷ്മമാണ് ഇക്കാര്യത്തിൽ പാലിക്കേണ്ട അതിർവരമ്പുകൾ.

കുട്ടികളുടെ സമ്മതം ഇല്ലാതെ അവരുടെ ഫോട്ടോ എടുക്കുന്നത് അവകാശംലംഘനമാണെന്നു വാദിക്കുന്നവരുണ്ട്. 1972ൽ വിയറ്റ്നാം യുദ്ധകാലത്ത് അമേരിക്കയുടെ ബോംബ് വർഷമുണ്ടായപ്പോൾ നഗ്നയായി നിലവിളിച്ചുകൊണ്ടോടുന്ന ഒൻപതുകാരി കിം ഫുക്കിന്റെ പടം എല്ലാവരുടെയും ഓർമയിലുണ്ടാകും. അവിടെ നിക് ഉട് എന്ന ഫൊട്ടോഗ്രഫർ കിമ്മിന്റെ സമ്മതമൊന്നും വാങ്ങിയിട്ടല്ല പടമെടുത്തത് എന്നു വ്യക്തം.



നിലവിളിച്ചോടുന്ന പെൺകുട്ടിയുടെ നഗ്നചിത്രം പ്രസിദ്ധീകരിച്ചത് അവളുടെ അവകാശങ്ങളിലുള്ള കടന്നുകയറ്റമായി തീർച്ചയായും വ്യാഖ്യാനിക്കാം. എന്നാൽ അതിന്റെ സന്ദർഭം കൂടി പരിഗണിക്കപ്പെടേണ്ടതുണ്ട്. യുദ്ധത്തിന് എതിരെ അമേരിക്കയിൽപോലും ശക്തമായ ജനവികാരമുണ്ടാക്കാൻ ഈ ഒരൊറ്റ ഫ്രെയിമിനു കഴിഞ്ഞു. യുദ്ധ ഭീകരത ആയിരം വരികളെക്കാൾ ശക്തമായി വിനിമയം ചെയ്യാനും സാധിച്ചു.

നേപ്പാം ബോംബ് സൃഷ്ടിക്കുന്ന അവകാശലംഘനങ്ങൾക്കു മുന്നിൽ എത്ര നിസാരമാണ് ഫോട്ടോ പ്രസിദ്ധീകരിച്ചതിലൂടെ ഉണ്ടായ അവകാശ ലംഘനം. എന്നാൽ കളിച്ചുകൊണ്ടോ കുളിച്ചുകൊണ്ടോ നിൽക്കുമ്പോഴാണ് ഈ പെൺകുട്ടിയുടെ പടം എടുത്തതെങ്കിലോ?

മാർഗനിർദേശങ്ങൾക്കും നിയമങ്ങൾക്കുമപ്പുറം മാധ്യമ പ്രവർത്തകർ പുലർത്തേണ്ട ഉന്നതമായ നീതിബോധത്തിനും വിവേചന ബുദ്ധിക്കും ഉദാഹരണമാണ് ഇത്. പടം എടുത്ത സന്ദർഭം പോലെ തന്നെ പ്രധാനമാണ് അത് ഏതു സന്ദർഭത്തിൽ ഉപയോഗിക്കപ്പെടുന്നു എന്നതും. സാധാരണ സന്ദർഭത്തിൽ എടുത്ത പുഞ്ചിരിക്കുന്ന പെൺകുട്ടിയുടെ ചിത്രം ഒരു പക്ഷേ കുട്ടികളുടെ പീഡനത്തെപ്പറ്റിയുള്ള ഫീച്ചറിൽ ഫയൽ പടമായി ഉപയോഗിക്കപ്പെട്ടേക്കാം. ഫോട്ടോഗ്രാഫർ അതറിയണമെന്നു പോലുമില്ല.

അതുപോലെ തന്നെ കുട്ടികളുമായി അഭിമുഖം നടത്തുമ്പോഴും അതേപ്പറ്റി എഴുതുകയോ അവതരിപ്പിക്കുകയോ ചെയ്യുമ്പോഴും ഏറെ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഏതു ഭാഗം എങ്ങനെ പ്രസിദ്ധീകരിക്കുന്നു (സംപ്രേഷണം) ചെയ്യുന്നു എന്നറിയാൻ കുട്ടിക്കും അവകാശമുണ്ട്.

രക്ഷിതാവോ അധ്യാപകനോ പോലെ വേണ്ടപ്പെട്ട മുതിർന്ന ഒരാളുടെ സാന്നിധ്യത്തിൽ മാത്രമേ കുട്ടികളുമായി അഭിമുഖം നടത്താൻ പാടുള്ളൂ. ചെറിയ കുട്ടികളുടെ കാര്യത്തിൽ രക്ഷിതാവിന്റെ സമ്മതം അത്യാവശ്യമാണ്. ഇത്തരം നിയന്ത്രണങ്ങൾ വാർത്താ റിപ്പോർട്ടിങ്ങിന്റെ പേരിൽ ഉണ്ടാകാനിടയുള്ള അവകാശലംഘനങ്ങൾക്കു തടയിടുക എന്നതു ലക്ഷ്യമിട്ടാണ്.

പോസിറ്റീവായ കാര്യങ്ങളിൽ പോലും വാർത്ത എടുക്കുംമുൻപ് രക്ഷിതാവിന്റെ സമ്മതം വാങ്ങേണ്ടതാണ്. ഉദാഹരണമായി, ഇരുകൈകളും നഷ്ടമായ കുട്ടി കാൽ ഉപയോഗിച്ച് എഴുതുകയും

വരയ്ക്കുകയും കംപ്യൂട്ടർ ഉപയോഗിക്കുകയും ചെയ്യുന്നു. പത്താം ക്ലാസ് പരീക്ഷയ്ക്ക് അവൾ ഏറ്റവും മികച്ച വിജയം നേടുമ്പോൾ അതു സംബന്ധിച്ച വാർത്ത പ്രസിദ്ധീകരിക്കുന്നത് തീർച്ചയായും ഒരുപാടു പേർക്ക് ആവേശം നൽകുന്നതായിരിക്കും.

കേരളത്തിലെ മാധ്യമ സംസ്കാരം അനുസരിച്ച് ഇത്തരം വാർത്തകൾ ജനങ്ങളിലെത്തിക്കാൻ മാധ്യമങ്ങൾ തമ്മിൽ മൽസരമായിരിക്കും. എന്നാൽ ഇന്റർനാഷനൽ ഫെഡറേഷൻ ഓഫ് ജേണലിസ്റ്റിന്റെ മാർഗനിർദേശം അനുസരിച്ച് കുട്ടിയുടെ രക്ഷിതാവിന് ഏതെങ്കിലും തരത്തിലുള്ള താത്പര്യക്കുറവുണ്ടെങ്കിൽ അത്തരം വാർത്ത പോലും പ്രസിദ്ധീകരിക്കുന്നതു ധാർമികമായി ശരിയല്ല.

അതുപോലെ തന്നെ ചൂഷണത്തിന് ഇരയാകുന്ന കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ (പ്രത്യേകിച്ച് അന്വേഷണാത്മക വാർത്തകൾ) വാർത്തയുടെ ഉറവിടങ്ങളുടെ സ്വകാര്യത കാത്തുസൂക്ഷിക്കുന്ന കാര്യത്തിൽ അതീവജാഗ്രത പുലർത്തണം. അല്ലെങ്കിൽ അതിലുൾപ്പെടുന്ന കുട്ടികൾക്ക് ഭീഷണിയായേക്കാം. ചിലപ്പോൾ ഉറവിടങ്ങൾ വെളിപ്പെടുന്നതു പത്രപ്രവർത്തകർക്കു തന്നെയും ഭീഷണി ആകും. പത്രപ്രവർത്തകരുടെ വിശ്വാസ്യതയേയും അതുബാധിക്കും.

ചുരുക്കത്തിൽ കുട്ടികളെ റിപ്പോർട്ട് ചെയ്യുമ്പോൾ അവരുടെ വ്യക്തി സ്വാതന്ത്ര്യവും അവകാശവും ഹനിക്കപ്പെടാതെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാനുള്ള കരുതൽ മാധ്യമപ്രവർത്തകർക്ക് ഉണ്ടാകണം.

●

### അധ്യായം 7

## കുട്ടികളുടെ അവകാശങ്ങളും മാധ്യമങ്ങളും

ചില പ്രത്യേക അവകാശങ്ങൾ കുട്ടികൾക്കു ലഭ്യമാകേണ്ടതുണ്ടെന്നത് എല്ലാവരും അംഗീകരിക്കുന്നു. വീട്ടിലും വിദ്യാലയത്തിലും സമൂഹത്തിലും കുട്ടിക്കു ലഭിക്കേണ്ട അവകാശങ്ങൾ യുഎൻ പട്ടികപ്പെടുത്തിയിട്ടുണ്ട്.(അനുബന്ധം1 കാണുക). 1990ലാണ് ദി യുണൈറ്റഡ് നേഷൻസ് കൺവൻഷൻ ഓൺ ദ് റൈറ്റ്സ് ഓഫ് ദ് ചൈൽഡ് (UNCRC) അംഗീകരിക്കപ്പെട്ടത്.

മിക്കവാറും എല്ലാ രാജ്യങ്ങളും ഇതിൽ ഒപ്പുവച്ചിട്ടുമുണ്ട്. ലോകമെങ്ങുമുള്ള കുട്ടികളുടെ അവകാശസംരക്ഷണത്തിന്റെ മാഗ്നാകാർട്ടയായി ഈ കൺവൻഷനെ അംഗീകരിക്കുന്നതിൽ തെറ്റില്ല.

മാധ്യമങ്ങൾ കുട്ടികളുടെ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിലൂടെ ഉണ്ടാകേണ്ടതു മൂന്നുതരത്തിലുള്ള മാറ്റങ്ങളാണ്.

1) കുട്ടികൾക്കായുള്ള സംരക്ഷണ സംവിധാനങ്ങളെയും നിയമങ്ങളെയും ശക്തിപ്പെടുത്തൽ

2) മനുഷ്യവകാശ തത്വങ്ങൾക്കനുസരണമായി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കൽ.

3) യുദ്ധം, ദുരന്തങ്ങൾ തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കൽ.

കുട്ടികളുടെ അവകാശ സംരക്ഷണത്തിലെ പ്രധാന ഇനങ്ങളിലൊന്നാണ് ജനനം റജിസ്റ്റർ ചെയ്യേണ്ടത്. കുട്ടികളുടെ

അവകാശം സംബന്ധിച്ച രാജ്യാന്തര കൺവൻഷനിലെ ആർട്ടിക്കിൾ 7 പ്രകാരം ഇത് അടിസ്ഥാന മനുഷ്യാവകാശമാണ്.

ലോകത്ത് പ്രതിവർഷം ദശലക്ഷക്കണക്കിന് കുട്ടികളുടെ ജനനം റജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്നുണ്ട്. കേരളത്തിൽ പക്ഷേ ബഹുഭൂരിപക്ഷം ജനനങ്ങളും റജിസ്റ്റർ ചെയ്യപ്പെടുന്നു. തെരുവിലും മറ്റും പ്രസവിക്കുന്നതുൾപ്പെടെ ചെറിയൊരു ശതമാനം മാത്രമാണ് റജിസ്റ്റർ ചെയ്യപ്പെടാത്തത്.

മനുഷ്യരാശിയുടെ നിലനിൽപ്പിന്റെയും പരസ്പരാശ്രിതത്വത്തിന്റെയും അടിസ്ഥാനശിലയാണു മനുഷ്യാവകാശങ്ങൾ. മുതിർന്നവർക്കുള്ള മനുഷ്യാവകാശങ്ങളോളം പ്രാധാന്യമർഹിക്കുന്നതാണു കുട്ടികൾക്കുള്ള അവകാശങ്ങളും. എന്നാൽ സ്വന്തമായി അവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രാപ്തി കുട്ടികൾക്കില്ലാത്തതിനാൽ മുതിർന്നവരുടെ പിന്തുണ മിക്കപ്പോഴും വേണ്ടി വരുന്നു.

അതുകൊണ്ടു തന്നെ ലോകമെങ്ങും എല്ലാ സാഹചര്യത്തിലും വളരുന്ന കോടിക്കണക്കിനു കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവൻഷനിൽ മാധ്യമപ്രവർത്തനവുമായി ബന്ധപ്പെട്ട ചില ഭാഗങ്ങൾ നോക്കൂ.

(അനുബന്ധം 4 കാണുക)

കൺവൻഷന്റെ 12ാം ആർട്ടിക്കിൾ ഇങ്ങനെ പറയുന്നു. ധാരണകൾ രൂപീകരിക്കാൻ തക്ക ശേഷിയുള്ള കുട്ടികൾക്ക് അവരെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും നിലപാടുകൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിന് അവകാശമുണ്ട്. കുട്ടികളുടെ പ്രായത്തിനും പക്വതയ്ക്കും അനുസരിച്ച് അവരുടെ വീക്ഷണത്തിന് പ്രാധാന്യം നൽകുകയും വേണം. ആർട്ടിക്കിൾ 13 ഇങ്ങനെ പറയുന്നു.

കുട്ടികൾക്ക് അഭിപ്രായ സ്വാതന്ത്ര്യം ഉണ്ട്. ഭൂമിശാസ്ത്രപരമായ അതിരുകൾക്കതീതമായി ആശയങ്ങളും അറിവും അന്വേഷിക്കുന്നതിനും സ്വീകരിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം ഇതിൽ ഉൾപ്പെടുന്നു. പറഞ്ഞോ എഴുതിയോ അച്ചടിച്ചോ കുട്ടിയുടെ താത്പര്യമനുസരിച്ചുള്ള മറ്റു മാധ്യമങ്ങൾ വഴിയോ ആകാം ഇത്.

കുട്ടികൾക്കും അവരുടെ സ്വകാര്യത സംരക്ഷിക്കപ്പെടുന്നതിന്

അധികാരമുണ്ട്. ഇതിനായി രാജ്യങ്ങൾ പ്രത്യേക നിയമ നിർമാണം നടത്തണമെന്നും കൺവൻഷൻ ശുപാർശ ചെയ്യുന്നു.

കുട്ടികൾക്കെതിരെ അപകീർത്തിപരമായ പരാമർശങ്ങൾ പാടില്ല. മാധ്യമപ്രവർത്തകർ പ്രത്യേക ശ്രദ്ധപുലർത്തേണ്ട നിർദേശമാണിത്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളോ അവരുൾപ്പെട്ട സംഭവങ്ങളോ റിപ്പോർട്ട് ചെയ്യുമ്പോഴും അതിനായി കുട്ടികളുമായി സംസാരിക്കുമ്പോഴും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

മാധ്യമങ്ങൾ വഹിക്കേണ്ട പങ്കിനെപ്പറ്റിയും പറയുന്നുണ്ട്. കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ മാധ്യമങ്ങൾക്ക് പുരോഗമനപരമായ കാഴ്ചപ്പാടുണ്ടാകണമെന്ന് കൺവൻഷൻ നിർദേശിക്കുന്നു. കുട്ടികളുടെ സമഗ്ര വികസനത്തിന് സഹായകമായ വിവരങ്ങൾ മാധ്യമങ്ങളിലൂടെ ലഭ്യമാക്കുന്നതിനും അവ സ്വീകരിക്കുന്നതിനും അവസരമുണ്ടാകണം. ഇതിനായി കുട്ടികളുടെ അഭിവൃദ്ധിക്ക് ഉതകുന്ന തരത്തിലുള്ള വിവരങ്ങൾ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കണം. രാജ്യാന്തരതലത്തിലുള്ള സഹകരണത്തിലൂടെ ലോകമെങ്ങും ലഭ്യമായ ഇത്തരം അറിവുകൾ കുട്ടികളിലേക്കെത്തണം. കുട്ടികൾക്കായി പുസ്തകങ്ങൾ ധാരാളമായി പ്രസിദ്ധീകരിക്കപ്പെടണം. കുട്ടികൾ വായിച്ചുകൂടാത്ത, കണ്ടുകൂടാത്ത കാര്യങ്ങളെപ്പറ്റി വ്യക്തമായ മാർഗനിർദേശങ്ങൾ രൂപീകരിക്കപ്പെടണം.

യുഎൻ കൺവൻഷനിലെ നിർദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനും വ്യവസ്ഥയുണ്ട്. പത്തുവർഷം കൂടുമ്പോൾ കൺവൻഷൻ നടപ്പാക്കിയതു സംബന്ധിച്ച റിപ്പോർട്ട് അംഗരാജ്യങ്ങൾ യുഎന്നിനു നൽകണം. എന്തൊക്കെ കാര്യങ്ങൾ ഓരോ രാജ്യവും ചെയ്യുന്നുണ്ട്. മെച്ചപ്പെടേണ്ട മേഖലകൾ തുടങ്ങിയവ കണ്ടെത്തുന്നതിന് ഈ റിപ്പോർട്ട് സഹായിക്കുന്നു.

മാധ്യമങ്ങളും കുട്ടികളുടെ അവകാശങ്ങളും എന്നതു രണ്ടു തരത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. പൊതു സമൂഹത്തിൽ കുട്ടികളുടെ അവകാശം സംബന്ധിച്ച് ബോധവത്കരണം നടത്തുകയും അവകാശ ലംഘനങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുകയുമാണ് ഒന്ന്. രണ്ടാമത്തേത് മാധ്യമങ്ങൾ അവരുടെ റിപ്പോർട്ടിങ്ങിനിടയിലോ വാർത്തകൾ നൽകുന്നതിലോ കുട്ടികളുടെ അവകാശലംഘനം ഉണ്ടാകാതിരിക്കുന്നതിനു പുലർത്തേണ്ട ജാഗ്രതയാണ്.

എന്നാൽ കുട്ടികളുടെ അവകാശങ്ങളെപ്പറ്റി ബോധവത്കരിക്കുക

യും അവകാശങ്ങൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നത് മാധ്യമ പ്രവർത്തകരെ സംബന്ധിച്ച് ഒട്ടും എളുപ്പമുള്ള കാര്യമല്ല. കാരണം ഈ പ്രശ്നത്തിന്റെ പ്രസക്തിയും പ്രാധാന്യവും സമൂഹത്തിന്

ഇനിയും പൂർണമായി ബോധ്യപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ബോധവത്കരണത്തിന് കൂടുതൽ ഊന്നൽ ലഭിക്കേണ്ടതുണ്ട്.

അതേസമയം കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് കൃത്യമായ ധാരണ മാധ്യമ പ്രവർത്തകർക്കുണ്ടായിരിക്കണം. കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സൂക്ഷ്മത പുലർത്തണ്ടേതുണ്ട്. കുട്ടികൾക്ക് അവരുടെ വശം പറയുന്നതിനും അതു പ്രസിദ്ധീകരിക്കപ്പെടുന്നതിനും അവകാശമുണ്ട്. കുട്ടികൾ കേൾക്കുന്നതും മനസിലാക്കുന്നതും പറയുന്നതും മുതിർന്നവരുടെ നിലവാരത്തിലല്ലെന്ന ബോധ്യത്തോടെ വേണം അവരോടു സംസാരിക്കാൻ. ഇരകളാക്കപ്പെടുന്ന കുട്ടികളുടെ തകർന്ന മാനസികാവസ്ഥ കണക്കിലെടുക്കണം.

അതിനു പകരം ഇരയെ കിട്ടിയ ആാദത്തിലെന്ന പോലെ അവരുടെ കണ്ണീരും ദൈന്യതയുമെല്ലാം ക്ലോസ് അപ് വിഷ്വലുകളിലൂടെ, അതിരുകടന്ന വിശേഷണങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന രീതി ചിലപ്പോഴെങ്കിലുമുണ്ട്.

അതുപോലെ തന്നെ പ്രസക്തമാണ് ടിവിയിലെ റിയാലിറ്റി, ഫാഷൻ, മ്യൂസിക് ഷോകൾ, പരസ്യങ്ങൾ എന്നിവ കുട്ടികളിൽ ഉണ്ടാകുന്ന തെറ്റായ സ്വാധീനം. കുട്ടികളുടെ വസ്ത്രധാരണത്തെയും സംസാരരീതിയെയും മാനസിക വളർച്ചയെയും ടിവി പരിപാടികൾ പലപ്പോഴും ദോഷകരമായി ബാധിക്കുന്നു എന്നതു സൂക്ഷ്മാർഥത്തിൽ കുട്ടികളുടെ അവകാശ ലംഘനം കൂടിയാണ്.

പലപ്പോഴും ടിവിക്കു വേണ്ടിയും മറ്റും കുട്ടികൾ അവർ ഓർക്കാനിഷ്ടപ്പെടാത്ത കാര്യങ്ങൾ ഓർത്തുപറയുകയും ചിലപ്പോഴൊക്കെ അഭിനയിച്ചു കാണിക്കുകയും ചെയ്യേണ്ടിവരുന്നുണ്ട്. ഉദാഹരണമായി ഒരു ബൈക്കപകടത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട് ഒറ്റയ്ക്കായിപ്പോയ ഒൻപതുകാരിയെപ്പറ്റി ചാനലിൽ വന്ന ഫീച്ചറിൽ കുട്ടി അച്ഛനും അമ്മയും ഉപയോഗിച്ചിരുന്ന വസ്തുക്കൾ എടുത്തു കരയുകയും അവർ അപകടത്തിൽപ്പെട്ട സ്ഥലത്ത് നിന്ന് അപകടത്തെപ്പറ്റി വിവരിക്കുകയും ചെയ്യേണ്ടി വരുന്നുണ്ട്. തീർച്ചയായും ഇത്തരം പരിപാടികൾ കുട്ടിയുടെ അവകാശലംഘനം തന്നെയാണ്. അബോധപൂർവമായ ക്രൂരതയായി വേണം ഇത്തരം പരിപാടികളെയും വാർത്തകളെയും കാണാൻ.

ഇതുപോലുള്ള സംഭവങ്ങൾ സൂചിപ്പിക്കുന്നത് കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് മാധ്യമപ്രവർത്തകർക്ക് കുറേക്കൂടി മെച്ചപ്പെട്ട പരിശീലനവും ധാരണയും ഉണ്ടാകേണ്ടതുണ്ട് എന്നതു തന്നെയാണ്. കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച് മാധ്യമ അവബോധം വളർത്താൻ സഹായകമായ ചില നിർദേശങ്ങൾ:

മാധ്യമ പഠനകോഴ്സുകളിൽ ഈ വിഷയം ഉൾപ്പെടുത്തണം. കുട്ടികളുടെ അവകാശം സംബന്ധിച്ച യുഎൻ കൺവൻഷൻ രേഖകളും അവകാശ സംരക്ഷണത്തെ സംബന്ധിച്ച മികച്ച മാതൃകകളും ചർച്ചയ്ക്കു വിധേയമാക്കണം.

മാധ്യമ നയരൂപീകരണത്തിൽ കുട്ടികളെ പ്രധാനഘടകമായി തന്നെ പരിഗണിക്കണം. അവർക്കായുള്ള പേജുകൾ, കുട്ടികൾ ഉൾപ്പെടുന്ന വാർത്തകൾ എന്നിവ പരിഗണിക്കുമ്പോൾ കുട്ടികളുടെ അവകാശലംഘനം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തണം. മാധ്യമ കൂട്ടായ്മകളിലും ചർച്ചകളിലും ഈ വിഷയം ഉൾപ്പെടുത്തണം.

കേരളത്തിന്റെ സാഹചര്യങ്ങളിൽ പ്രസക്തമായ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി കുട്ടികളുടെ അവകാശസംരക്ഷണം സംബന്ധിച്ച ഒരു മാർഗരേഖ തയാറാക്കി നൽകണം. മാധ്യമപ്രവർത്തകരുടെയും വിവിധ വിഭാഗങ്ങളിൽനിന്നുള്ള വിദഗ്ധരുടെയും നേതൃത്വത്തിലാകണം മാർഗരേഖ തയാറാക്കേണ്ടത്.

കുട്ടികളുടെ വളർച്ചയും വികാസവും, കുട്ടികളെ ദുരുപയോഗം ചെയ്യൽ, കുട്ടികളെ സംബന്ധിച്ച് അപകടകരമായ സാഹചര്യങ്ങൾ, കുട്ടികളെ സംബന്ധിച്ച നിയമങ്ങൾ, കുട്ടികളുമായി അഭിമുഖം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുട്ടികളുമായുള്ള ഫലപ്രദമായ ആശയവിനിമയ മാർഗങ്ങൾ തുടങ്ങിയ വിവരങ്ങൾ കൂടി ഈ മാർഗരേഖയിൽ ഉൾപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യത്തിൽ മാധ്യമ പ്രവർത്തകരുടെയും മാധ്യമ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവരുടെയും അടിസ്ഥാനരേഖയാകണം ഇത്.

കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാതെയും അവരെ സംബന്ധിച്ച സ്വകാര്യതകൾ പരസ്യപ്പെടുത്താതെയും വാർത്താമൂല്യവും ധാർമികതയും പാലിച്ച് വാർത്ത എഴുതുന്നതിന് ഉന്നതമായ പ്രൊഫഷണൽ മികവുള്ള മാധ്യമപ്രവർത്തകർക്കേ

സാധിക്കൂ. അതു വളർത്തുന്നതിനുള്ള വ്യക്തിപരമായ ശ്രമങ്ങളും ഈ മേഖലയിലുള്ളവർക്ക് ഉണ്ടാകണം.

ഇതിനൊപ്പം കുട്ടികൾക്ക് മാധ്യമ സാക്ഷരതയുണ്ടാക്കുന്നതിനുള്ള നടപടികൾ കൂടിയുണ്ടാകണം. പ്രൈമറി ക്ലാസ് മുതലുള്ള കുട്ടികൾക്ക് മാധ്യമ പരിശീലനം നൽകണം. അക്ഷരങ്ങളായും ദൃശ്യങ്ങളായും വാക്കുകളായും എത്തുന്ന വിവര വിസ്ഫോടന കോലാഹലത്തിൽനിന്ന് കൊള്ളേണ്ടവ കൊള്ളാനും കളയേണ്ടവ കളയാനും കഴിവുള്ള മാധ്യമ ഉപയോക്താക്കളായി മാറാനുള്ള പരിശീലനമാകണം കുട്ടികൾക്കു ലഭിക്കേണ്ടത്.

●

### അധ്യായം 8

## ചൂഷണം ചെയ്യപ്പെടുന്ന കുട്ടികൾ

സങ്കീർണമായ ജീവിതസാഹചര്യങ്ങളിലൂടെയാണു ഇന്നത്തെ കുട്ടികൾ കടന്നുപോകുന്നത്. വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയാക്കപ്പെടുന്ന ഒട്ടേറെ കുട്ടികളുണ്ട്. ഇക്കാര്യത്തിൽ എന്തായിരിക്കണം മാധ്യമങ്ങളുടെ ഭാഗത്തു നിന്നുള്ള സമീപനം?

യുഎൻ നിർദേശമനുസരിച്ച് കുട്ടികൾ സുരക്ഷിതമായ സാഹചര്യത്തിൽ വേണം വളരാൻ. മുതിർന്ന ഒരാളുടെയെങ്കിലും നിരുപാധികമായ സ്നേഹവും പിന്തുണയും ലഭിക്കാൻ കുട്ടിക്ക് അവകാശമുണ്ട്. കുടുംബത്തിന്റെ ഭാഗമായി വളരാനും ആവശ്യമായ വിദ്യാഭ്യാസം ലഭിക്കാനും സമപ്രായക്കാർക്കൊപ്പം കളിക്കുന്നതിനും കുട്ടിക്ക് അവകാശമുണ്ട്.

കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച യുഎൻ കൺവൻഷൻ ഇക്കാര്യത്തിൽ വ്യക്തമായ നയരൂപീകരണം നടത്തിയിട്ടുണ്ട്. അതിന്റെ 19ാം ആർട്ടിക്കിളിലാണ് ഇതു സംബന്ധിച്ച പരാമർശമുള്ളത്. ( പൂർണരൂപം അനുബന്ധത്തിൽ കാണുക).

ഏട്ടിൽനിന്ന് എത്ര ദൂരെയാണു യാഥാർഥ്യം? ആവശ്യത്തിനു ഭക്ഷണം പോലും കിട്ടാതെ മരിക്കുന്ന കുട്ടികളുള്ള ലോകമാണിത്. ഇത്രത്തോളം ഗുരുതരമല്ലെങ്കിലും അവകാശലംഘനത്തിന്റെ കാര്യത്തിൽ കേരളത്തിലെ സാഹചര്യവും പരിതാപകരമാണ്.

യുനിസെഫിന്റെ കണക്കു പ്രകാരം, വികസിത വികസ്വര രാജ്യങ്ങളിൽ മാത്രം പ്രതിവർഷം ഏതാണ്ട് പത്തു ലക്ഷം കുട്ടികൾ

ലൈംഗികവ്യാപാരത്തിന്റെ ഭാഗമാകുന്നു. ദാരിദ്ര്യവും അഭയാർഥിപ്രശ്നവുമാണ് ഇതിനു പ്രധാന കാരണം.

ശാരീരികമായോ ലൈംഗികമായോ ഉള്ള ചൂഷണം, ബാലവേല (ബാലവേലയ്ക്കിരയാക്കപ്പെടുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷവും മറ്റു സംസ്ഥാനക്കാരാണ്), മോശമായ ഭൗതിക സാഹചര്യങ്ങളിൽ വളരേണ്ടി വരുന്ന അവസ്ഥ തുടങ്ങിയവ നമ്മുടെ നാട്ടിലുമുണ്ട്.

സെക്സ് ടൂറിസമെന്നത് തായ്‌ലൻഡിലും ഫിലിപ്പീൻസിലുമൊക്കെയുള്ള പ്രശ്നമാണെന്നു പറഞ്ഞു തള്ളിക്കളയാൻ വരട്ടെ. കേരളത്തിൽ കോവളം, കൊച്ചി തുടങ്ങി പല സ്ഥലങ്ങളിലും സെക്സ് ടൂറിസം വ്യാപിക്കുന്നുണ്ടെന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളും ആൺകുട്ടികളും ഇതിലുൾപ്പെടുന്നുവെന്നുമുള്ളത് നേരത്തെ തന്നെ പുറത്തുവന്നിട്ടുള്ളതാണ്. ഏറ്റവും ഭീകരമായ തരത്തിൽ കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നൊരു മേഖലയാണിത്.

ഇത്തരം പ്രശ്നങ്ങളിലേക്ക് മാധ്യമ ശ്രദ്ധ വരുന്നുണ്ടോയെന്നു ചോദിച്ചാൽ ഉണ്ട് എന്നു തന്നെയാണ് ഉത്തരം; പക്ഷേ ഗുരുതരമായ എന്തെങ്കിലും സംഭവങ്ങളോ പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ മാത്രമാണ് മാധ്യമശ്രദ്ധയിൽ വരുന്നത്. സാധാരണഗതിയിൽ ഇത്തരം പ്രശ്നങ്ങൾ അത്ര ന്യൂസ് വാല്യു ഉള്ളതായി മാധ്യമങ്ങൾ പരിഗണിക്കുന്നില്ല എന്നത് ദൗർഭാഗ്യകരമായ യാഥാർഥ്യമാണ്.

കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് ലോകമെങ്ങുമുള്ള പ്രശ്നമാണ്. കേരളത്തിലും ഒട്ടും കുറവല്ല ഈ പ്രശ്നമെന്നാണു പഠനങ്ങൾ സൂചിപ്പിക്കുന്നത്. പെൺവാണിഭ സംഘം പോലെ കുട്ടികളെ വാണിജ്യതാത്പര്യത്തോടെ തന്നെ പീഡനത്തിനു വിധേയമാക്കുന്ന സംഘങ്ങൾ നമ്മുടെ നാട്ടിലുമുണ്ട്. കുടുംബങ്ങളിലും സ്കൂളുകളിലും കുട്ടികൾ ചൂഷണങ്ങൾക്ക് ഇരയാക്കപ്പെടുന്നുണ്ട്.

പ്രായപൂർത്തിയാകാത്ത കുട്ടികൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നതും പെൺവാണിഭസംഘങ്ങളുടെ കയ്യിൽ അകപ്പെടുന്നതും തീർത്തും ഒറ്റപ്പെട്ട സംഭവങ്ങളായി കാണാൻ കഴിയില്ല. സൂര്യനെല്ലിയും കവിയൂരും ഒക്കെ കുപ്രസിദ്ധി നേടിയത് അത്തരം ദുരന്തങ്ങളിലൂടെയാണല്ലോ.

2011ൽ മലപ്പുറം ജില്ലയിൽനിന്ന് അധ്യാപകൻ കുട്ടികളെ പീഡനത്തിന് വിധേയമാക്കിയ രണ്ടു സംഭവങ്ങൾ റിപ്പോർട്ട്

ചെയ്യപ്പെട്ടു. ഇവിടെ ഇത്തരം എല്ലാ സന്ദർഭങ്ങളിലെന്നതുപോലെ സംഭവം ഒച്ചപ്പാടായി പൊലീസ് കേസ് എടുത്തു കഴിഞ്ഞശേഷമാണ്

മാധ്യമങ്ങളിൽ വാർത്തയായത്.

അതിനു മുൻപ് എന്തെങ്കിലും സൂചന കിട്ടിയാൽ തന്നെ മാധ്യമങ്ങൾ ഏറ്റെടുക്കില്ല. കാരണം സ്വന്തമായി അന്വേഷിച്ച് വസ്തുതകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ധൈര്യമോ അവ സ്വതന്ത്രമായി പ്രസിദ്ധീകരിക്കപ്പെടുന്നതിനുള്ള സാഹചര്യമോ മലയാള മാധ്യമലോകത്തില്ല.

അതിന്റെ ഫലമോ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ എത്രയോ മടങ്ങ് സംഭവങ്ങൾ ആരാലും അറിയപ്പെടാതെ പോകുകയോ സമർഥമായി ഒതുക്കപ്പെടുകയോ ചെയ്യുന്നു.

കുട്ടികളെ പീഡിപ്പിക്കുന്നത് ഒതുക്കിത്തീർക്കുന്നതിനുള്ള ഒരു കാരണം, പലപ്പോഴും സംഭവത്തിൽ ഉൾപ്പെടുന്നത് കുടുംബത്തിലുള്ളവരോ അല്ലെങ്കിൽ കുടുംബത്തിനു വേണ്ടപ്പെട്ടവരോ ആണെന്നതാണ്.

പ്രായപൂർത്തിയാകുന്നതിനു മുൻപ് പെൺകുട്ടികളെ കെട്ടിച്ചുവിടുന്ന ശീലം വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും കേരളത്തിൽ 15 വയസിലൊക്കെ വിവാഹം ചെയ്തു കൊടുക്കുന്ന പതിവ് തീരെ കുറവൊന്നുമല്ല. ഇത്തരം കുട്ടികളും ഒരർഥത്തിൽ ചൂഷണത്തിന് ഇരയാക്കപ്പെടുക തന്നെയാണ്.

സംരക്ഷക വേഷത്തിലെത്തുന്നവർ പോലും കുട്ടികളെ ചൂഷണത്തിന് ഇരയാക്കുന്നുവെന്നതിനു തെളിവാണ് പല അനാഥാലയങ്ങളിലും നിന്നു റിപ്പോർട്ട് ചെയ്യപ്പെടുന്ന പീഡന, തട്ടിപ്പു വാർത്തകൾ.

അശക്തരും അജ്ഞരുമായ കുട്ടികൾ പലതരത്തിലും ചൂഷണം ചെയ്യപ്പെടുന്നത് അവരെ സംരക്ഷിക്കാൻ ചുമതലപ്പെട്ട മുതിർന്നവരുടെ കഴിവുകേടു തന്നെ. സർക്കാർ സംവിധാനങ്ങളുടെ പരാജയവും ഇതിനു കാരണമാകുന്നു.

ഇക്കാര്യത്തിലൊക്കെ മാധ്യമങ്ങൾക്കു കൂടുതൽ ഉത്തരവാദിത്തമുണ്ട്. കുട്ടികളെ ചൂഷണം ചെയ്യുന്നതു തടയുന്നതിനായി മാധ്യമപ്രവർത്തകരുടെ ബോധപൂർവമായ ശ്രദ്ധ വരേണ്ട ചില മേഖലകൾ.

സ്കൂളുകൾ (പ്രത്യേകിച്ച് ബോർഡിങ് സ്കൂളുകൾ), അനാഥാലയങ്ങൾ, സാമൂഹികക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്റ്റേ ഹോമുകൾ, ദുർഗുണ പരിഹാര ശാലകൾ തുടങ്ങി കുട്ടികൾ ഉൾപ്പെടുന്ന മേഖലകളിൽ പ്രത്യേക ശ്രദ്ധ പുലർത്തുകയും അവിടെനിന്നുള്ള ചെറിയ സൂചനകളിൽ പോലും അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരുകയും ചെയ്യുക. സത്യമാണെന്ന് ഉറപ്പും തെളിവും ലഭിച്ചാൽ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുകൾ തുറന്നു കാട്ടണം.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ അവഗണിക്കപ്പെടാനും ചൂഷണം ചെയ്യപ്പെടാനുമുള്ള സാഹചര്യം കൂടുതലാണ്.

അതേസമയം, സാമ്പത്തികമായി വളരെ മെച്ചപ്പെട്ട സ്ഥിതിയിലുള്ള കുടുംബങ്ങളിലും കുട്ടികൾ പീഡിപ്പിക്കപ്പെടാനും ചൂഷണം ചെയ്യപ്പെടാനുമുള്ള സാഹചര്യങ്ങൾ ഉണ്ട്. രക്ഷിതാക്കൾക്ക് പലപ്പോഴും കുട്ടികളെ വേണ്ടവണ്ണം ശ്രദ്ധിക്കാനോ അവർക്കൊപ്പം സമയം ചെലവഴിക്കാനോ കഴിയുന്നില്ല എന്നതാണു യാഥാർഥ്യം.

ചിറ്റപ്പൻമാർ, ചിറ്റമ്മമാർഎന്നിവരിൽ നിന്ന് കുട്ടികൾ പീഡനം അനുഭവിക്കുന്ന സംഭവങ്ങളും കുറവല്ല. ആയിരക്കണക്കിനു കുട്ടികൾ ഹോട്ടലുകൾ, ഫാക്ടറികൾ തുടങ്ങിയ ഇടങ്ങളിൽ പണിയെടുക്കാൻ നിർബന്ധിതരാകുന്നുണ്ട്.പ്രായപൂർത്തിയാകാത്ത ഒട്ടേറെ കുട്ടികൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നു കേരളത്തിൽ ജോലിക്കായി വരുന്നു.

തെരുവുകളിലും റെയിൽവേസ്റ്റേഷനുകളിലുമൊക്കെ കഴിയുന്ന ഒരുപാടു കുട്ടികൾ തുടർച്ചയായ ചൂഷണത്തിനു വിധേയമാകുന്നു. ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മിക്കപ്പോഴും സഹായം ലഭിക്കുന്നു. എന്നാൽ ഒട്ടേറെ കുടുംബങ്ങളിൽ ഇത്തരം കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസമോ സമപ്രായക്കാരുമായുള്ള ചങ്ങാത്തമോ സാമൂഹികമായ

ഇടപെടലുകളോ ഒക്കെ നിഷേധിക്കപ്പെടുന്നു. വൈകല്യം ഒളിപ്പിച്ചു വയ്ക്കേണ്ട ഒന്നായാണ് ഇപ്പോഴും കാണുന്നത്. എയിഡ്സ് പോലുള്ള രോഗം ബാധിച്ച കുട്ടികളുടെ കാര്യത്തിൽ സമൂഹത്തിന് ഇപ്പോഴും വേണ്ടത്ര ധാരണ വന്നിട്ടില്ല. ഒപ്പമിരുന്ന് പഠിച്ചാലോ ഭക്ഷണം കഴിച്ചാലോ ഒന്നും പകരുന്ന രോഗമല്ല എയിഡ്സ് എന്ന് അറിവുള്ളവർ

പോലും സ്വന്തം കുട്ടികളുടെ കാര്യം വരുമ്പോൾ അതു മറക്കുന്നുണ്ട്. കൊല്ലത്തെ ബെൻസൺ, ബെൻസി എന്നീ കുട്ടികൾ പഠിക്കുന്നതിനായി അനുഭവിച്ച ബുദ്ധിമുട്ടുകൾ ഉദാഹരണം.

ചൂഷണവും അവകാശ ലംഘനങ്ങളും പുറത്തുകൊണ്ടു വരുന്നതിനൊപ്പം അവ ആവർത്തിക്കാതിരിക്കുന്നതിനുള്ള വഴി കൂടി ജനശ്രദ്ധയിൽ കൊണ്ടുവരണം. നല്ല സാമൂഹിക അവബോധവും അർപ്പണ മനോഭാവവുമുള്ള മാധ്യമപ്രവർത്തകർക്കേ ഇത്തരം വിഷയങ്ങൾ ഏറ്റെടുക്കാനാവൂ. നിലവിലുള്ള മാധ്യമ താത്പര്യങ്ങളനുസരിച്ച് ഇത്തരം വിഷയങ്ങൾക്ക് ാമറോ മുൻഗണനയോ ഇല്ലാത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും. ഇതിനൊപ്പം പതിവു പത്രപ്രവർത്തക ഗുണങ്ങളായ നല്ല ബന്ധങ്ങളും വസ്തുതകൾ അന്വേഷിച്ച് കണ്ടെത്താനുള്ള മികവും ബന്ധപ്പെട്ട എല്ലാവർക്കും പറയാനുള്ളതു കേൾക്കാനുള്ള മനസും വേണം.

സെൻസേഷണൽ വാർത്തയ്ക്കു പിറകെ മാത്രമുള്ള ഓട്ടം മാറ്റിവച്ച് വസ്തുതാപരമായും ശാസ്ത്രീയമായുള്ള വാർത്തകളിലൂടെയും വിശകലനത്തിലൂടെയും സമൂഹത്തിൽ മാറ്റമുണ്ടാക്കാനുള്ള മനസുള്ള പത്രപ്രവർത്തകർക്കേ ഇത്തരം വിഷയങ്ങൾ ഏറ്റെടുക്കാനാവൂ.

കുട്ടികളെ ലൈംഗിക ചൂഷണത്തിനും സെക്സ് ടൂറിസത്തിനും വിധേയമാക്കുന്ന സംഘങ്ങളെ തുറന്നു കാട്ടണം. പിമ്പുകളെയും മറ്റും മാത്രമല്ല, ഈ ഇടപാടുകളിൽ നിന്നു നേട്ടം കൊയ്യുന്ന റിസോർട്ടുകളെയും മറ്റു പകൽമാന്യൻമാരെയും വെളിച്ചത്തുകൊണ്ടുവരാനുള്ള ആർജവം മാധ്യമ പ്രവർത്തകർക്കുണ്ടാകണം.

ഇത്തരം പ്രശ്നങ്ങളെ മറ്റു രാജ്യങ്ങളിലോ സ്ഥലങ്ങളിലോ വിജയകരമായി നേരിട്ടതിന്റെ അനുഭവകഥകൾ കണ്ടെത്തി അവതരിപ്പിക്കുന്നതും നന്നാകും.

കുട്ടികൾക്കുള്ള പല പരിപാടികൾക്കുമുള്ള ഒരു പ്രധാന ന്യൂനത അവ പതിവു ഫോർമാറ്റിൽ തട്ടിക്കൂട്ടുന്നുവെന്നതാണ്. ഇരകളായ കുട്ടികളുടെ ആംഗിളിൽനിന്നല്ല; ചുറ്റുമുള്ള സമൂഹം എങ്ങനെ കാണുന്നു എന്ന നിലയ്ക്കാണ് അവ അവതരിപ്പിക്കപ്പെടുന്നത്.

പതിവു രീതിയിൽ രാഷ്ട്രീയക്കാരുടെയും മറ്റും വാചകങ്ങൾക്കും പ്രസ്താവനകൾക്കുമാണു പ്രാധാന്യം.

ഇത്തരം പരിപാടികളിലും വാർത്തകളിലും ഓരോ വാക്കും ഓരോ ദൃശ്യവും അതീവ സൂക്ഷ്മതയോടെയാകണം. ഇരകളാക്കപ്പെടുന്ന കുട്ടികൾ മിക്കപ്പോഴും നിസഹായരും നിശബ്ദരുമായാണ് അവതരിപ്പിക്കപ്പെടുന്നത്. അവർക്ക് പറയാനുള്ളതു പറയാൻ അവസരം ലഭിക്കാറില്ല. ഇത്തരം പരിപാടികളിൽ പലതരത്തിൽ കുട്ടികളുടെ അവകാശലംഘനം ഉണ്ടാകുന്നതും സാധാരണമാണ്.

ഇരകളായ കുട്ടികളുടെ വിശ്വാസം നേടുകയും അവർക്ക് ആത്മവിശ്വാസം പകരുകയും വേണം. അവരോട് വിശദമായി സംസാരിച്ച് കാര്യങ്ങൾ ബോധ്യപ്പെടണം. ഒരു സ്വയം സെൻസറിങ് നടത്തിയേ റിപ്പോർട്ട് ചെയ്യാവൂ.

പ്രശ്നം മാത്രമല്ല, അതിന്റെ കാരണവും വിവിധവശങ്ങളും പരിഹാരമാർഗങ്ങളും കൂടി അവതരിപ്പിക്കപ്പെടുമ്പോഴേ വാർത്ത അല്ലെങ്കിൽ പരിപാടി പൂർണമാകുന്നുള്ളൂ. പ്രശ്നത്തിന്റെ വെളിവാക്കപ്പെടാത്ത കാരണങ്ങൾ കണ്ടെത്തുകയും ഒളിച്ചുവയ്ക്കപ്പെട്ട വസ്തുതകൾ കൂടി പുറത്തുകൊണ്ടുവരുകയും ചെയ്യുമ്പോൾ അതു മാതൃകാപരമായ മാധ്യമധർമമാകും.

പക്ഷേ പരിപാടിയുടെ റേറ്റിങ്ങിനെയും പത്രത്തിന്റെ സർക്കുലേഷനെയും എങ്ങനെ ബാധിക്കുമെന്ന ചിന്തയുടെ അടിസ്ഥാനത്തിലുള്ള മാധ്യമപ്രവർത്തനം കൊണ്ട് ഇത്തരം ലക്ഷ്യങ്ങൾ നേടുക അസാധ്യമാണ്. സമകാലിക മലയാള മാധ്യമമേഖലയുടെ പരാജയവും ഇവിടെയാണ്. മാധ്യമ പ്രവർത്തനത്തിന്റെ ഉന്നതമൂല്യങ്ങളെല്ലാം വെറും അധരവ്യായാമമാകുകയും സർക്കുലേഷൻ മിക്ക തീരുമാനങ്ങളുടെയും അടിസ്ഥാനമാകുകയും ചെയ്യുന്ന തരത്തിലാണല്ലോ നമ്മുടെ മാധ്യമപ്രവർത്തനം. എന്നാൽ മാധ്യമങ്ങളുടെ ഘടന മാറ്റിമറിച്ചിട്ടു മതി ബാക്കിയെല്ലാം എന്നു വിചാരിച്ചിട്ടു കാര്യമില്ലല്ലോ. അതിനാൽ പരിമിതികൾക്കിടയിൽനിന്നു പരമാവധി ഫലപ്രദമായി ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുക എന്നതാണ് പ്രതിബദ്ധതയുള്ള മാധ്യമപ്രവർത്തകന്റെ ഉത്തരവാദിത്തം.

14 വയസിൽ താഴെയുള്ള കുട്ടികളെ വേശ്യാവൃത്തിക്ക് ഉപയോഗിക്കുന്ന സംഭവങ്ങൾ കേരളത്തിൽ വർധിച്ചു വരുന്നതായി സംസ്ഥാന വനിതാകമ്മിഷൻ മുൻ ഡയറക്ടർ ജേക്കബ് തോമസ് സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസിക്കു വേണ്ടി നടത്തിയ പഠനത്തിൽ

കണ്ടെത്തുകയുണ്ടായി. എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ അപകടകരമായ തോതിൽ ഇതു വർധിച്ചു വരുകയാണ്. ഇതിൽ 40-45% ആൺകുട്ടികളും 55-60% പെൺകുട്ടികളുമാണ്.

കുടുംബങ്ങളിലെ ശ്രദ്ധക്കുറവു തന്നെയാണ് കുട്ടികൾ വഴിതെറ്റിപ്പോകുന്നതിന്റെ മുഖ്യകാരണം. പിതാവ് മദ്യപനോ ലഹരിക്ക് അടിമയോ ആയ കുടുംബങ്ങളിലെ പല കുട്ടികളും പ്രലോഭനങ്ങളിൽ വീണും വീഴ്ത്തിയും സെക്സ് റാക്കറ്റുകളിൽപ്പെടുന്നു.

അടിച്ചുപൊളിച്ചു ജീവിക്കുന്നതിനായി സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾ പോലും ഇത്തരത്തിൽ പ്രവർത്തിക്കുന്നതായി സർവേ പറയുന്നു. പിമ്പുകൾ, മുതിർന്ന ലൈംഗിക തൊഴിലാളികൾ, ഓട്ടോ ഡ്രൈവർമാർ, ടെലിഫോൺ ബൂത്ത് ജീവനക്കാർ,ഹോട്ടൽ തൊഴിലാളികൾ, പോർട്ടർമാർ തുടങ്ങി ഒട്ടേറെപ്പേർ കുട്ടികളെ ഈ രംഗത്തേക്ക് കൊണ്ടു വരുന്നുണ്ട്.

ഇത്തരം മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിൽ മാധ്യമങ്ങൾ പരോക്ഷമായ പങ്കു വഹിക്കുന്നുണ്ട്. പെൺകുട്ടികളെയും സ്ത്രീകളെയും ഉപഭോഗ സാമഗ്രികളായി മാറ്റുന്ന പരസ്യങ്ങളും പരിപാടികളും ചിത്രീകരണങ്ങളും മാധ്യമങ്ങളിൽ സ്ഥിരമായി കാണാം.

●

## അധ്യായം 9

# കുറ്റവാളികൾ, ഇരകൾ....

ദുരന്തങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ കാണാനും വായിക്കാനുമുള്ള മനുഷ്യ സഹജമായ താത്പര്യം കാരണം മാധ്യമങ്ങളിൽ അവയ്ക്ക് വമ്പിച്ച പ്രാധാന്യം ലഭിക്കുന്നു. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പലപ്പോഴും ഇരകളുടെയും ബന്ധുക്കളുടെയും പിന്നാലെ വാർത്താ വേട്ടക്കാരായി മാധ്യമപ്രവർത്തകർ പായുന്നതിനു കാരണവും ഇതുതന്നെ.

ഇരകൾ കുട്ടികൾ കൂടിയാകുമ്പോൾ വാർത്താപ്രാധാന്യം (വാർത്താമൂല്യമല്ല) വർധിക്കുന്നു. എന്നാൽ സങ്കടനടുവിൽ (ചിലപ്പോൾ ദുരന്തത്തിന്റെ വലുപ്പം അറിയാൻ പോലും കഴിയാത്ത പ്രായത്തിൽ) നിസഹായരായി നിൽക്കുന്ന കുരുന്നുമുഖങ്ങൾ കാണുന്നവരിൽ ദൈന്യതയുണ്ടാക്കുമെങ്കിലും ആ കുഞ്ഞുങ്ങളുടെ സ്വകാര്യതയിലുള്ള കടന്നുകയറ്റം കൂടിയാണ് അത്.

### കുട്ടികളുടെ നേർക്കുള്ള അക്രമങ്ങൾ

ലോകമെങ്ങും കുട്ടികളുടെ നേർക്കുള്ള അക്രമങ്ങൾ വർധിച്ചുവരുക തന്നെയാണ്. ഇത്തരം അക്രമങ്ങളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭിക്കാൻ പ്രയാസമാണ്. കാരണം ഇത്തരം അക്രമങ്ങളിൽ വലിയൊരു ശതമാനം പൊതുശ്രദ്ധയിൽ വരുന്നതേയില്ല.

ഏതായാലും ലോകത്തിൽ പ്രതിവർഷം 50 കോടിക്കും 150 കോടിക്കും ഇടയ്ക്ക് കുട്ടികൾ വിവിധ തരം അക്രമങ്ങൾക്കു

ഇരയാകുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഒറ്റപ്പെട്ടതും അപ്രതീക്ഷിതവുമായ ചില അക്രമങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും കുട്ടികളുടെ നേർക്കുള്ള അക്രമങ്ങളിൽ ബഹുഭൂരിപക്ഷവും കുട്ടികൾക്കു പരിചയമുള്ളവരിൽനിന്നുമാണ്.

അതിൽ തന്നെ നല്ലൊരു പങ്ക് കുട്ടികളെ സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവർ തന്നെ ചെയ്യുന്നതാണ്. രക്ഷിതാക്കൾ, മറ്റു ബന്ധുക്കൾ, കുട്ടികളെ നോക്കാൻ ഏൽപിക്കുന്നവർ, സഹപാഠികൾ, അധ്യാപകർ, മതപുരോഹിതൻമാർ, തൊഴിലുടമകൾ എന്നിങ്ങനെ അക്രമം നടത്തുന്നവരുടെ നിര നീളുന്നു.

കുട്ടിയെ സംബന്ധിച്ച് ഏറ്റവും സുരക്ഷിതമാകേണ്ട വീടുകളിൽ തന്നെയാണ് പലപ്പോഴും അക്രമം ഉണ്ടാകുന്നത്. 37 രാജ്യങ്ങളിൽനിന്നുള്ള വിവരം ശേഖരിച്ചു യുനിസെഫ് നടത്തിയ ഒരു പഠനത്തിൽ 214 വയസിനിടയ്ക്കുള്ള കുട്ടികളിൽ 86 ശതമാനവും ശാരീരികമോ മാനസികമോ രണ്ടും ചേർന്നതോ ആയ പീഡനത്തിന് ഇരയാക്കപ്പെടുന്നു എന്നു കണ്ടെത്തി . മൂന്നിൽ രണ്ടു കുട്ടികളും ശാരീരികമായ ശിക്ഷകൾക്കു വിധേയരാക്കപ്പെടുന്നുണ്ട്.

ചില വിഭാഗം കുട്ടികൾ അക്രമത്തിന് വളരെ എളുപ്പം ഇരയാക്കപ്പെടുന്നുണ്ട്. ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ (Children with disabilities), തെരുവിൽ ജീവിക്കുന്ന കുട്ടികൾ, കുറ്റകൃത്യങ്ങളിൽ പെട്ടുപോയ കുട്ടികൾ (Children in conflict with the law), അഭയാർഥികളായിപ്പോയ കുട്ടികൾ തുടങ്ങിയവർ ഉദാഹരണം.

പൊതുവേ ആൺകുട്ടികൾ ശാരീരിക പീഡനങ്ങൾക്കു കൂടുതലായി വിധേയരാക്കപ്പെടുന്നുണ്ട്. അതേസമയം ലൈംഗിക പീഡനങ്ങൾക്കും അവഗണനയ്ക്കും ചൂഷണത്തിനും കൂടുതലായി വിധേയരാക്കപ്പെടുന്നത് പെൺകുട്ടികളാണ്. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. പലതരത്തിലുള്ള അക്രമങ്ങൾ കുട്ടികളുടെ നേർക്കുണ്ടാകുന്നുണ്ട്. സ്കൂളിലും വീട്ടിലുമൊക്കെ പലതരം അക്രമങ്ങൾക്ക് കുട്ടികൾ ഇരയാക്കപ്പെടുന്നു.

ഇത്തരം അക്രമങ്ങൾ കുറയ്ക്കുന്നതിലും അവ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലും മാധ്യമങ്ങൾ എന്തു പങ്കാണു വഹിക്കുന്നത്? ഇവിടെയും പതിവു റിപ്പോർട്ടിങ്ങിന് അപ്പുറത്തേക്കു പോകുന്നതിൽ മിക്കപ്പോഴും മലയാള മാധ്യമങ്ങൾ

പരാജയപ്പെടുകയാണെന്നു പറയേണ്ടി വരും. അനാഥാലയങ്ങൾ, ജുവനൈൽ ഹോമുകൾ, ബോർഡിങ് സ്കൂളുകൾ, കുട്ടികളെ ജോലിക്കു നിർത്തുന്ന ഹോട്ടലുകൾ, വീടുകൾ എന്നിവിടങ്ങളൊക്കെ കുട്ടികൾ പലതരത്തിലുള്ള അതിക്രമങ്ങൾക്കു വിധേയരാക്കപ്പെടുന്നുണ്ട്. എന്നാൽ പൊലീസ് കേസ് ഉണ്ടാകുമ്പോഴല്ലാതെ മാധ്യമങ്ങൾ, പ്രത്യേകിച്ച് പത്രങ്ങൾ ഇത്തരം സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കാറില്ല.

ഇടയ്ക്കെങ്കിലും ഇത്തരം സംഭവങ്ങളെക്കുറിച്ചു ചർച്ചചെയ്യുന്നത് ഇടയ്ക്കു വരാറുള്ള വാർത്താപരമ്പരകളിലാണ്. മുഖ്യധാരാപത്രങ്ങളിൽ മലയാള മനോരമയും മാതൃഭൂമിയും ശ്രദ്ധേയമായ ചില ശിശുസൗഹൃദപരമ്പരകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാണാതാകുന്ന കുട്ടികളെക്കുറിച്ചുള്ള പരമ്പര, കുട്ടികൾ പെട്ടുപോകാനിടയുള്ള ചതിക്കുഴികളെക്കുറിച്ചുള്ള പരമ്പര, അനാഥാലയങ്ങളിലും മറ്റുമുള്ള കുട്ടികളുടെ സ്ഥിതിയെപ്പറ്റിയുള്ള പരമ്പര തുടങ്ങിയവ ഉദാഹരണം. കുട്ടികളും കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടു ചർച്ച ചെയ്യുമ്പോൾ ഇതിനു സമാനമായി ചിന്തിക്കേണ്ട മറ്റൊരു മേഖലയാണ് കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ. കൊലപാതകം മുതലുള്ള എല്ലാത്തരം കുറ്റകൃത്യങ്ങളിലും 18 വയസിൽ താഴെയുള്ള കുട്ടികൾ പ്രതിസ്ഥാനത്തു വരുന്നുണ്ട്.

ഇടുക്കിയിൽ സ്കൂളിൽ പോയി മടങ്ങുംവഴി വിദ്യാർഥിനിയെ കൊന്ന ബാലന്റെ കഥയും തിരുവനന്തപുരത്ത് അമ്പലങ്ങളിൽ സ്ഥിരമായി മോഷണം നടത്തുന്ന കുട്ടിയുടെ കഥയുമൊക്കെ അപൂർവ സംഭവങ്ങളുടെ ഗണത്തിൽപ്പെടുത്താം.

എന്നാൽ സ്കൂളുകളിൽ നടക്കുന്ന ചെറുകിട കുറ്റകൃത്യങ്ങളുടെ (റിപ്പോർട്ട് ചെയ്യപ്പെടുന്നതും അല്ലാത്തതും) എണ്ണം അമ്പരപ്പിക്കുന്നതാണ്. ഇത്തരം പല കുറ്റകൃത്യങ്ങളും (ഉദാഹരണം 2011ൽ തലസ്ഥാനജില്ലയിലെ ഒരു സ്കൂളിൽ വിദ്യാർഥിയുടെ കയ്യിൽ പുറത്തുനിന്നെത്തിയ ഒരു സംഘം കുട്ടികൾ ഡേ കൊണ്ട് മുറിവേൽപിച്ച സംഭവം പത്രങ്ങളിൽ വലിയ വാർത്തയായിരുന്നു, സ്കൂളുകളിലെ ലഹരി, മദ്യ ഉപയോഗം).

കുട്ടികളുടെ നേർക്കുള്ള അക്രമങ്ങൾക്ക് ഉത്തരവാദിത്തം മുതിർന്നവർക്കാണ്. എന്നാൽ കുട്ടികൾ പ്രതിസ്ഥാനത്തുവരുന്ന കുറ്റകൃത്യങ്ങളിലോ? അതിലും മുതിർന്നവർ തന്നെയാണ് (ആകണം) പ്രതികൾ. കാരണം കുട്ടികളെ ഇത്തരം കാര്യങ്ങൾ ചെയ്യാൻ

പ്രേരിപ്പിക്കുന്ന മാനസികാവസ്ഥകളിലേക്ക് എത്തിക്കുന്നതിൽ രക്ഷിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനാകെയും പങ്കുണ്ട്.

അതിനാൽ മാധ്യമങ്ങൾ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനപ്പുറം കുട്ടികളെ ശരിയായ മാനസികആരോഗ്യമുള്ളവരായി വളർത്തുന്നതിനു വേണ്ട വഴികൾ കൂടി പകർന്നു നൽകേണ്ടതായുണ്ട്. ഇക്കാര്യത്തിൽ മലയാള മനോരമ ആവിഷ്കരിച്ച നേർവഴി എന്ന പദ്ധതി മാതൃകാപരമായ പ്രവർത്തന പരിപാടിയാണ്.

ബോധവത്കരണം കുട്ടികളെക്കാൾ വേണ്ടതു മുതിർന്നവർക്കാണ്. പണമുണ്ടാക്കാനുള്ള പരക്കംപാച്ചിലിനിടയിൽ കുട്ടികളെ ശ്രദ്ധിക്കാനോ അവർക്കൊപ്പം സമയം ചെലവഴിക്കാനോ തയാറാകാത്ത രക്ഷിതാക്കൾ കുട്ടികൾ അപകടത്തിൽ ചെന്നു ചാടിക്കഴിഞ്ഞാകും വിവരം അറിയുന്നത്. അപ്പോഴാകട്ടെ സംഗതി കൈവിട്ടുപോകുകയും ചെയ്യും.

വൻതുക ഫീസ് കൊടുത്ത് മുന്തിയ സ്കൂളിൽ കുട്ടിയെ ചേർത്തു കഴിഞ്ഞാൽ എല്ലാമായി എന്നൊരു മിഥ്യാധാരണ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇത്തരം സ്കൂളുകൾ പലതും ഒരുപാടു വികല ശീലങ്ങളുടെയും ചെറുകിട കുറ്റകൃത്യങ്ങളുടെയും പാഠശാലകൂടിയാണെന്ന യാഥാർഥ്യം വളരെക്കുറച്ചേ പുറത്തുവരുന്നുള്ളൂ.

കുട്ടിക്കുറ്റവാളികൾ ഉണ്ടാകുന്നതിന്റെ യഥാർഥപ്രതികൾ മുതിർന്നവർ ആയതുകൊണ്ടാണ് ഇവരെ കുറ്റവാളികൾ എന്നു വിശേഷിപ്പിക്കാൻ പോലും നിയമവ്യവസ്ഥ തയാറാകാത്തത്. നിയമവുമായി സംഘർഷത്തിൽപ്പെട്ടുപോയ കുട്ടികൾ എന്നാണ് അവരെ വിശേഷിപ്പിക്കേണ്ടത്.

ലോകത്ത് രക്ഷിതാക്കളുടെ പരിചരണം ലഭിക്കാതെ വളരേണ്ടിവരുന്ന കുട്ടികളുടെ എണ്ണം അമ്പരപ്പിക്കുന്നതാണ്. അനാഥാലയങ്ങളിൽ വളരുന്ന കോടിക്കണക്കിന് കുട്ടികളുണ്ട്. ഒന്നേമുക്കാൽകോടി കുട്ടികൾ എയിഡ്സ് രോഗം ബാധിച്ച് രക്ഷിതാക്കൾ (ഒരാളോ/ രണ്ടുപേരുമോ) മരിച്ചവരായുണ്ടെന്ന് ഒരു പഠനം സൂചിപ്പിക്കുന്നു.

●

### അധ്യായം 10

## ടിവിയുടെ സ്വാധീനം

ബാല്യത്തിൽനിന്ന് കൗമാരത്തിലേക്കുള്ള ദൂരം കുറയുകയാണ്. കാലം മാറുമ്പോൾ കുട്ടികൾ വേഗം മുതിർന്നവരായിപ്പോകുന്നതുപോലെ. ജീവിതരീതിയിലും ഭക്ഷണത്തിലുമുണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം വില്ലനായി വരുന്ന മറ്റൊന്നു കൂടിയുണ്ട് മാധ്യമ സ്വധീനം. കുട്ടികളിൽ ഏറ്റവും കൂടുതൽ സ്വാധീനമുണ്ടാക്കാൻ കഴിയുന്നതു ദൃശ്യമാധ്യമത്തിനാണ്. ശബ്ദമായും അക്ഷരമായും ദൃശ്യമായും ആശയങ്ങൾ മനസുകളിലേക്ക് കടന്നുകയറുമ്പോൾ അതിനു ശക്തിയേറുന്നു. നെല്ലും പതിരും തിരിച്ചറിയാൻ പ്രായമാകും മുമ്പാകുമ്പോൾ കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയെ അതു ബാധിക്കുകയും ചെയ്യുന്നു.

കുട്ടികൾക്കും മുതിർന്നവർക്കും ടെലിവിഷൻ ഇല്ലാത്ത ജീവിതത്തെക്കുറിച്ചു ചിന്തിക്കാൻ തന്നെ പ്രയാസമാണ്. ടിവിക്ക് ഒരുപാട് ഗുണങ്ങൾ ഉണ്ടെങ്കിലും കുട്ടികളെ മടിയൻമാരും ചുറ്റുപാടുകളെ അറിയാൻ അവസരമില്ലാത്തവരുമായി മാറ്റുന്നുവെന്ന ആക്ഷേപവും ശക്തമാണ്. വീട്ടിനകത്തുതന്നെയിരിക്കാൻ പ്രേരിപ്പിക്കുന്നതാണല്ലോ ടിവി.

ആഫ്രിക്കൻ കാടുകളിലെ മൃഗങ്ങളെ അനിമൽ ാനറ്റിലൂടെ കണ്ടു നല്ല പരിചയമുള്ള കുട്ടിക്ക് വീടിന് അടുത്തുള്ള കുറ്റിക്കാട്ടിൽ ഏതൊക്കെ മൃഗങ്ങളും പക്ഷികളും ഉണ്ടെന്ന് അറിയാത്ത അവസ്ഥയുണ്ട്.

ചാനലിലെ കളികളുടെ ആരാധകരായവർക്ക് നാട്ടിൻപുറങ്ങളിലെ

കളികൾ പലതും അന്യമാണ്. മാത്രമല്ല, കളിച്ചും പ്രവർത്തിച്ചും വളരേണ്ട കുട്ടികൾ നിസ്സംഗരായ കാഴ്ചക്കാരായി വളരുന്ന അവസ്ഥയും ടിവി കാരണമുണ്ടാകാം. ഭാവിയിൽ പ്രതികരണശേഷി നഷ്ടപ്പെട്ട് ജീവിതത്തെ നിശ്ശബ്ദ കാഴ്ചക്കാരായി കാണുന്ന അവസ്ഥയുമുണ്ടാകും.

ലോകമെങ്ങും വളരെ വ്യാപകമായി പഠനവിധേയമാക്കിയിട്ടുള്ളതാണ് ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം. കണ്ടെത്തലുകളാകട്ടെ പ്രാദേശികമായ പ്രത്യേകതകൾ ഒഴിച്ചുനിർത്തിയാൽ ഏറെക്കുറെ ഒന്നുതന്നെ.

ബാല്യത്തിന്റെ കൗതുകങ്ങളെയും വിസ്മയങ്ങളെയും ഇല്ലാതാക്കി പ്രായത്തിനു ചേരാത്ത ചിന്തകളും വികാരങ്ങളും കുത്തിവയ്ക്കുന്നു എന്നതാണ് ഇത്തരം പഠനങ്ങൾ പങ്കുവയ്ക്കുന്ന പൊതുവായ കണ്ടെത്തലുകളിൽ ഒന്ന്. എട്ടു വയസുകാരൻ സഹപാഠിക്കു പ്രേമലേഖനം കൊടുക്കുന്നതുപോലുള്ള സംഭവങ്ങൾ ഉദാഹരണം. ടിവി പരിപാടികളിലെ ലൈംഗികതയും അക്രമങ്ങളും കുട്ടികളെ ആഴത്തിൽ സ്വാധീനിക്കുന്നു.

കുട്ടികളുടെ അടുത്ത കൂട്ടുകാരിൽ ഒരാളെപ്പോലെയാണു ടിവി. ബോറടിക്കുമ്പോൾ ടിവി, ഭക്ഷണം കഴിക്കുന്നതു ടിവിക്കു മുന്നിൽ, കുട്ടികളെ അടക്കിയിരുത്താനുള്ള സൂത്രം ടിവി. പത്തു വർഷം മുൻപ് മലയാള മനോരമയിൽ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി എഴുതിയ ബുധദർശനം എന്ന പംക്തിയിൽ പരാമർശിച്ച ഒരു സംഭവം ഇതിനോടു ചേർത്തു പറയേണ്ടതാണ്.

ഒരു ദിവസം ബന്ധുഗൃഹത്തിൽ പോയപ്പോൾ എല്ലവരും സ്വീകരണ മുറിയിൽ ടിവി കാണുകയായിരുന്നു. കൂട്ടത്തിൽ രണ്ടര വയസുള്ള കുട്ടിയുമുണ്ട്. ഇടയ്ക്ക് ഒരു പ്രണയ രംഗം വന്നു. ടിവി ചൂണ്ടിക്കാട്ടി ആ കുരുന്നു പറയുകയാണ്അത് ആ ചേച്ചീടെ ബോയ്ഫ്രണ്ടാണ്. അതിലേറെ അതിശയിപ്പിച്ചത് അത്തരം അറിവുകൾ അഭിമാനാർഹമാണെന്ന മട്ടിലുള്ള വീട്ടുകാരുടെ പ്രതികരണമായിരുന്നു.

കുട്ടികൾ കൂടെയുള്ളപ്പോൾ അവർക്കു കൂടി കാണാവുന്ന പരിപാടികളേ ടിവിയിൽ വയ്ക്കാവൂ എന്നും ഗൗരി ലക്ഷ്മീ ഭായി നിർദേശിക്കുന്നു.

ആർക്കും ഒന്നിനും നേരമില്ലാത്തതിനാൽ നമ്മുടെ കുട്ടികളുടെ

മനസിനെ വളർത്തുന്ന മുഖ്യ ഘടകം ടിവിയാണ്. ടിവിയാൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾക്ക് സന്തോഷമോ കളിയോ ക്രിയാത്മകതയോ ആശയവിനിമയശേഷിയോ ശരിയായി ലഭ്യമാകാതെ പോകുന്നു.

പരസ്യങ്ങൾ തീരെച്ചെറിയ പ്രായത്തിലുള്ള കുട്ടികളെ വരെ സ്വാധീനിക്കുന്നു. പരസ്യങ്ങളിലെ ചില ദൃശ്യങ്ങളും കഥാപാത്രങ്ങളും പാട്ടുമൊക്കെ കുരുന്നു മനസുകളിൽ പതിയുന്നു. തെറ്റായ മൂല്യങ്ങളും അമിതമായ അതിശയോക്തിയും നിറഞ്ഞ പരസ്യങ്ങൾ കുട്ടിയുടെ സ്വഭാവരൂപീകരണത്തെ പ്രതികൂലമായി ബാധിക്കും. അതിനാൽ പരസ്യങ്ങളുടെ ഉള്ളടക്കവും അവതരണരീതിയും വിലയിരുത്താനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

പരസ്യങ്ങൾ നമ്മുടെ വീടുകളെ ചന്തയാക്കുകയാണ്. മിക്കപ്പോഴും കുട്ടികളെയാണ് പരസ്യങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. കുട്ടികളുടെ നിർബന്ധത്തിനു വഴങ്ങി രക്ഷിതാക്കൾ പരസ്യങ്ങളുടെ സ്വാധീനത്തിനു വഴങ്ങുന്നു. കുടുംബങ്ങളുടെ അടിസ്ഥാനാവശ്യങ്ങളും മാനസികാവശ്യങ്ങളും പരസ്യങ്ങൾ നിർണയിക്കുന്ന അവസ്ഥയാണ്.

അമിതമായ ടിവി കാണൽ കുട്ടിയുടെ ബുദ്ധിവികാസത്തെ ബാധിക്കും. അലസതയും പൊണ്ണത്തടിയും ഉണ്ടാക്കും. കുട്ടികളുടെ നിലവാരത്തിനു യോജിക്കാത്ത പരിപാടികളാകട്ടെ അവരുടെ മാനസിക വളർച്ചയെയും തടസ്സപ്പെടുത്തുന്നു. അക്രമവും ലൈംഗികാതിപ്രസരവുമുള്ള രംഗങ്ങളൊക്കെ സ്ഥിരമായി കാണുമ്പോൾ അതു ജീവിതത്തിലും സാധാരണമാണെന്ന വികല ധാരണ കുട്ടികളിൽ രൂപപ്പെടുന്നു.

ചാനൽ സീരിയലുകൾ സ്ത്രീകളെ സ്വാധീനിക്കുന്നതിനായി മുന്നോട്ടു വയ്ക്കുന്ന കാഴ്ചപ്പാടുകൾ പലപ്പോഴും കുടുംബമൂല്യങ്ങളുടെ അടിത്തറ ഇളക്കുന്നതാണ്. സീരിയലുകളിലെ കുടുംബങ്ങൾ ഏതാണ്ട് എല്ലാം തന്നെ പ്രശ്ന സങ്കീർണമാണ്.

ബന്ധങ്ങൾ സംഘർഷഭരിതമാണ്. അവിഹിതബന്ധം സാധാരണമാണ്. സ്ത്രീ അബലയും കരയേണ്ടവളുമാണ്. അല്ലെങ്കിൽ കുടിലതന്ത്രങ്ങൾ മാത്രം ഉള്ളവളാണ്. പുരുഷൻ വേട്ടക്കാരനുമാണ്. മുതിർന്നവരെപ്പോലും ഇത്തരം അയാഥാർഥലോകം സ്വാധീനിക്കുമ്പോൾ കുട്ടികളുടെ കാര്യം പറയാനുണ്ടോ?

കുടുംബങ്ങൾ അവരവരുടെ സാഹചര്യങ്ങൾക്കനുസരിച്ച് ആരോഗ്യകരമായ ടിവി കാണൽ സംസ്കാരം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. എത്ര സമയം ടിവി കാണണം, ഏതൊക്കെ പരിപാടികൾ കാണണം, എന്നതു സംബന്ധിച്ച് കുട്ടികളുമായി ഒരു അലിഖിത ധാരണയുണ്ടാക്കണം. പഠനം, പ്രാർഥന, ഭക്ഷണം തുടങ്ങിയവയ്ക്കൊപ്പം ടിവി കാണൽ ഇല്ലാതിരിക്കുന്നതു തന്നെയാണു നല്ലത്. ടിവിയില്ലാത്ത ദിവസം, ടിവിയില്ലാത്ത ആഴ്ച, ടിവിയില്ലാത്ത മാസം എന്നിവയൊക്കെ ആലോചിക്കാവുന്നതാണ്. ടിവി പരിപാടികൾ എല്ലാവരും ഒന്നിച്ചിരുന്നു കാണുകയും കാണുന്നവയെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്യുന്ന അന്തരീക്ഷം വീട്ടിൽ വേണം.

ടിവിയിലും സിനിമയിലും മോശമായ പദപ്രയോഗങ്ങൾ സർവ സാധാരണമാണ്. കുട്ടികൾ അത്തരം വാക്കുകൾ പറയുമ്പോൾ അത് ചീത്ത വാക്കാണെന്നു മുതിർന്നവർ പറയാറുണ്ട്. എന്നാൽ ടിവിയിലും സിനിമയിലും മറ്റും ഇത് സ്ഥിരമായി കേൾക്കുമ്പോൾ അതിനു കുട്ടി മനസുകളിൽ സ്വീകാര്യതയേറുന്നു.

ഇത്തരം വാക്കുകൾ മോശമാണ്, എന്നാൽ ടിവി പരിപാടിയിലും മറ്റും ഇതു സ്ഥിരമായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നുവച്ച് നമ്മൾ അത് സംസാരത്തിൽ ഉപയോഗിക്കരുത് ഈ ധാരണ കുട്ടികളിൽ വളർത്തുന്നതിനാണു രക്ഷിതാക്കൾ ഊന്നൽ നൽകേണ്ടത്.

എനിക്കു കാണാൻ പാടില്ലെങ്കിൽ പിന്നെ അച്ഛനും അമ്മയും കാണുന്നതോ എന്നു കുട്ടികൾ ചോദിച്ചേക്കാം. കുട്ടി കാണാൻ പാടില്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന സത്യം പറയുന്നതാണു കള്ളങ്ങൾ പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിലും നല്ലത്.

ചില പഠനങ്ങളിലെ കണ്ടെത്തലുകൾ ഇതാ,

അമിതമായ ടി വി കാണൽ കുട്ടികളുടെ ഭാഷാവികസനത്തിനു വേണ്ട നാഡീ പ്രവർത്തനങ്ങളെ ബാധിക്കും. ബുദ്ധിപരമായ നിസംഗതയുണ്ടാക്കും. കാണുന്നതും കേൾക്കുന്നതുമെല്ലാം അപ്പാടെ വിശ്വസിക്കുന്നവരാകും. ഒരു വയസിനും മൂന്നു വയസിനും ഇടയ്ക്കുള്ളവർ ഒരുപാടു നേരം ടിവി കണ്ടാൽ അവർ അക്രമവാസനയുള്ളവരാകും. ശ്രദ്ധിക്കാനുള്ള ശേഷി കുറയും. പഠനപരമായ പിന്നാക്കാവസ്ഥയ്ക്കും വഴിവയ്ക്കും.

ടെലിവിഷൻ കവരുന്നത് കുട്ടികളുടെ കളിക്കാനുള്ള, പഠിക്കാനുള്ള,

വായിക്കാനുള്ള, മറ്റുള്ളവരോട് ഇടപെടാനുള്ള സമയത്തെക്കൂടിയാണെന്നതു മറക്കേണ്ട. രക്ഷിതാക്കൾ മനസിൽ വയ്ക്കാൻകുട്ടികൾ എത്ര സമയം ടിവി കാണണമെന്ന കാര്യത്തിൽ രക്ഷിതാക്കളുടെ നിയന്ത്രണം വേണം. കുട്ടികളെ അടക്കിയിരുത്തുന്നതിനുള്ള കുറുക്കു വഴിയാകരുത് ടിവി.

ഏതൊക്കെ പരിപാടികൾ കാണാമെന്ന തീരുമാനമെടുക്കുന്നതിലും രക്ഷിതാക്കളുടെ പങ്കാളിത്തം വേണം. സ്പോർട്സ്, വാർത്ത, പ്രകൃതിപഠനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരിപാടികൾ കാണാം. ഏതെങ്കിലുമൊരു പരിപാടിയോടോ ചാനലിനോടോ കാർട്ടൂണിനോടോ ഉള്ള അതിരുകടന്ന ഇഷ്ടം നിരുൽസാഹപ്പെടുത്തണം.

അക്രമവും ലൈംഗികതയും അമിതമായ സിനിമകൾ കാണാൻ അനുവദിക്കരുത്. പുറത്തും അകത്തും കളിക്കാവുന്ന കളികളെ പ്രോൽസാഹിപ്പിക്കണം. വായനയിലേക്ക് ഇഷ്ടം കൂട്ടണം. ഭക്ഷണ സമയം ടിവി കാണൽ വേണ്ടേ വേണ്ട.

കുട്ടികൾ പഠിക്കുന്ന സമയത്ത് മുതിർന്നവർ സീരിയലുകളും മറ്റും കാണുന്നതു പതിവാക്കരുത്.

കിടപ്പു മുറിയിൽ ടിവി വേണ്ട. എല്ലാവർക്കും ഒന്നിച്ചിരുന്നു കാണാവുന്നയിടത്താകട്ടെ ടിവി.

അമേരിക്കയിൽ ഒന്നര ദശകം മുൻപു നടത്തിയ ഒരു സർവേയിലെ കണ്ടെത്തൽ രസകരമാണ്. രണ്ടു മുതൽ അഞ്ചുവരെ പ്രായമുള്ള കുട്ടികൾ ആഴ്ചയിൽ ശരാശരി 28 മണിക്കൂർ 20 മിനിറ്റ് ടിവി കാണുന്നു. അതായത് ആറാം വയസിൽ ഒന്നാം ാസിലെത്തുമ്പോഴേക്കും 5616 മണിക്കൂർ ടിവി കണ്ടിരിക്കും. അതിനെ എട്ടു മണിക്കൂർ വീതമുള്ള പ്രവൃത്തി ദിനങ്ങളാക്കിയാൽ 175 ദിനങ്ങൾ വരും!

ടിവി പരിപാടികളിൽ, കാര്യങ്ങൾ ഗ്രഹിക്കാനുള്ള വേഗം തീരുമാനിക്കുന്നത് അവതാരകരോ ചാനൽ അധികൃതരോ ആണ്. പലപ്പോഴും വളരെ മന്ദഗതിയിലാണ് ടിവി പരിപാടികളിൽ കാര്യങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. സീരിയലുകളിലൊക്കെ ഒച്ചിഴയുന്ന വേഗത്തിലാണല്ലോ കഥ മുന്നോട്ടു പോകുന്നത്. ചിന്തയ്ക്കും ഭാവനയ്ക്കും ടിവിയിൽ അവസരമില്ല.

കുട്ടികൾക്കെന്ന പേരിലുള്ള പരിപാടികൾ പലതും അവരെ ഒട്ടും

ആകർഷിക്കുന്നില്ല. ഒരു ഉപദേശിമട്ടിലുള്ള അധ്യാപകനോ അപ്പൂപ്പനോ വന്നു സാരോപദേശം നടത്തുന്ന മട്ടിലുള്ള പരിപാടികൾ കുട്ടികളെ ബോറടിപ്പിക്കും.

കുട്ടികൾക്കു വേണ്ടിയുള്ള പരിപാടികൾ നിർമിക്കുന്നത് ഏറെ പ്രയാസമുള്ള കാര്യമാണ്.

സർഗാത്മകതയും മൂല്യങ്ങളും കുട്ടികളുടെ നിലവാരവുമൊക്കെ പരിഗണിച്ച് രസകരമായ കുട്ടിപ്പരിപാടികൾ തയാറാക്കുന്ന കാര്യത്തിൽ മലയാള ടിവി ചാനലുകൾ പരാജയമാണെന്നു പറയേണ്ടിവരും. അഥവാ റേറ്റിംഗ് കൂട്ടാനുള്ള ശ്രമത്തിനിടയിൽ കുട്ടികൾക്കു വേണ്ടിയുള്ള പരിപാടികളുടെ കാര്യത്തിൽ ചാനലുകൾ ഒട്ടും ശ്രദ്ധ പുലർത്തുന്നില്ല.

ബാലസാഹിത്യകാരന്മാർ മലയാളത്തിൽ ഒട്ടേറെയുണ്ട്. എന്നാൽ കുട്ടികൾക്കു വേണ്ടി സിനിമയോ മറ്റു ദൃശ്യമാധ്യമ പരിപാടികളോ ഒരുക്കുന്നവരുടെ എണ്ണം എത്ര ചെറുതാണ്.

ടിവി സർവത്ര മോശമാണെന്ന് ഇതിനർഥമില്ല. ഒരുപാട് അറിവിന്റെ വിസ്മയദൃശ്യങ്ങളുടെ കലവറയാണു മിനീസ്ക്രീൻ. ഏറ്റവും എളുപ്പത്തിൽ അറിവു പകരാൻ ടിവിയ്ക്കു കഴിയും. എണ്ണത്തിൽ തീരെക്കുറവെങ്കിലും പൊതുവിജ്ഞാനവും വിശകലന ശേഷിയും വളർത്തുന്ന ടിവി പരിപാടികളുണ്ട്. വേണ്ട പരിപാടികൾ മാത്രം തിരഞ്ഞെടുത്തു കാണുന്ന, ടിവിയ്ക്ക് അടിമയാകാത്ത, പക്വതയാർന്ന കാഴ്ചാ സംസ്കാരമുള്ള കുട്ടികൾ ധാരാളമുണ്ട്.

## മലയാള ചാനലുകളും കുട്ടികളും

നിർഭാഗ്യവശാൽ സീരിയലും റിയാലിറ്റിഷോയും സിനിമയും സിനിമാധിഷ്ഠിത പരിപാടികളുമാണ് ആകെ ജനം കാണുന്ന പരിപാടികളെന്ന ധാരണയാണ് ടിവി ചാനലുകൾക്ക്. കുട്ടികൾക്കു പറ്റിയ പരിപാടികൾ സംപ്രേഷണം ചെയ്യേണ്ട സാമൂഹിക ഉത്തരവാദിത്തത്തിൽ നിന്ന് ചാനലുകൾക്ക് എത്ര കാലം മാറി നിൽക്കാനാകും.

ദൂരദർശൻ ഉൾപ്പെടെയുള്ള മലയാളം ചാനലുകളിൽ കുട്ടികൾക്കു മാത്രമായുള്ള പരിപാടികളുടെ കണക്കെടുത്തു നോക്കൂ. എത്ര കുറവാണത്. പ്രേക്ഷകരിൽ വലിയൊരു വിഭാഗമാണു കുട്ടികൾ. അവർക്ക് ആഴ്ചയിൽ ഒരു മണിക്കൂർ എന്തെങ്കിലും പരിപാടികൾ മതിയോ?

കുട്ടികളിലേക്ക് അറിവിന്റെ വിസ്മയലോകം പരിചയപ്പെടുത്തുന്ന ആകർഷകമായ, രസകരമായ പരിപാടികളെപ്പറ്റി നമ്മുടെ ചാനലുകളൊന്നും ചിന്തിക്കുന്നതു പോലുമില്ല. പോഗോ ചാനലിൽ ശാസ്ത്ര പരീക്ഷണങ്ങളുടെയും കണ്ടുപിടിത്തങ്ങളുടെയും രസങ്ങൾ കൗതുകപൂർവം അവതരിപ്പിക്കുന്ന മാഡ് എന്ന പരിപാടിക്കുള്ള ജനപ്രീതി ചാനൽ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികൾക്കുള്ള പരിപാടികൾ മുതിർന്നവർ കാണില്ലെന്നും അതിനാൽ സ്പോൺസർമാരെ കിട്ടില്ലെന്നുമാണ് ഇത്തരം പരിപാടികൾ എന്തുകൊണ്ട് അവതരിപ്പിക്കുന്നില്ല എന്ന ചോദ്യത്തിനുത്തരമായി ചില ചാനൽ അധികൃതർ പറഞ്ഞത്.

വാണിജ്യ താത്പര്യം മാത്രമാണ് പരിപാടികൾ തിരഞ്ഞെടുക്കുന്നതിന് അടിസ്ഥാനമെന്നത് സമകാലിക മാധ്യമ സംസ്കാരത്തിൽ ഒട്ടും ഞെട്ടിപ്പിക്കുന്ന കാര്യമല്ല. മുതിർന്നവർക്കുള്ള പരിപാടി മാത്രമാകുമ്പോൾ കുട്ടികളും കണ്ടോളുമല്ലോ.

കച്ചവടതാത്പര്യം കുറഞ്ഞിരിക്കേണ്ട ദൂരദർശനും ഇക്കാര്യത്തിൽ വലിയ അനാസ്ഥ തന്നെയാണ് പ്രകടിപ്പിച്ചു വരുന്നത്. എങ്കിലും തമ്മിൽ ഭേദം ദൂരദർശൻ തന്നെ. വിദ്യാഭ്യാസ പരിപാടി, വിജ്ഞാനലോകം, ക്വിസ് തുടങ്ങി പല പരിപാടികൾ ദൂരദർശനിലുണ്ട്.

സ്കൂൾ വിദ്യാർഥികൾക്കു വേണ്ടിയുള്ള സംസ്ഥാന സർക്കാർ ചാനലായ വിക്ടേഴ്സിലാകട്ടെ മിക്കവാറും മുഴുവൻ പരിപാടികളും കുട്ടികൾക്കായി തന്നെ. പക്ഷേ പ്രശ്നം അവയിൽ എത്ര എണ്ണം കുട്ടികളെ പിടിച്ചിരുത്തുന്ന തരത്തിലുണ്ട് എന്നതാണ്.

ട്യൂഷന് ാസിൽ നിർബന്ധിച്ച് പഠിപ്പിക്കുന്ന അനുഭവമാണ് പല പരിപാടികളും കാണുമ്പോൾ. സർഗാത്മകതയും നല്ല ദൃശ്യാവബോധവുമുള്ള സംവിധായകരുടെ ക്ഷാമം ഈ രംഗത്തുണ്ട്.

കുട്ടികൾക്കുള്ള പരിപാടി ആകർഷകമായി അവതരിപ്പിച്ചാൽ മുതിർന്നവരും മാണും. എല്ലാവരിലും ഒരു കുട്ടിയുണ്ടെന്നാണല്ലോ പറയാറ്.

അന്ധവിശ്വാസ ജടിലങ്ങളായ മന്ത്രവാദ, ഭീകര പരമ്പരകൾ ശാസ്ത്രബോധം വളരേണ്ട പ്രായത്തിൽ കൂടുതൽ പ്രതിലോമപരമായ വീക്ഷണത്തിലേക്കു കുട്ടികളെ നയിക്കുന്നു. അവതാരകരുടെ മലയാളവും ഇംഗ്ലീഷുമല്ലാത്ത അവിയൽ അവതരണ രീതി കുട്ടികളുടെ ഭാഷാബോധത്തെ വഴിതെറ്റിക്കുന്നു.

നമ്മുടെ കുട്ടികൾ കാണുന്ന പരിപാടികൾ പലതിലും ഉള്ളത് ഒരിക്കലും സംഭവിക്കാൻ ഇടയില്ലാത്ത കഥകളാണ്. താണതരം ഹാസ്യം, അീലചുവയുള്ള വർത്തമാനം, മദ്യത്തിനും മറ്റു ലഹരികൾക്കും പ്രോൽസാഹനമേകുന്ന രംഗങ്ങൾ ഇതൊക്കെയാണല്ലോ നമ്മുടെ കുട്ടികൾ കണ്ടു പഠിക്കുന്നത്.

## ചാനലുകൾ ചെയ്യേണ്ടത്

എല്ലാ ചാനലുകളിലും കുട്ടികൾ കാണുന്ന സമയത്ത് (അവധിദിവസങ്ങളിലും മറ്റും )അവർക്കു വേണ്ടിയുള്ള മികവാർന്ന പരിപാടികൾ കാണിക്കണം. കുട്ടികൾക്കു പ്രതീക്ഷയും പ്രചോദനവുമേകുന്ന പരിപാടികൾ, യുക്തിചിന്തയും ശാസ്ത്രബോധവും വളർത്തുന്ന സയൻസ് ഫിക്ഷനുകൾ തുടങ്ങിയവയൊക്കെ ആകാം. എല്ലാ ദിവസവും പ്രൈംടൈംമിൽ അര മണിക്കൂറെങ്കിലും കുട്ടികൾക്കു വേണ്ടിയുള്ള ആകർഷകമായ പരിപാടികൾ കാണിച്ചാൽ സ്പോൺസർമാരെ കിട്ടാനും പ്രയാസമുണ്ടാകില്ല.

അവധി ദിവസങ്ങളിൽ രാവിലെയും വൈകിട്ടും കൂടുതൽ സമയം നീളുന്ന കുട്ടികൾക്കുള്ള വിനോദ, വിജ്ഞാന പരിപാടികൾ സംപ്രേഷണം ചെയ്യണം. പരിപാടികളുടെ സമയം അടിക്കടി മാററരുത്. സീരിയലുകൾക്ക് അനുമതി തേടി വരുന്നവരോട് കുട്ടികൾക്കു വേണ്ടി നിലവാരമുള്ള പരിപാടികൾ കൂടി നിർമിച്ചു നൽകിയാലേ സീരിയലിന് അനുമതി നൽകൂ എന്ന നിബന്ധന വയ്ക്കുക.

കുട്ടികൾക്കുള്ള പരിപാടികൾക്ക് അനുമതി നൽകുന്നതിനും അവയുടെ നിർമാണത്തിനു സഹായം നൽകുന്നതിനുമായി പ്രസാർ ഭാരതിയുടെയോ ശിശുക്ഷേമസമിതിയുടെയോ മറ്റോ കീഴിൽ പ്രത്യേക സമിതിക്കു രൂപം നൽകണം.

മുതിർന്നവർക്കുള്ള പരിപാടികൾ കണ്ടു കണ്ട് ബാല്യ കൂതൂഹലങ്ങളെല്ലാം നഷ്ടമായി, മൂക്കാതെ പഴുക്കുന്ന തലമുറയായി കുട്ടികളെ മാറ്റണോ എന്നു ചിന്തിക്കേണ്ട സമയം വൈകിയിരിക്കുന്നു. ടെലിവിഷൻ കുട്ടികളുടെ, ബുദ്ധിയും സംസ്കാരവുമുള്ള ചങ്ങാതിയും വഴികാട്ടിയും ആയി മാറട്ടെ. രക്ഷിതാക്കളും അധ്യാപകരും ടിവി ചാനൽ അധികാരികളും സർക്കാരും ഇതിനായി ബോധപൂർവമായ ശ്രമം നടത്തണം.

ഈ പഠനത്തിൽ നിന്നു വെളിവായ മറ്റൊരു ശ്രദ്ധേയ വസ്തുത

പത്തുവർഷം മുൻപു വരെ നമ്മുടെ അച്ചടി മാധ്യമങ്ങൾ ടിവി സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്തിരുന്നു.

എന്നാൽ ആരോഗ്യകരമായ വിമർശനം എന്നത് അനാരോഗ്യകരമെങ്കിലും സുഖമുള്ള പുറംചൊറിയലായി മാറുന്ന കാലത്ത് ഇത്തരം വിമർശനങ്ങൾ തീരെ കുറഞ്ഞുവരുകയാണ്.

വൻകിട പത്രസ്ഥാപനങ്ങളെല്ലാം ടിവി രംഗത്തേക്കു കൂടി ചുവടുവയ്ക്കുന്നതും ഇത്തരം വിമർശനങ്ങൾ കുറയാൻ ഇടയാക്കി.

ടിവി സീരിയൽ രംഗം അനുകരിച്ച കുട്ടി മരിച്ചു എന്ന വാർത്ത പോലും അതേപടി കൊടുക്കാൻ പത്രങ്ങൾ തയാറല്ല. കേബിൾ കുത്തുന്നതിനിടെ ഷോക്കേറ്റ് മരിച്ചു എന്ന വാർത്തയിൽ കേബിൾ കുത്തുന്നതിനിടെ എന്ന് പത്രത്തിൽ കൊടുക്കാൻ പാടില്ല എന്ന തരത്തിലേക്ക് ഈ മൂടുതാങ്ങൽ തരംതാഴ്ന്നിരിക്കുന്നു.

●

### അധ്യായം 11

# റേഡിയോയും കുട്ടികളും

ദൃശ്യശ്രാവ്യമാധ്യമങ്ങൾ പത്രങ്ങളെ വിഴുങ്ങിക്കളയുമെന്ന ഭീതി ഇപ്പോൾ വലിയ തോതിൽ ഇല്ല. റേഡിയോയുടെ പ്രസക്തി തന്നെ ടിവിയും മറ്റും വ്യാപകമാകുന്നതോടെ ഇല്ലാതാകുമെന്ന ആശങ്ക ആദ്യകാലത്ത് ഉണ്ടായിരുന്നു. അതു ശരിവയ്ക്കും മട്ടിൽ റേഡിയോയുടെ പ്രചാരം ചുരുങ്ങിപ്പോകുകയും ചെയ്തു. വീടുകളിൽ റേഡിയോയുടെ സ്ഥാനത്തേക്കാണ് ടെലിവിഷൻ എത്തിയത്.

എന്നാൽ ഒരു മാധ്യമത്തിനും പകരമാകാൻ മറ്റൊന്നിനാകില്ലെന്നു തെളിയിച്ചു കൊണ്ട് റേഡിയോ ശക്തമായ തിരിച്ചുവരവാണു നടത്തിയത്. കേരളത്തിലും എഫ്എം റേഡിയോ വിവമുണ്ടായി. അതുവരെ റേഡിയോ പ്രക്ഷേപണത്തിൽ കുത്തകയുണ്ടായിരുന്ന ആകാശവാണിയും കാലാനുസൃതമായി മാറി.

പത്രം വായിക്കുമ്പോഴും ടിവി കാണുമ്പോഴും നമ്മുടെ മുഴുവൻ ശ്രദ്ധയും അതിൽ വേണം. എന്നാൽ മറ്റു ജോലികൾക്കിടയ്ക്കു കേൾക്കാമെന്നതും എവിടെയും കൊണ്ടുപോകാമെന്നതും റേഡിയോയുടെ മാത്രം പ്രത്യേകതയാണ്.

റേഡിയോ സെറ്റിന്റെ കുറഞ്ഞ വിലയും പത്രവും കേബിൾ ടിവിയും പോലെ പ്രതിമാസ ആവർത്തനച്ചെലവില്ലാത്തതും സാധാരണക്കാരുടെ പ്രിയ മാധ്യമമാകാൻ സഹായകമായി. വീടുകളിലും കടകളിലും വാഹനങ്ങളിലുമൊക്കെ റേഡിയോ പാട്ടുകൾ കേട്ടു തുടങ്ങി.

വെറും പാട്ടുപെട്ടി എന്ന നിലയിലാണ് കൂടുതൽ പേരും റേഡിയോയെ കാണുന്നത്. അതേസമയം സാമൂഹിക, കാർഷിക, സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെ ശക്തമായ ആശയ വിനിമയ ഉപാധിയാണ് റേഡിയോ. റേഡിയോയുടെ വിദ്യാഭ്യാസപരമായ പ്രയോജനങ്ങളെക്കുറിച്ചു പഠനം നടത്തിയിട്ടുള്ള ചിലരുടെ നിരീക്ഷണങ്ങൾ ഇങ്ങനെയാണ്,

The Agency for International Development എന്ന സംഘടനയുടെ പഠനം പറയുന്നത് പാഠപുസ്തകങ്ങളെക്കാളും അധ്യാപകരെക്കാളും ഫലപ്രദവും ചെലവുകുറഞ്ഞതുമായ പഠനസാമഗ്രിയാണ് റേഡിയോ എന്നാണ്.

Tripp & Roby 1996

ക്ലാസ് അധ്യാപകർക്ക് പ്രാപ്തിക്കുറവും പരിശീലനക്കുറവും ഉള്ള വിഷയങ്ങളിൽ റേഡിയോയ്ക്ക് സഹായിക്കാൻ കഴിയും. ഏറ്റവും പുതിയതും അപൂർവവുമായ വിവരങ്ങൾ തേടിപ്പിടിച്ച് എത്തിക്കാനും റേഡിയോ സഹായകമാകും.

Muller 1985

വിദ്യാഭ്യാസ രംഗത്ത് റേഡിയോക്ക് മൂന്നു തരത്തിലുള്ള മികവുകളുണ്ട്. വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയും പ്രസക്തിയും വർധിപ്പിക്കാനും ചെലവുകുറയ്ക്കാനും പഠനസാമഗ്രികൾ സാർവത്രികമായി (സാധാരണഗതിയിൽ ലഭ്യമാകാത്തവരിലേക്കും ) എത്തിക്കാൻ സഹായിക്കും.

Jaminson and MC Anany (1978)

റേഡിയോക്ക് ചില പരിമിതികളുമുണ്ട്. അതിൽ ആശയവിനിമയം പരിമിതമാണ്. ഫീഡ്ബാക്കിനും സംശയനിവാരണത്തിനും അവസരം കുറവാണ്. ഇടതടവില്ലാത്ത അവതരണമാണ്. എല്ലാ വിഭാഗം കുട്ടികൾക്കും ഒരേ വേഗത്തിൽതന്നെയാണ്

കാര്യങ്ങൾ ലഭ്യമാകുന്നത്. കുറിപ്പുകൾ എഴുതിയെടുക്കാനും പ്രയാസമാണ്. ഈ പരിമിതികൾ മറികടക്കുന്നതിനായി അനുബന്ധ സാമഗ്രികളും തുടർ പരിശീലനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

MC Issac gunawardena 1996

ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും സ്കൂളുകളും കോളജുകളും മറ്റു കൂട്ടായ്മകളുമൊക്കെ കമ്മ്യൂണിറ്റി റേഡിയോകൾ ആരംഭിച്ചു. പക്ഷേ

നമ്മുടെ നാട്ടിൽ കമ്മ്യൂണിറ്റി റേഡിയോകൾക്ക് ഇനിയും പ്രചാരം ലഭിച്ചിട്ടില്ല. ചില സ്കൂളുകളും

കോളേജുകളും മറ്റും ഇത്തരം പരിപാടികൾ നടത്തിയിട്ടുണ്ടെങ്കിലും കമ്മ്യൂണിറ്റി റേഡിയോയുടെ സാധ്യതകൾ നാം പൂർണമായി ഉപയോഗപ്പെടുത്തിയിട്ടില്ല.

കുട്ടികളുടെ റേഡിയോ എന്ന ആശയവും കേരളത്തിൽ പ്രാവർത്തികമായിട്ടില്ല. കുട്ടികൾക്കു വേണ്ടി മാത്രമുള്ള റേഡിയോ ചാനലുകളും കുട്ടികൾക്കു വേണ്ടി കുട്ടികൾ അവതരിപ്പിക്കുന്ന റേഡിയോ ചാനലുകളും പലയിടങ്ങളിലുമുണ്ട്. കേരളത്തിൽ ആകാശവാണി കുട്ടികൾക്കായി പരിപാടികൾ അവതരിപ്പിക്കാറുണ്ടെന്നു മാത്രം.

എന്നാൽ പല വിദേശ റേഡിയോകളും (ബിബിസി റേഡിയോ, ദക്ഷിണാഫ്രിക്കയിലെ ബുഷ് റേഡിയോ തുടങ്ങിയവ ഉദാഹരണം) കുട്ടികൾക്കായി റേഡിയോ എന്ന കാഴ്ചപ്പാടിലൂന്നിയുള്ള പരിപാടികൾ അവതരിപ്പിക്കാറുണ്ട്.

പല വിദേശ റേഡിയോ ചാനലുകളും റേഡിയോ പരിപാടികൾ തയാറാക്കുന്നതിലും റേഡിയോ പ്രൊഡക്ഷൻ, സൗണ്ട് എൻജിനീയറിങ് പോലുള്ള മേഖലകളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

ബുഷ് റേഡിയോയുടെ പ്രശസ്തമായ ഒരു പ്രോജക്ടായിരുന്നു റേഡിയോ കിഡോക്രസി (Radio Kidocracy).കുട്ടികൾക്കു വേണ്ടി മാത്രമുള്ള കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ പരിപാടിയാണിത്.

6 മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് റേഡിയോ പരിപാടികൾ നിർമിക്കാനും പ്രക്ഷേപണം ചെയ്യാനുമുള്ള പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകി. ഇതേപ്പറ്റി ചർച്ച ചെയ്യുന്നതിനായി കിഡോക്രസി കോൺഫറൻസും സംഘടിപ്പിച്ചു. ഈ സമ്മേളനത്തിൽ തയാറാക്കിയ ആഫ്രിക്ക ചാർട്ടർ ഓൺ ചിൽഡ്രൻസ് ബ്രോഡ്കാസ്റ്റിങ്ങിന് പിന്നീട് കോമൺവെൽത്ത് ബ്രോഡ്കാസ്റ്റേഴ്സ് അസോസിയേഷൻ അംഗീകാരം നൽകി. കുട്ടികൾ എന്താണു റേഡിയോയിൽനിന്നു പ്രതീക്ഷിക്കുന്നതെന്നും അതിനോട് റേഡിയോയ്ക്ക് എങ്ങനെ ഫലപ്രദമായി പ്രതികരിക്കാൻ കഴിയുമെന്നുമുള്ള അന്വേഷണമായിരുന്നു റേഡിയോ കിഡോക്രസി.

ബ്രിട്ടനിലാകട്ടെ കുട്ടികൾക്കു വേണ്ടി കുട്ടികളുടെ റേഡിയോ എന്ന

കാഴ്ചപ്പാടോടെ ചിൽഡ്രൻ ആൻഡ് റേഡിയോ എന്നൊരു സംഘടനതന്നെ 2004 മുതൽ പ്രവർത്തിക്കുന്നു. റേഡിയോ ചാനലുകളും ഇക്കാര്യത്തിൽ താത്പര്യം എടുത്തിട്ടില്ല. ബിബിസി റേഡിയോ 'റേഡിയോ ഇൻ സ്കൂൾസ് ' എന്ന പേരിൽ അധ്യാപകർക്കായി പരീശീലന പരിപാടിയും മറ്റും നടത്തുന്നുണ്ട്.

പങ്കാളിത്ത റേഡിയോ എന്ന ആശയവുമായി കുട്ടികൾക്ക് റേഡിയോ പ്രക്ഷേപണത്തിൽ പരിശീലനം നൽകുകയും സ്കൂളുകളിലും മറ്റും കമ്മ്യൂണിറ്റി റേഡിയോ ആരംഭിക്കാൻ പ്രോൽസാഹനം നൽകുകയും ചെയ്യുന്നു.

200405 വർഷത്തിൽ ഇംങ്ങിൽ നടത്തിയ സർവേയിൽ (ചൈൽഡ് വൈസ് മോണിറ്റർ സർവേ) 716 പ്രായമുള്ള കുട്ടികളിൽ 7% പേരാണ് ഏതെങ്കിലും തരത്തിൽ റേഡിയോ പരിപാടികളിൽ പങ്കെടുത്തിട്ടുള്ളത്. ഇതിൽ തന്നെ ബഹുഭൂരിപക്ഷവും ലൈവ് ക്വിസ്, ഫോൺ വഴിയുള്ള ചർച്ച തുടങ്ങിയവയിലാണു പങ്കെടുത്തിട്ടുള്ളത്. കലാപരിപാടികൾ അവതരിപ്പിച്ചിട്ടുള്ളത് ഒരു ശതമാനം കുട്ടികൾ മാത്രമാണ്.

കേരളത്തിൽ സ്ഥിതി ഇതിലും പരിതാപകരമായിരിക്കു മെന്നുറപ്പാണ്. റേഡിയോയുടെ പ്രസക്തിയെപ്പറ്റി കാര്യമായ ചർച്ചകൾ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടില്ല. റേഡിയോയ്ക്ക് പഠനത്തിന്റെ ഒട്ടേറെ തലങ്ങളിൽ കുട്ടികളെ സഹായിക്കാനാകും. ചില ഉദാഹരണങ്ങൾ:

ഭാഷാപഠനത്തിൽ , പ്രത്യേകിച്ച് ശരിയായ തരത്തിൽ ഭാഷ കൈകാര്യം ചെയ്യുന്നതിന് റേഡിയോ പരിപാടികൾ സഹായിക്കും. ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ മറ്റു ഭാഷകളിൽ ഉച്ചാരണവും സംസാര രീതിയും പഠിക്കുന്നതിന് റേഡിയോ പരിപാടികൾ കേൾക്കാം.

മലയാള ഭാഷയുടെ കാര്യത്തിലും ഇതു ശരിയാണ്. പല എഫ്എം ചാനലുകളിലെയും (ടിവി ചാനലുകളിലെയും) അവതാരകരുടെ ഭാഷ വികല മലയാളമാണെന്നത് വലിയ പ്രശ്നമാണ്.

സംഗീതവും നാടകവുമൊക്കെ പഠിക്കുന്നതിനു റേഡിയോ നല്ലൊരു മാധ്യമമമാണ്. റേഡിയോ നാടകം എന്നൊരു വിഭാഗം തന്നെയുണ്ടല്ലോ. ശബ്ദത്തിലൂടെ മാത്രം ആശയകൈമാറ്റം നടത്തുക എന്നത് വെല്ലുവിളി തന്നെയാണ്. ചരിത്ര, സാഹിത്യ നാടകങ്ങൾ ഉള്ളടക്കത്തെപ്പറ്റി ധാരണ ലഭിക്കുന്നതിനും കുട്ടികളെ സഹായിക്കുന്നു.

പഠനഭാഗവുമായി ബന്ധപ്പെട്ട ചർച്ചകളും സംവാദങ്ങളുമൊക്കെ റേഡിയോയിൽ ലഭ്യമാകുന്നത് കൃത്യമായ ആശയരൂപീകരണത്തിന് കുട്ടികളെ സഹായിക്കും.

റേഡിയോ സ്റ്റേഷന്റെ പ്രവർത്തനവും മറ്റും മനസിലാക്കുന്നത് മാധ്യമപഠനത്തിന്റെ ഭാഗമാണല്ലോ, സാമൂഹിക, സാംസ്കാരിക, കലാ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളും മറ്റു പരിപാടികളും മുതിർന്ന കുട്ടികൾക്ക് ഉപകാരപ്രദമാകും.

വാമൊഴിയായി പ്രചരിച്ചു വരുന്ന നാടൻ പാട്ടുകളും വാമൊഴി സംസ്കാരങ്ങളുടെ വൈവിധ്യവുമൊക്കെ റേഡിയോ പരിപാടികളിലൂടെ കുട്ടികളിലേക്ക് എത്തിക്കാൻ സാധിക്കും.

അഭിമുഖം നടത്താനും പരിപാടികൾക്ക് സ്ക്രിപ്റ്റ് എഴുതാനും മറ്റും കുട്ടികൾക്ക് അവസരം നൽകുന്നതും നന്നാകും.

സാങ്കേതിക വിദ്യയുടെ വികാസത്തോടെ റേഡിയോ പരിപാടികൾ അവതരിപ്പിക്കാൻ റേഡിയോ സ്റ്റേഷനിൽ പോകണമെന്നുപോലും ഇല്ല. മിനി ഡിസ്ക് റിക്കോർഡറും മൈക്രോഫോണും ലാപ്ടോപ്പും ഉൾപ്പെടുന്ന പോർട്ടബിൾ റേഡിയോ പ്രൊഡക്ഷൻ കിറ്റുകൾ ലഭ്യമാണ്.

വിദേശ രാജ്യങ്ങളിൽ പല സ്കൂളുകൾക്കും സ്വന്തമായി റേഡിയോ സ്റ്റേഷനുണ്ട്. ഇതിനായി റിസ്ട്രിക്റ്റഡ് സർവീസ് ലൈസൻസ് (ആർഎസ്എൽ) എടുത്താൽ മതിയാകും. ഇന്റർനെറ്റ് റേഡിയോയും സ്കൂൾ പരിസരത്തു മാത്രം ഒതുങ്ങുന്ന ലോക്കൽ സ്റ്റേഷനുകളും ആരംഭിക്കാം.

റേഡിയോ പ്രക്ഷേപണത്തിന്റെ സാങ്കേതിക വിദ്യകൾ എളുപ്പമായെങ്കിലും നമ്മുടെ നാട്ടിൽ കമ്മ്യൂണിറ്റി റേഡിയോ കുറവാണ്. ദേശീയ തലത്തിൽ വിദ്യാഭ്യാസത്തിൽ ഊന്നിയുള്ള ഒരുപാട് റേഡിയോ പ്രോജക്ടുകൾ ഉണ്ടായിട്ടുണ്ട്. സ്കൂൾ ബ്രോഡ്കാസ്റ്റ് പ്രോജക്ട്,അഡൽറ്റ് എജ്യുക്കേഷൻ ആൻഡ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ട്, ഫാം ആൻഡ് ഹോം ബ്രോഡ്കാസ്റ്റ് പ്രോജക്ട്, യൂണിവേഴ്സിറ്റി ബ്രോഡ്കാസ്റ്റ് പ്രോജക്ട്, ഭാഷാപഠന പദ്ധതി, ഇഗ്നോ( ഇന്ദിരാഗാന്ധി നാഷനൽ ഓപ്പൺ യൂണിവേഴ്സിറ്റി) എഐആർ ബ്രോഡ്കാസ്റ്റ്, ജ്ഞാൻവാണി തുടങ്ങി പല പദ്ധതികളിലൂടെയും പരിപാടികളിലൂടെയും റേഡിയോയുടെ വിദ്യാഭ്യാസമൂല്യം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.ഇഗ്നോ ഉൾപ്പെടെയുള്ള വിദൂര വിദ്യാഭ്യാസ

സ്ഥാപനങ്ങൾ പലതും ചെലവുകുറഞ്ഞ തരത്തിൽ പരമാവധി പേരിലേക്ക് എത്താനുള്ള മാധ്യമം എന്ന നിലയിൽ ഉള്ളടക്കം വിദ്യാർഥികളിലേക്ക് എത്തിക്കാൻ റേഡിയോയെ ഉപയോഗപ്പെടുത്തുന്നു.

ഇന്ത്യയിലെ ആദ്യ വിദ്യാഭ്യാസ എഫ്എം റേഡിയോ ചാനലാണ് ജ്ഞാൻവാണി. ഇഗ്നോ, എൻസിഇആർടി , യുജിസി തുടങ്ങിയ ഏജൻസികളാണ് പരിപാടികൾ തയാറാക്കുന്നത്.

അതേസമയം, കേരളത്തിൽ ഈ മേഖലയിലെ സ്ഥിതി ഏറെ പരിതാപകരമാണ്. സ്വകാര്യ എഫ്എം ചാനലുകൾ വ്യാപകമായത് റേഡിയോ ശ്രോതാക്കളുടെ എണ്ണം വർധിക്കാൻ സഹായകമായി. പാട്ടിനോടും സംഗീതത്തോടുമുള്ള അഭിരുചി വർധിപ്പിക്കാനും ഇതു സഹായിച്ചിട്ടുണ്ട്.

അതേസമയം എഫ് എം റേഡിയോ ചാനലുകളുടെ അജണ്ടയിൽ ഇതുവരെ കുട്ടികൾ കടന്നുവന്നിട്ടില്ല. അതേസമയം, ആകാശവാണി കുട്ടികൾക്കായുള്ള പരിപാടികൾ പരമ്പരാഗതമായി തന്നെ പ്രക്ഷേപണം ചെയ്തു വരുന്നു. ഇവയിൽ പലതും ദേശീയതലത്തിലുള്ള പരിപാടികളുടെ ഭാഗമായുള്ളതാണ്.

ആകാശവാണി കുട്ടികളെ ലക്ഷ്യമിട്ടു സംപ്രേഷണം ചെയ്യുന്ന ചില പരിപാടികളെപ്പറ്റി,

***ബാലലോകം**

എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ കുട്ടികൾക്കായി അവതരിപ്പിക്കുന്ന പരിപാടിയാണ് ബാലലോകം. കേരളത്തിലുടനീളം കുട്ടികളുടെ കൂട്ടായ്മയായി റേഡിയോ ബുകൾ വളർന്ന കാലമുണ്ടായിരുന്നു. മറ്റു ബുകളോടും സ്ഥാപനങ്ങളോടും അനുബന്ധിച്ച് ഇത്തരം റേഡിയോ ബുകൾ ആരംഭിക്കുകയും കുട്ടികളുടെ കലാസാഹിത്യ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രധാന വേദികളായി ഇവ മാറുകയും ചെയ്തു. പരിപാടികൾ കേട്ട് അഭിപ്രായങ്ങളും നിർദേശങ്ങളും കുട്ടികൾ ബാലലോകം അമ്മാവനെ എഴുതി അറിയിക്കുന്ന പതിവുമുണ്ടായിരുന്നു. ഇത്തരം ബുകൾ കുട്ടികളുടെ വളർച്ചയ്ക്കും സമൂഹപുരോഗതിക്കും സഹായകമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.എന്നാൽ റേഡിയോ ബുകളുടെ എണ്ണം ഏറെ കുറഞ്ഞിട്ടുണ്ട്. ബാലലോകത്തിന്റെ പുഷ്കല കാലം തിരിച്ചുകൊണ്ടു വരുന്നതിനുള്ള ശ്രമങ്ങളാണ്

ആകാശവാണിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടത്.

***രശ്മി**

ശനിയാഴ്ചകളിലാണു രശ്മി. 12 വയസിൽ താഴെയുള്ള കുട്ടികളാണ് ഇതിൽ പങ്കെടുക്കുന്നത്. കഥ, പാട്ട് , കഥാപ്രസംഗം, സ്കിറ്റ് തുടങ്ങിയ വിവിധ പരിപാടികൾ രശ്മിയിൽ കൊച്ചുകൂട്ടുകാർ അവതരിപ്പിക്കുന്നു.

***കുട്ടികളുടെ പൂന്തേനരുവി**

എല്ലാ ശനിയാഴ്ചയും ഉച്ചയ്ക്ക് കുട്ടികളുടെ പൂന്തേനരുവി പ്രക്ഷേപണം ചെയ്യാറുണ്ട്. ഈ ഫോൺ ഇൻ ചലച്ചിത്ര ഗാനപരിപാടിയിലേക്ക് കുട്ടികൾക്ക് വിളിച്ച് പാട്ടുകൾ ആവശ്യപ്പെടാം.

***വിദ്യാഭ്യാസപരിപാടി**

കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതു ലക്ഷ്യമിട്ടുള്ള പരിപാടിയാണിത്. രസകരമായ സംഭാഷണങ്ങൾ, സംഗീതം, എന്നിവയുടെ സഹായത്തോടെയുള്ള ഫീച്ചറുകളും ലഘുനാടകങ്ങളും ചിത്രീകരണങ്ങളും ഒക്കെയാണ് ഇതിൽ. വിദ്യാഭ്യാസ സംബന്ധമായ പ്രഭാഷണങ്ങളും ചർച്ചകളുമൊക്കെ ഉണ്ടാകാറുണ്ട്. പരീക്ഷാസഹായികളും നൽകാറുണ്ട്.

***ഹിന്ദിപാഠം, സംസ്കൃതപാഠം**

വിദ്യാർഥികൾക്ക് ഹിന്ദിയും സംസ്കൃതവും പഠിക്കുന്നതിനു സഹായകമായ , മിക്കവാറും ആറാം ാസ് മുതൽ പത്താം ാസ് വരെയുള്ള പാഠങ്ങളാണ് ഈ പരിപാടികളിൽ പ്രക്ഷേപണം ചെയ്യാറുള്ളത്.

***സംഗീതപാഠം**

കുട്ടികളെ കർണാടക സംഗീതം, ഹിന്ദുസ്ഥാനി സംഗീതം, ലളിതഗാനം തുടങ്ങിയവ പഠിപ്പിക്കുന്നതിനുള്ള പരിപാടിയാണിത്. സംഘഗാനഗ്രൂപ്പുകൾ മിക്ക നിലയങ്ങളിലുമുണ്ട്.

ഇതു കൂടാതെ ഇഗ്നോയുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ എഫ്എം ചാനലായ ജ്ഞാൻവാണിയുടെ പരിപാടികളുമുണ്ട്.

ഡിസംബർ മാസം രണ്ടാമത്തെ ഞായറാഴ്ച യുനിസെഫ് കുട്ടികളുടെ രാജ്യാന്തര പ്രക്ഷേപണ ദിനമായി ആഘോഷിക്കുന്നു. അന്ന് കുട്ടികൾക്കു തന്നെ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള

അവസരം ആകാശവാണി നൽകാറുണ്ട്.

ഇത്തരം പരിപാടികൾക്കപ്പുറം കുട്ടി ശ്രോതാക്കളെ ഗൗരവത്തിലെടുത്ത് പരിപാടികൾ തയാറാക്കാൻ റേഡിയോയ്ക്ക് കഴിഞ്ഞിട്ടില്ല. ആകാശവാണി തന്നെ ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം.

കുട്ടികൾക്കു വേണ്ടിയൊരു മലയാളം റേഡിയോ ചാനൽ എന്നതു യാഥാർഥ്യമാക്കുന്നതിന് ആകാശവാണിക്കു സാധിക്കും. അധികം മുതൽമുടക്കില്ലാതെ കുട്ടികൾക്കു പ്രയോജനപ്രദമായ രീതിയിൽ പരിപാടികൾ അണിയിച്ചൊരുക്കണം. സ്വകാര്യ എഫ് എം നിലയങ്ങളും കുട്ടികൾക്കു വേണ്ടിയുള്ള പരിപാടികൾ തുടങ്ങണം. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി റേഡിയോകൾ സ്കൂളുകളും മറ്റും ആസ്ഥാനമാക്കി തുടങ്ങണം.

റേഡിയോ പരിപാടികളും മറ്റും തയാറാക്കുന്നതിലും റേഡിയോ സാങ്കേതിക വിദ്യയിലും കുട്ടികൾക്കു പരിശീലനം നൽകണം. റേഡിയോ പരിപാടികൾ പാഠ്യപദ്ധതിയിലും ഉൾപ്പെടുത്തണം. അതുപോലെ തന്നെ കുട്ടികളുടെ അവകാശ സംരക്ഷണം പോലെ പ്രസക്തമായ വിഷയങ്ങൾ റേഡിയോ കൂടുതലായി കൈകാര്യം ചെയ്യണം.

ശിശുസൗഹൃദപരമായ ഭാഷ ഉപയോഗിക്കുന്നതിലും കുട്ടികളുടെ റിപ്പോർട്ടിങ് സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കുന്നതിലും റേഡിയോ പ്രക്ഷേപകർക്കു പരിശീലനം നൽകണം.

●

## അധ്യായം 12

# പരസ്യങ്ങളുടെ മായാലോകം

അറിയിക്കുക, വിനോദിപ്പിക്കുക തുടങ്ങിയ പ്രാഥമിക ധർമങ്ങൾക്കപ്പുറം ജനങ്ങളെ ഉപയോക്താക്കളാക്കുക എന്നതാണു മാധ്യമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാത്തരം മാധ്യമങ്ങൾക്കും ഉത്തരവാദിത്തമുണ്ട്.

പല തലങ്ങളിലായി ഇതു സംഭവിക്കുന്നു. വായനക്കാരും പ്രേക്ഷകരും മാധ്യമങ്ങളുടെ ഉപയോക്താക്കളാണല്ലോ. അതിനാൽ മാധ്യമങ്ങൾ സ്വയം മാർക്കറ്റ് ചെയ്യുന്നു.

ആയിരക്കണക്കിന് ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും അതിശയോക്തിയും അർധസത്യങ്ങളും കൂടിക്കലർന്ന പരസ്യമാമാങ്കം മാധ്യമങ്ങൾ അവതരിപ്പിക്കുന്നു. ആവർത്തനമാണ് പരസ്യങ്ങളുടെ വിജയരഹസ്യം.

ഒന്നോ രണ്ടോ വട്ടം വായിച്ചോ കണ്ടോ കളയുന്നവർ പോലും തുടർച്ചയായി പരസ്യം വരുമ്പോൾ അവ ശ്രദ്ധിക്കാൻ നിർബന്ധിതരാകുന്നു. പലവട്ടമാകുമ്പോൾ അതിൽ പറയുന്ന കാര്യങ്ങൾ വാസ്തവമാണെന്നു ധരിച്ചു പോകുന്നു. കുട്ടികളിലാകട്ടെ ഈ സ്വാധീനിക്കൽ പ്രക്രിയ വളരെ വേഗം കൂടുന്നു. ഫലമോ അതിഭാവുകത്വത്തിന്റെയും വാങ്ങിക്കൂട്ടൽ സംസ്കാരത്തിന്റെയും ഒരു അന്തരീക്ഷം അവരുടെ മനസുകളിലേക്ക് വ്യാപിക്കുന്നു.

പരസ്യങ്ങൾ മുഖ്യമായും ലക്ഷ്യമിടുന്നത് കുട്ടികളെയാണ്. ആഭരണം, വസ്ത്രം, വണ്ടി തുടങ്ങി വളരെക്കുറച്ച് മേഖലകൾ

ഒഴികെയുള്ളവയിൽ പരസ്യങ്ങൾ കുട്ടികളിലൂടെ കുടുംബങ്ങളെ സ്വാധീനിക്കാനാണു ശ്രമിക്കുന്നത്, പ്രത്യേകിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ. ഒന്നുകിൽ കുട്ടികളെ ആകർഷിക്കുന്നതു ലക്ഷ്യമിട്ടുള്ള പരസ്യങ്ങൾ, അല്ലെങ്കിൽ കുട്ടികൾക്കു വേണ്ടിയാണെന്ന ധാരണയുണ്ടാക്കി മുതിർന്നവരെ സ്വാധീനിക്കാനുള്ള പരസ്യങ്ങൾ.

പരസ്യങ്ങൾ കുട്ടികളിലുണ്ടാക്കുന്ന സ്വാധീനത്തെപ്പറ്റിയും മാധ്യമങ്ങൾ ഇക്കാര്യത്തിൽ പുലർത്തേണ്ട ആത്മനിയന്ത്രണത്തെപ്പറ്റിയും ഗൗരവമുള്ള ചർച്ചകൾ കേരളത്തിൽ ഉണ്ടാകുന്നുമില്ല. പൊതുവായ ചില നിയന്ത്രണങ്ങൾ ഇക്കാര്യത്തിൽ ദേശീയ തലത്തിലുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ പ്രായോഗിക തലത്തിൽ ഈ നിയന്ത്രണങ്ങൾ ഉണ്ടാകുന്നില്ല. കാരണം നിയന്ത്രണങ്ങൾ ഗുരുതരമായ നിയമലംഘനങ്ങളോ അധാർമികതകളോ ഒഴിവാക്കുന്നതു ലക്ഷ്യമിട്ടാണ്.

പരസ്യങ്ങൾ മനശ്ശാസ്ത്രപരമായി കുട്ടികളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെപ്പറ്റിയും അതിന്റെ ദുഷ്ഫലങ്ങൾ ഒഴിവാക്കുന്നതിനെപ്പറ്റിയുമുള്ള കാര്യങ്ങൾ ഇത്തരം നിയന്ത്രണങ്ങളുടെ പരിധിയിൽ വരുന്നില്ലെന്നതാണു യാഥാർഥ്യം. ദൃശ്യങ്ങൾ മനസുകളിലേക്ക് ശക്തമായി കടന്നു കയറുമ്പോൾ നിയന്ത്രണങ്ങൾ പലതും അപ്രസക്തമാകുന്നു.

വിവരവിസ്ഫോടനത്തിന്റെയും അതിരുകൾ മറികടന്നു പോകുന്ന ആശയവിനിമയത്തിന്റെയും കാലമാണല്ലോ ഇത്. ഒരിടത്തു സാംസ്കാരികമായും ധാർമികമായും പ്രശ്നമില്ലാത്ത പരസ്യങ്ങളോ പരിപാടികളോ തീർത്തും വ്യത്യസ്തമായൊരു സാംസ്കാരിക, ധാർമിക ഭൂമികയിലേക്കു അതേപടി വിനിമ യം ചെയ്യപ്പെടുമ്പോൾ സ്വാഭാവികമായും അതു ചില പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയുണ്ട്. മാത്രമല്ല, ടിവിയിൽ കാണുന്നതും പത്രത്തിൽ അച്ചടിച്ചിരിക്കുന്നതുമെല്ലാം ശരിയാണെന്ന ധാരണയാണു കുഞ്ഞുങ്ങൾക്ക്. പരസ്യങ്ങളാകട്ടെ അതിശയോക്തിയുടെയും അതിഭാവുകത്വത്തിന്റെയും അയഥാർഥമായൊരു ലോകമാണല്ലോ സൃഷ്ടിക്കുന്നത്. പരസ്യം വിപണനത്തിനുള്ള തന്ത്രം മാത്രമാണെന്നും അവയുടെ വിശ്വസനീയത മിക്കവാറും സംശയാസ്പദമാണെന്നും മുതിർന്നവർ പോലും മനസിലാക്കാത്ത സാഹചര്യമാണുള്ളത്.

സ്വാഭാവികമായും ഇതു സ്ഥിരമായി കാണുന്ന കുട്ടികളിൽ യാഥാർഥ്യവുമായി ഒരു ബന്ധവുമില്ലാത്ത ജീവിത വീക്ഷണം രൂപപ്പെടാൻ സാധ്യതയേറെയാണ്. ചുറ്റുപാടുകളുമായി ബന്ധമില്ലാതെ ടിവിയും കംപ്യൂട്ടർ ഗെയിമുകളും കുട്ടികളുടെ നിത്യസഹചാരികളാകുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

വാങ്ങിക്കൂട്ടൽ സംസ്കാരം അബോധമായി കുട്ടികളിൽ കുത്തിവയ്ക്കുന്ന പരസ്യങ്ങൾ പണമാണ് എല്ലാത്തിന്റെയും അടിസ്ഥാനമെന്ന വികലധാരണ ഉണ്ടാക്കുന്നു.

പരസ്യനിർമാതാക്കൾ കുട്ടികളിൽ എളുപ്പം സ്വാധീനം ചെലുത്താൻ കഴിയുന്ന തരത്തിൽ പരസ്യങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മൽസരത്തിലാണ്. പരസ്യത്തിൽ പറയുന്ന ഉത്പന്നങ്ങൾ ഇല്ലെങ്കിൽ, അതുപോലെ ആയില്ലെങ്കിൽ താൻ മോശക്കാരനായേക്കുമെന്ന ധാരണ കുട്ടികളിൽ കുത്തിവയ്ക്കുന്നു.

പണത്തിനു വേണ്ടിയുള്ള പാച്ചിലിനിടയിൽ ജീവിത ലക്ഷ്യവും സമാധാനവും നഷ്ടപ്പെട്ട്, ചുറ്റുപാടുകളോടും സമൂഹത്തോടും ബന്ധമില്ലാത്തവരായി മാറിപ്പോകുന്നവരുടെ കൂട്ടത്തിലേക്ക് ഈ കുട്ടികളും ഉൾപ്പെട്ടുപോകാനുള്ള സാധ്യത ഏറെയാണ്.

കാര്യങ്ങൾ മനസിലാക്കാൻ ശേഷിയുണ്ടാകും മുൻപേ കുട്ടികൾ പരസ്യങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നു. കുട്ടിക്ക് പരസ്യം കാണാൻ വലിയ ഇഷ്ടമാണ് എന്ന് കുരുന്നുകളെപ്പറ്റി പറയുന്നതു കേട്ടിട്ടില്ലേ. അതിവേഗം മാറിമറിയുന്ന ദൃശ്യങ്ങളുടെ ചടുലതയാണ് കുട്ടികളെ ആകർഷിക്കുന്നത്.

കേരളത്തിൽ പരസ്യങ്ങൾക്ക് കാര്യമായ നിയന്ത്രണങ്ങളൊന്നുമില്ല. അതു വെറും പരസ്യമല്ലേ എന്ന മട്ടിൽ പരസ്യങ്ങൾ വഴി എന്തും അവതരിപ്പിക്കാമെന്ന സ്ഥിതിയുണ്ട്.

ശരിക്കും മനശ്ശാസ്ത്രപരമായ ചൂഷണമാണ് പരസ്യങ്ങളിലൂടെ സംഭവിക്കുന്നത്. ഇക്കാര്യത്തിൽ മാധ്യമസ്ഥാപനങ്ങളും കാര്യമായ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. അവരുടെ പ്രധാന വരുമാന മാർഗമാണല്ലോ പരസ്യങ്ങൾ.

ടിവിയിൽ പരസ്യങ്ങൾക്കിടയിൽ കാണിക്കാൻ തട്ടിക്കൂട്ടിയതാണ് എന്ന മട്ടിലാണു ചില പരിപാടികൾ അവതരിപ്പിക്കപ്പെടുന്നത്. പത്രങ്ങളിലെ ചില പേജുകളും പരസ്യങ്ങൾക്കിടയിൽ നിറയ്ക്കാൻ ചില വാർത്തകൾ എന്ന രീതിയിലുള്ളതാണ്.

കുടുംബം ഏതു വാങ്ങണം എന്തു വാങ്ങണമെന്നു തീരുമാനിക്കുന്നതിൽ കുട്ടികൾ വളരെ നിർണായകമായൊരു പങ്കുവഹിക്കുന്നു. അതുകൊണ്ടു തന്നെ കുട്ടികളിലേക്ക് എങ്ങനെ എളുപ്പം സ്വാധീനം ചെലുത്താമെന്നതിൽ മനശ്ശാസ്ത്രജ്ഞരുടെ സഹായവും പരസ്യ ഏജൻസികൾ തേടാറുണ്ട്. കുട്ടികളെ എളുപ്പം ആകർഷിക്കുന്ന ജിംഗിളുകൾ, കൃസൃതി നിറഞ്ഞ ദൃശ്യങ്ങൾ, അതിവേഗം മാറിമറിയുന്ന വിഷ്വൽ സീക്വൻസുകൾ തുടങ്ങിയവയാണ് മിക്ക പരസ്യങ്ങളിലും.

കുട്ടികളുടെ നിർബന്ധത്തിനു വഴങ്ങി അത്ര ആവശ്യമില്ലാത്ത പല ഉത്പന്നങ്ങളും വാങ്ങിക്കൊടുക്കാൻ നിർബന്ധിതരാകുന്ന സാഹചര്യമാണ് വീടുകളിൽ. കരച്ചിലും പിണക്കവും കാരണം എന്നാൽ വാങ്ങിയേക്കാം എന്നു തീരുമാനിക്കാൻ നിർബന്ധിതരാകുന്നു.

സൂപ്പർമാർക്കറ്റുകളിലെ ചില നിരീക്ഷണങ്ങളിൽനിന്നു മനസിലായത് കുട്ടികളുമായെത്തുന്ന കുടുംബങ്ങളിൽ ഷോപ്പിങ്ങിനിടെ ബ്രാൻഡ് തിരഞ്ഞെടുക്കുന്നതു കുട്ടികളാണ്. ഉദാഹരണമായി ആ ഇനി ബിസ്ക്കറ്റ് നോക്കാം എന്ന് അച്ഛൻ പറഞ്ഞുതീരുംമുൻപെ കുട്ടി പരസ്യത്തിലൂടെ പരിചയപ്പെട്ട ബ്രാൻഡ് കയ്യിലെടുത്തു കഴിഞ്ഞിരുന്നു.

ടിവിയിൽ കാണിക്കുന്ന സാഹസിക രംഗങ്ങൾ അനുകരിക്കാനുള്ള പ്രവണത കുട്ടികളിലുണ്ട്. പരസ്യങ്ങളിലാണ് ഇത്തരം രംഗങ്ങൾ ഏറെ. അനുകരിക്കാൻ ശ്രമിക്കരുതെന്ന മുന്നറിയിപ്പ് കാണിച്ചാൽ പോലും കുട്ടികൾ അതുപോലൊന്നു ചെയ്തു നോക്കാൻ ശ്രമിക്കുകയും അപകടത്തിൽപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്.

പണത്തിന്റെ വില തിരിച്ചറിയാൻ പ്രായമായിട്ടില്ലാത്തതിനാൽ കുട്ടി മിന്നുന്ന പരസ്യദൃശ്യങ്ങൾ കണ്ട് വിലപിടിപ്പുള്ള സാധനങ്ങൾ വാങ്ങിക്കൊടുക്കാൻ നിർബന്ധിക്കുന്നതും സാധാരണമാണ്.

സ്ഥിരമായി പരസ്യങ്ങൾ കാണുന്ന കുട്ടികളിൽ ചില പെരുമാറ്റ വൈകല്യങ്ങൾ ഉണ്ടാകാമെന്നുപോലും ചില മനശ്ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു.

വസ്ത്രം, ആഹാരം, കളിപ്പാട്ടം തുടങ്ങിയവയൊക്കെ ഏതാണു വേണ്ടതെന്ന കാര്യത്തിൽ ഉത്പന്നത്തിന്റെ ഗുണവും കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിയുമല്ല, പരസ്യത്തിലൂടെ അടിച്ചേൽപ്പിക്കപ്പെട്ട കുട്ടിയുടെ നിർബന്ധമാണ് തീരുമാനം എടുക്കുന്നതിലെ

മുഖ്യഘടകമാകുന്നത്.

ആരോഗ്യത്തിന് ഏറെ ഹാനികരമായ ജങ്ക് ഫുഡിന്റെയും കോളകളുടെയുമൊക്കെ പരസ്യങ്ങൾ ആവർത്തിച്ചാവർത്തിച്ചു കാണുന്നതിലൂടെ അതിനോട് അറിയാതെ താത്പര്യം വരുകയും അത്തരം ഭക്ഷ്യവസ്തുക്കൾക്ക് അടിമയായി തീരുകയും ചെയ്യുന്നു. കുട്ടികൾ പൊണ്ണത്തടിയൻമാരായി മാറുന്നതിലും പരസ്യങ്ങൾ പങ്കുവഹിക്കുന്നുണ്ടെന്നു ചുരുക്കം.

പരസ്യം കുട്ടികളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ ഗൗരവത്തിൽ എടുക്കപ്പെട്ടിട്ടില്ലെങ്കിലും പല രാജ്യങ്ങളിലും ഇതിന് ശക്തമായ നിയന്ത്രണങ്ങൾ വന്നുകഴിഞ്ഞു.

യുകെ, ബൽജിയം, ഗ്രീസ്, ഡെൻമാർക്ക് എന്നീ രാജ്യങ്ങളിൽ കുട്ടികളെ ലക്ഷ്യമിട്ടുള്ള പരസ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

നോർവേയിലും സ്വീഡനിലും 12 വയസിൽ താഴെയുള്ള കുട്ടികളെ ലക്ഷ്യമിട്ടുള്ള പരസ്യങ്ങൾ നിയമവിരുദ്ധമാണ്. യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളിൽ കുട്ടികൾക്കായുള്ള പരസ്യങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

മാധ്യമ സ്ഥാപനങ്ങൾക്ക് പരസ്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്.

അതുകൊണ്ടുതന്നെ പരസ്യ ദാതാക്കളും ഏജൻസികളും ഇക്കാര്യത്തിൽ സ്വയംനിയന്ത്രണം ഏർപ്പെടുത്തുകയാണ് ഒരു വഴി. എന്നാൽ അതും നടക്കുന്ന കാര്യമല്ല. അതുകൊണ്ടു തന്നെ സർക്കാർ ഏജൻസികൾ വഴി ഇക്കാര്യത്തിൽ ഒരു മാർഗനിർദേശമുണ്ടാകേണ്ടത് അടിയന്തരമാണ്.

അത്തരം ഒരു മാർഗനിർദേശത്തിൽ ഉൾപ്പെടുത്തേണ്ട ചില കാര്യങ്ങൾ: *പരസ്യങ്ങൾ കുട്ടികളുടെ അജ്ഞതയും പരിചയക്കുറവും മുതലെടുക്കുന്നവയോ ഏതെങ്കിലും ഉത്പന്നമോ സേവനമോ വാങ്ങാൻ കുട്ടികളെ നിർബന്ധിക്കുന്നവയോ ആകരുത്.

*കുടുംബ ബന്ധം, അധ്യാപക വിദ്യാർഥി ബന്ധം തുടങ്ങി കുട്ടികളെ സംബന്ധിച്ചു പ്രാധാന്യമുള്ള സാമൂഹിക ബന്ധങ്ങളെ കളിയാക്കുകയോ അതിൽ വിശ്വാസം നഷ്ടപ്പെടുത്തുകയോ ചെയ്യുന്ന

തരം പരസ്യങ്ങൾ ഒഴിവാക്കണം.

*ഉത്പന്നങ്ങൾ വാങ്ങിക്കൊടുക്കണമെന്ന മുതിർന്നവരെ നിർബന്ധിക്കാൻ പ്രേരിപ്പിക്കുന്ന തരം പരസ്യങ്ങൾക്കും നിയന്ത്രണം വേണം.

*മോശമായതും അപകടകരവുമായ സാഹചര്യങ്ങളിൽ കുട്ടികളെ പരസ്യത്തിൽ കാണിക്കാൻ പാടില്ല.

*ചിലപ്പോൾ പരിപാടി നടക്കുന്നതിനിടയിൽ പരസ്യങ്ങൾ എഴുതിക്കാണിക്കുകയോ ഉത്പന്നങ്ങളുടെ ചിത്രം കാണിക്കുകയോ ചെയ്യാറുണ്ട്. കുട്ടികളുടെ പരിപാടിയിൽ ഇത് ഒഴിവാക്കണം.

* ആരോഗ്യത്തിന് നല്ലതല്ലാത്ത ഭക്ഷ്യവസ്തുക്കളുടെ പരസ്യങ്ങളിലെ തെറ്റായ അവകാശവാദങ്ങൾ ഒഴിവാക്കണം.

* കേരളത്തിന്റെ സാംസ്കാരികമൂല്യങ്ങളെയും പാരമ്പര്യത്തെയും കളിയാക്കുന്ന തരം പരസ്യങ്ങൾക്കും നിയന്ത്രണം വേണം.

* മലയാള ഭാഷയെ വികലമായി കാണിക്കുകയോ നമ്മുടെ സംസ്കാരത്തെ ഇടിച്ചുതാഴ്ത്തുകയോ ചെയ്യുന്ന തരം പരസ്യങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തണം.

*പരസ്യങ്ങളെപ്പറ്റി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും അവയുടെ ദോഷവശങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും വേണം.

●

അധ്യായം 13

# ഇന്റർനെറ്റ് മാധ്യമങ്ങളും കുട്ടികളും

മാധ്യമ ലോകത്തെ നവാതിഥികളിലൊരാളാണല്ലോ ഇന്റർനെറ്റ്. യഥാർഥത്തിൽ പത്രം, ടിവി, റേഡിയോ എന്നിവയുടെ പ്രത്യേകതകളെല്ലാം സമന്വയിപ്പിച്ച ഒരു മാധ്യമമാണ് ഇന്റർനെറ്റ്. അനന്തമായ സാധ്യതകളാണ് ഇന്റർനെറ്റ് തുറന്നിടുന്നത്.

പത്രം വായിക്കണ്ട, ഇഷ്ടമുള്ള പത്രത്തിന്റെ ഓൺലൈൻ എഡിഷൻ തുറന്ന് വായിക്കാം. അല്ലെങ്കിൽ പത്ര പേജ് അതുപോലെ വായിക്കാവുന്ന ഇ പേപ്പർ നോക്കാം.

ടിവി കാണണ്ട, ഇതിന്റെ ഓൺലൈൻ എഡിഷനിൽ എല്ലാ വാർത്തകളും കാണാം; നമ്മുടെ സൗകര്യത്തിന്. വായിക്കാൻ, എഴുതാൻ, കേൾക്കാൻ, കാണാൻ മാധ്യമരംഗത്തെ ഇന്റർനെറ്റ് എന്ന സൂപ്പർ മാർക്കറ്റിൽ എല്ലാമുണ്ട്.

എല്ലാമുണ്ട് എന്നത് കുട്ടികളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ അവസരമാണ്. അതേസമയം ഇന്റർനെറ്റ് ദുരുപയോഗം വൻ ഭീഷണിയും.

മൊബൈൽ ഫോണിലും ഇന്റർനെറ്റ് കിട്ടുമെന്നായപ്പോൾ വെല്ലുവിളി വർധിച്ചിരിക്കുകയാണ്.

വിഡിയോ ഗെയിമുകൾക്ക് അടിമപ്പെട്ടവർ, അീല സൈറ്റുകളിൽ കുടുങ്ങി ജീവിതം നശിച്ചവർ, വേണ്ടാത്ത ബന്ധങ്ങളിലും കൂട്ടുകെട്ടുകളിലും പെട്ട് സൈബർ കേസുകളിലും അല്ലാത്ത കേസുകളിലും കുടുങ്ങിയവർ ഇന്റർനെറ്റ് എന്ന വലയിൽ കുടുങ്ങി ജീവിതം നഷ്ടമായ കുട്ടികളുടെ എണ്ണം വളരെ വലുതാണ്. ജീവിതം

കൈമോശം വന്നില്ലെങ്കിലും പഠനം ഉഴപ്പിപ്പോയവർ മറ്റൊരു ഭാഗത്ത്. എന്നാൽ ഇന്റർനെറ്റിനെ പൂർണമായി ഒഴിച്ചുനിർത്തുക അസാധ്യമാണ്. കുട്ടികൾ വഴി തെറ്റുമെന്ന് കരുതി ഇന്റർനെറ്റിലേക്ക് അടുപ്പിക്കണ്ട എന്നു വിചാരിക്കുന്നത് മണ്ടത്തരമാണ്. വണ്ടിയിൽ യാത്ര ചെയ്താൽ അപകടമുണ്ടാകുമെന്നു കരുതി വണ്ടിയിലേ കയറാതെ നടന്നുപോകുന്നതുപോലെയേ ഉള്ളൂ അത്തരം തീരുമാനങ്ങൾ.

കുട്ടികൾക്കു വേണ്ടത് എങ്ങനെ ആരോഗ്യകരമായി ഇന്റർനെറ്റ് ഉപയോഗിക്കാമെന്ന ധാരണയാണ്. ആ അറിവ് സ്കൂളിൽനിന്നും വീട്ടിൽനിന്നും കുട്ടിക്കു കിട്ടണം. അതിനായി അധ്യാപകർക്കും രക്ഷിതാക്കൾക്കും പരിശീലനം ലഭിക്കണം.

ഇന്റർനെറ്റും മാധ്യമങ്ങളും എന്ന വിഷയം പരിഗണിക്കുമ്പോൾ മാധ്യമങ്ങളുടെ രണ്ടു തരത്തിലുള്ള റോളും പഠനവിധേയമാക്കേണ്ടതുണ്ട്.

ഒന്ന് ശരിയായ ഇന്റർനെറ്റ് ഉപയോഗം സംബന്ധിച്ച് കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും വഴികാട്ടുക.

രണ്ട് ഓൺലൈൻ എഡിഷനുകളിലൂടെ കുട്ടികളെ ഫലപ്രദമായി പഠനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും സഹായിക്കുക.

ഇന്റർനെറ്റ് ശരിക്കും യുവാക്കളുടെ മാധ്യമം ആണ്. വിവരങ്ങൾഅറിയാനും ആശയവിനിമയത്തിനും വിനോദത്തിനും സാമൂഹികമായ ഇടപെടലുകൾക്കും യുവാക്കൾ കൂടുതലായി ആശ്രയിക്കുന്നത് ഇന്റർനെറ്റിനെയാണ്.

ഇന്റർനെറ്റ് കഫെകൾ വ്യാപകമായതോടെ സാമൂഹിക, സാമ്പത്തിക അവസ്ഥകൾക്കപ്പുറം ഇന്റർനെറ്റ് ഉപയോഗം പടർന്നു. ഐടിയും ഇന്റർനെറ്റും പഠനവിഷയമായതോടെ കുട്ടികൾ ഇന്റർനെറ്റിന്റെ ചങ്ങാതിമാരായി. സർക്കാർ സേവനങ്ങളും പിഎസ്സി സംബന്ധമായ കാര്യങ്ങളുമെല്ലാം ഇന്റർനെറ്റ് വഴിയായതോടെ അതറിയാത്തവരുടെ എണ്ണം ചുരുങ്ങുകയാണ്.

സോഷ്യൽ സൈറ്റുകളുടെ കടന്നുവരവോടെ ഇന്റർനെറ്റ് മാധ്യമരംഗത്ത് പുതിയൊരു പന്ഥാവ് തുറക്കുകയായിരുന്നു. ഏറ്റവും വിപുലവും ജനകീയവുമായ ആശയവിനിമയശൃംഖലയായി ഇത്തരം സൈറ്റുകൾ മാറിക്കൊണ്ടിരിക്കുന്നു.

ടുണീഷ്യ, ഈജിപ്ത്, ലിബിയ, ബഹ്റൈൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് എതിരെ

രൂപം കൊണ്ട് അറബ് വസന്തം എന്നറിയപ്പെടുന്ന വിവ പ്രസ്ഥാനത്തിന്റെ മുഖ്യവേദി ഇത്തരം സൈറ്റുകളായിരുന്നല്ലോ.

ഫേസ്ബുക്കും ടിറ്ററുമൊക്കെ ഉപയോഗിക്കുന്നവരുടെ എണ്ണം കേരളത്തിന്റെയും ഉൾനാടൻ ഗ്രാമങ്ങളിൽ പോലും വർധിച്ചുവരുകയാണ്. തൊട്ടടുത്ത വീട്ടിലുള്ളവരുമായിപ്പോലും ആശയവിനിമയം നടത്തുന്നത് ഫേസ് ബുക്കും ചാറ്റിങ്ങും വഴിയാണ് എന്ന നിലയോളമെത്തി കാര്യങ്ങൾ.

പുതുകാല സാങ്കേതിക വിദ്യകളുടെ ഉപയോഗം നിയന്ത്രിക്കാനും നല്ലവഴിക്ക് ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ചുമതല തീർച്ചയായും മാധ്യമങ്ങളാണ് എറ്റെടുക്കേണ്ടത്. നിർഭാഗ്യവശാൽ മലയാള മാധ്യമങ്ങൾ ഇക്കാര്യത്തിൽ മനഃപൂർവമല്ലാത്ത അനാസ്ഥയാണു കാണിക്കുന്നത്.

കുട്ടികൾക്കായുള്ള പേജുകളിൽ അക്കാദമിക വിഷയങ്ങൾക്കു പ്രാമുഖ്യം നൽകുന്നതിനാൽ ഇത്തരം വിഷയങ്ങൾക്കു സ്ഥാനം ലഭിക്കാറില്ല. പത്രങ്ങളിൽ വല്ലപ്പോഴും ആരോഗ്യം പേജുകളിലാണ് ഇതു സംബന്ധിച്ച കുറിപ്പുകൾ വരുന്നത്. അതു മിക്കവാറും തുടർച്ചയായ കംപ്യൂട്ടർ ഉപയോഗത്തിന്റെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചാണ്.

കഴിഞ്ഞ വർഷം ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ മലയാളത്തിലെ മൂന്നു പ്രമുഖ പത്രങ്ങൾ പരിശോധിച്ചതിൽ ആരോഗ്യകരമായ ഇന്റർനെറ്റ് ഉപയോഗത്തെപ്പറ്റി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതേസമയം. ദ് ഹിന്ദു, ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസ് പത്രങ്ങളിലെ സിമെന്റുകളിൽ ഒന്നിലേറെ തവണ ഇതു വിഷയമായിട്ടുണ്ട്.

കുട്ടികൾ കൂടുതലായി ഇന്റർനെറ്റ് ഉപയോഗിക്കുന്നത് ഇമെയിൽ, ചാറ്റിങ്, ഡൗൺലോഡിങ്, വിവരശേഖരണം എന്നിവയ്ക്കാണ്. അതേസമയം പരിധികളില്ലാത്ത അറിവിന്റെ അക്ഷയപാത്രമായ ഇന്റർനെറ്റിൽനിന്നു വേണ്ടതും വേണ്ടാത്തതും തിരിച്ചറിയാൻ കുട്ടികൾക്കു സാധിക്കില്ലെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഇമെയിൽ വിലാസവും മറ്റു വ്യക്തി വിവരങ്ങളും ഇന്റർനെറ്റിലൂടെ കൈമാറുന്നതിലൂടെ അപകടത്തിലാകുന്ന കുട്ടികളുടെ എണ്ണം ഏറെയാണ്.

ഇന്ത്യയിലെ പത്തു നഗരങ്ങളിൽ (കൊച്ചി ഉൾപ്പെടെ) ഈയിടെ നടത്തിയ ഒരു സർവേയിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരിൽ 62%

കുട്ടികൾ വ്യക്തിഗത വിവരങ്ങൾ ഓൺലൈനിലൂടെ കൈമാറിയിട്ടുണ്ടെന്നു വെളിപ്പെടുത്തി. സൈബർ ചതിക്കുഴികളാണ് കാത്തിരിക്കുന്നതെന്ന തിരിച്ചറിവില്ലാത്തവരാണ് ഈ കുട്ടികളെന്നു വ്യക്തം. സർവേയിൽ പങ്കെടുത്ത കുട്ടികളിൽ 91% പേരും പിസിയാണ് (പെഴ്സണൽ കംപ്യൂട്ടർ) ഇന്റർനെറ്റിനായി ഉപയോഗിക്കുന്നത്. മൊബൈൽ ഫോൺ ഇതിനായി ഉപയോഗിക്കുന്നവരുടെ എണ്ണം വർധിച്ചുവരുകയാണ്.

വീടിനു പുറമെ ഇന്റർനെറ്റ് കഫെകൾ, സുഹൃത്തുക്കളുടെ വീട്, സ്കൂൾ എന്നിവിടങ്ങളിൽ നിന്നും കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നു. ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത 32% കുട്ടികൾക്ക് ഓൺലൈനിൽ പതിയിരിക്കുന്ന അപകടങ്ങളെപ്പറ്റി ഒരു ധാരണയുമില്ല എന്നതാണ്. 12% പേർ ഇന്റർനെറ്റ് വഴി ഏതെങ്കിലും തരത്തിലുള്ള കുഴപ്പത്തിൽ ചാടിയിട്ടുണ്ടെന്നും സമ്മതിച്ചു.

പക്ഷേ ഇന്റർനെറ്റിനെ വില്ലനാക്കി ഒഴിച്ചുനിർത്തുകയല്ലല്ലോ പരിഹാരം.

താഴെപ്പറയുന്ന കാര്യങ്ങളിൽ കുട്ടികൾക്കു ശരിയായ മാർഗനിർദേശം ലഭ്യമാകണം.

ഇന്റർനെറ്റിൽ സെർച്ച് ചെയ്യൽ, ലഭിക്കുന്ന വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ, പഠനപ്രവർത്തനങ്ങൾക്കു വേണ്ട വിവരങ്ങൾ നെറ്റിൽനിന്ന് കോപ്പി, പേസ്റ്റ് ആക്കി ഉപയോഗിക്കുന്നതിലെ അപകടം, അശ്ലീലസൈറ്റുകൾ ഉൾപ്പെടെയുള്ള അനാവശ്യ വെബ്സൈറ്റുകൾ ഒഴിവാക്കൽ,സോഷ്യൽ നെറ്റ് വർക്ക്, ബ്ലോഗുകൾ എന്നിവയുടെ ഫലപ്രദമായ ഉപയോഗം.

കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗം സംബന്ധിച്ച് കൃത്യമായ മാർഗനിർദേശങ്ങൾ വീടുകളിലും സ്കൂളിലും നൽകേണ്ടതുണ്ട്. സ്കൂളിൽ രക്ഷിതാക്കൾക്കായി പരിശീലനവും നൽകണം. മാധ്യമങ്ങൾക്കും ഇക്കാര്യത്തിൽ വലിയ പങ്കുണ്ട്. മാധ്യമങ്ങളുടെ നേതൃത്വത്തിൽ ശരിയായ ഇന്റർനെറ്റ് ഉപയോഗം സംബന്ധിച്ച ശിൽപശാലകളും സംഘടിപ്പിക്കാം.

മലയാള മാധ്യമങ്ങൾ വിദ്യാർഥികൾക്കായുള്ള പേജുകളിലും മറ്റുമായി ഇതു സംബന്ധിച്ച് വിദഗ്ധരുടെ ലേഖനങ്ങളും മറ്റും ഇടയ്ക്കിടയ്ക്ക് പ്രസിദ്ധീകരിക്കണം. കാരണം അജ്ഞതയാണ് സൈബർ ചതിക്കുഴികളിൽ കുട്ടികൾ പെട്ടുപോകുന്നതിന്റെ മുഖ്യകാരണം.

ഇനി പത്രങ്ങളുടെ ഓൺലൈൻ സൈറ്റുകൾ എത്രത്തോളം ശിശുസൗഹൃദമാണെന്നു നോക്കാം.മലയാളത്തിലെ പ്രമുഖ പത്രങ്ങൾക്കെല്ലാം ഓൺലൈൻ എഡിഷനുകളുണ്ട്. മിക്ക പത്രങ്ങളുടെയും ഓൺലൈൻ എഡിഷനുകളിൽ കുട്ടികൾക്കായി ഒരിടമുണ്ട്.

മലയാള മനോരമ: മലയാള മനോരമ ഓൺലൈനിൽ കുട്ടികൾക്ക് ഏറെ സജീവമായ ഇടംതന്നെയുണ്ട്. ഭംഗിയുള്ള തരത്തിലാണ് ചിൽഡ്രൻ എന്ന ചാനൽ ഡിസൈൻ ചെയ്തിരിക്കുന്നത്. ബാലരമ, റൈംസ്, സ്റ്റോറി ടൈം, മൈ സോൺ, ഫൺ ക്രിയേറ്റീവ്സ്, ാസ് റൂം, കളിക്കുടുക്ക, പഠിപ്പുര, ഡൈജസ്റ്റ്, ഗയിംസ് എന്നീ വിഭാഗങ്ങളായി മലയാള മനോരമയുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായി കുട്ടികൾക്ക് ആവശ്യമായ കളിയും കാര്യവുമെല്ലാം നൽകിയിരിക്കുന്നു. ബാലരമ

വായിക്കുന്ന കുട്ടികൾക്ക് അതിലെ കഥകളുടെ അനിമേഷൻ കാണാനും ഇന്ററാക്ടീവായി ബാലരമ വായിക്കാനും അതിൽ അവസരമുണ്ട്.

റൈം വിഭാഗത്തിൽ മലയാളം, ഇംീഷ് റൈമുകൾ കേൾക്കാനും ഡൗൺലോഡ് ചെയ്യാനും സാധിക്കും. കഥകളുടെ കേന്ദ്രമാണ് സ്റ്റോറി ടൈം. മൈ സോണിൽ കിഡ്സ് ആൽബം, യുവർ ക്രിയേറ്റീവ്സ്, ഫണ്ണി ഇമേജസ് എന്നിവയുണ്ട്. ാസ് റൂമിൽ മലയാളവും ഇംീഷും പഠിക്കാം. അക്ഷരഗാനങ്ങൾ കേൾക്കുകയുമാകാം.

എല്ലാത്തരം കുട്ടികളെയും ആകർഷിക്കുന്ന തരത്തിലാണ് ഇതിന്റെ വിന്യാസവും ഉള്ളടക്കവും.

മാതൃഭൂമി: മാതൃഭൂമിയിലും കുട്ടികൾക്കായി പ്രത്യേക വിഭാഗമുണ്ട്. കിഡ്സ് എന്നാണ് മാതൃഭൂമിയുടെ ഓൺലൈൻ എഡിഷനിൽ കുട്ടികളുടെ വിഭാഗത്തിനു പേര്. ഇതിൽ ചിത്രകഥ, ജോക്സ്, ഗെയിംസ്, തിയറ്റർ, പിക്നിക്, സ്റ്റഡി സോൺ തുടങ്ങിയവയാണ് ഇതിലുള്ളത്. ഡിസൈൻ അത്ര വർണ മനോഹരമല്ലെങ്കിലും ആക്ടിവിറ്റികളുടെ കാര്യത്തിൽ മോശമല്ല മാതൃഭൂമി ഓൺലൈനും. മാതൃഭൂമിയുടെ കുട്ടികളുടെ പേജായ വിദ്യയും ഓൺലൈനിൽ ലഭ്യമാണ്.

മറ്റൊരു ശ്രദ്ധേയമായ ഓൺലൈൻ എഡിഷൻ മാധ്യമം പത്രത്തിന്റേതാണ്. ഇതിൽ കുട്ടികളുടെ പേജായ വെളിച്ചം എന്നു തന്നെയാണ് വെബ്സൈറ്റിൽ കുട്ടികളുടെ വിഭാഗത്തിനു നൽകിയിരിക്കുന്ന പേര്.

ഭംഗി കൊണ്ടും ഉള്ളടക്കത്തിന്റെ വൈവിധ്യം കൊണ്ടും മികവുള്ളതാണ് ഈ വിഭാഗം. കുട്ടികൾക്ക് ഇന്ററാക്ഷന് കൂടുതൽ അവസരം ലഭിക്കുകയും ചെയ്യുന്നു. എഴുത്തുമേശ, യാത്ര, ഗൃഹപാഠം, ഓർമ മരം, ആൽബം, പോയ വാരം എന്നിങ്ങനെയാണ് ഇതിലുള്ളത്.

മാധ്യമത്തിന് ഇതിനോടു സമാനമായ മറ്റൊരു വെബ്സൈറ്റ് കൂടിയുണ്ട് ലിറ്റിൽ ജേണലിസ്റ്റ്. കുട്ടികൾക്ക് അവരുടെ വാർത്തകളും വിശേഷങ്ങളും ഈ വെബ്സൈറ്റിൽ പോസ്റ്റ് ചെയ്യാം.

മൈ ന്യൂസ്, മൈ ഐഡിയാസ്, മൈ ടീച്ചർ, മൈ കാം, വിനോദയാത്ര തുടങ്ങിയവയാണ് ഇതിലെ വിഭാഗങ്ങൾ. വളരെ മികച്ചൊരു ആശയമാണ് ലിറ്റിൽ ജേണലിസ്റ്റ്.

വിദ്യാർഥികൾക്കുവേണ്ടി മാത്രമായി ഒരു പത്രം തുടങ്ങുന്ന ആദ്യ വെബ്സൈറ്റാകും ലിറ്റിൽ ജേണലിസ്റ്റ്.

കുട്ടികൾക്കു വേണ്ടിയുള്ള പേജുകൾക്ക് മറ്റു മലയാള പത്രങ്ങൾ ഓൺലൈൻ എഡിഷനിൽ കാര്യമായ പരിഗണന നൽകിക്കാണുന്നില്ല.

പത്രങ്ങളുടെ ഓൺലൈൻ എഡിഷന്റെ ഭാഗമായി നിൽക്കാതെ കുട്ടികളുടെ പേജുകളുമായി ബന്ധപ്പെടുത്തി സ്വതന്ത്രമായ വെബ്സൈറ്റുകൾ തുടങ്ങുന്നതിനെപ്പറ്റി പത്രങ്ങൾ ആലോചിക്കേണ്ടതുണ്ട്. മാധ്യമം പത്രത്തിന്റെ ലിറ്റിൽ ജേണലിസ്റ്റ് ഈ വഴിക്കുള്ള ശ്രദ്ധേയമായ ചുവടുവയ്പാണ്.

പത്രങ്ങളുടെ സ്ഥലപരിമിതി പോലുള്ള പ്രശ്നങ്ങളില്ലാത്തതിനാൽ കുട്ടികൾക്കു വേണ്ട വിവരങ്ങളെല്ലാം യഥേഷ്ടം ലഭ്യമാക്കാനും അവർക്കു പറയാനുള്ളത് എല്ലാം പ്രസിദ്ധീകരിക്കാനും ഓൺലൈൻ എഡിഷനിലൂടെ സാധിക്കും.

സ്കൂളുകളിലും കംപ്യൂട്ടർ വ്യാപകമായതോടെ ഇത്തരം ശ്രമങ്ങൾക്കു വിജയ സാധ്യത കൂടി. കുട്ടി വായനക്കാരെ അടുപ്പിച്ചുനിർത്താനും ഇതു സഹായകമാകും. മാധ്യമ രംഗത്തെ ഈ പുതിയ ഇടം മലയാളത്തിൽ ഒഴിഞ്ഞു കിടക്കുകയാണ്.

ശരിയായ രീതിയിലുള്ള ഇന്റർനെറ്റ് ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഇത്തരം വെബ്സൈറ്റിലൂടെ സാധിക്കും.

●

അധ്യായം 14

# എൻ.ഐ.ഇ പത്രവും പഠനവും പുതിയ ബന്ധത്തിൽ

കുട്ടികളെ സംബന്ധിച്ചു പത്രം വായനശീലം വളർത്താൻ മാത്രമായിരുന്ന കാലം പോയി. പത്രം ഇന്ന് പഠനത്തിലെ സജീവ പങ്കാളിയാണ്.ാസ് മുറിയിലും വീട്ടിലും പത്രം ഇന്നു വിദ്യാർഥിയുടെ ചങ്ങാതിയാണ്. പത്രത്തിന്റെ ഈ മാറിയ റോൾ വിദ്യാഭ്യാസ സമൂഹവും പത്രലോകവും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇരുകൂട്ടർക്കും ലാഭകരമായ ഒരു കൂട്ടായ്മയാണത്. പത്രലോകത്തെ സംബന്ധിച്ച് നാളെയുടെ സജീവ വായനക്കാരായ കുട്ടികളെ അടുപ്പിച്ചുനിർത്തി ഭാവി ഭദ്രമാക്കുന്നതിനുള്ള വഴിയാണ് ഈ സഹകരണം.

വിദ്യാഭ്യാസ ലോകത്തെ സംബന്ധിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതും ലോകത്തിന്റെ സംഭവഗതികളെല്ലാം ദിവസവും കാച്ചിക്കുറുക്കി കിട്ടുന്നതും ചെലവുകുറഞ്ഞതുമായ ഒരു പഠന സാമഗ്രിയാണു പത്രം. ഈ പ്രാധാന്യം പരസ്പരം തിരിച്ചറിഞ്ഞതിന്റെ ഫലമാണ് എൻഐഇ എന്നറിയപ്പെടുന്ന ന്യൂസ്പേപ്പർ ഇൻ എജ്യുക്കേഷൻ പരിപാടി.

1930കളിലാണ് എൻഐഇ ആരംഭിച്ചത്. ന്യൂയോർക്ക് ടൈംസ് പത്രമാണ് ആദ്യമായി ഇത്തരമൊരു പരിപാടിക്കു തുടക്കമിട്ടത്. ഇപ്പോൾ ഏതാണ്ട് അൻപതോളം രാജ്യങ്ങളിൽ പത്രങ്ങൾ ന്യൂസ് പേപ്പർ ഇൻ എജ്യുക്കേഷൻ പരിപാടി നടപ്പിലാക്കുന്നുണ്ട്.

പ്രീ സ്കൂൾ മുതൽ കോളജ് ാസുകൾ വരെ നീളുന്നതാണ് എൻഐഇ. ഏതാണ്ട് എല്ലാ വിഷയങ്ങളുടെയും പഠനത്തിൽ പത്രങ്ങളെ പ്രയോജനപ്പെടുത്താനാകും.

സ്കൂളിൽ മാത്രമല്ല, ജയിൽ, വയോജന കേന്ദ്രങ്ങൾ, ശാരീരികവും മാനസികവുമായ ദൗർബല്യമുള്ളവർ, ഭാഷാ ന്യൂനപക്ഷങ്ങൾ തുടങ്ങിയവർക്കൊക്കെ എൻഐഇ പ്രയോജനപ്പെടുത്തുന്നുണ്ട്.

വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമിടയിൽ പത്രത്തിന്റെ പ്രയോജനവും പ്രചാരവും വർധിപ്പിക്കുന്നതിനായി ലോകപത്രസംഘടനയായ വാൻ (വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ്പേപ്പേഴ്സ്)1991ൽ യങ് റീഡർ കമ്മിറ്റിക്കു രൂപം നൽകി.

യുവ വായനക്കാരെ സംബന്ധിച്ച പരിപാടികളും വിവരങ്ങളും പങ്കുവയ്ക്കുന്നതിനും പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതിനുമുള്ള സ്ഥിരം വേദിയാണിത്. ന്യൂസ് ലെറ്ററും പ്രസിദ്ധീകരിക്കുന്നുണ്ട്. രണ്ടു വർഷത്തിലൊരിക്കൽ വേൾഡ് യങ് റീഡർ കോൺഫറൻസും നടത്താറുണ്ട്.

ലോകത്തിലെ പത്രങ്ങൾ വിദ്യാർഥികൾക്കും യുവ വായനക്കാർക്കുമായി നടത്തുന്ന പരിപാടികൾക്ക് വിവിധ കാറ്റഗറികളിലായി വേൾഡ് യങ് റീഡർ പ്രൈസ് നൽകാറുണ്ട്. 2009ൽ മലയാള മനോരമയുടെ ഊർജസംരക്ഷണ പരിപാടിയായ സേവ് പൊതു സേവനത്തിനുള്ള യങ് റീഡർ പ്രൈസും 2010ൽ മലയാള മനോരമയുടെ യുവ പേജ് സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിച്ചതിനുള്ള യങ് റീഡർ പ്രൈസും നേടി.

എൻഐഇയെപ്പറ്റി സജീവമായ ചർച്ചകളും ആശയ വിനിമയവും നടക്കുന്ന വേദിയാണ് യങ് റീഡർ കോൺഫറൻസ്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നുള്ള പത്രപ്രവർത്തകരുടെ ഈ കൂട്ടായ്മയിൽനിന്ന് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പത്രപ്രവർത്തകർക്ക് ഏറെ കാര്യങ്ങൾ ഉൾക്കൊള്ളാനും പ്രയോഗിക്കാനും സാധിക്കും.

2010ൽ ചെക്ക് റിപ്പിക്കിലെ പ്രാഗിൽ നടത്തിയ വേൾഡ് യങ് റീഡർ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവത്തിൽനിന്ന് മനസിലായത് ഭാഷ ഏതായാലും പത്രത്തിന്റെ പ്രചാര വ്യത്യാസം എങ്ങനെയായാലും കുട്ടികൾക്കായി പത്രങ്ങൾക്കു ചെയ്യാനുള്ളത് ഏറെക്കുറെ സമാനമായ പ്രവർത്തനങ്ങൾ തന്നെയാണെന്നാണ്.

പത്രം വായിക്കേണ്ടതിന്റെ പ്രധാന്യം യുവതലമുറയിലെത്തിക്കുകയും ജനാധിപത്യവ്യവസ്ഥയിൽ

പത്രങ്ങളുടെ പ്രാധാന്യം അവരെബോധ്യപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പ്രസ്ഥാനം ലക്ഷ്യമിടുന്നത്.

പത്രം വായിക്കുമ്പോൾ കുട്ടികൾക്ക് മറ്റൊരു അഭിമാനബോധവും ഉണ്ടാകുന്നു. പാഠപുസ്തകങ്ങളും കുട്ടികൾ വായിക്കുന്ന മറ്റു പ്രസിദ്ധീകരണങ്ങളും അവർക്കു വേണ്ടി മാത്രമുള്ളതാണ്. എന്നാൽ പത്രം മുതിർന്നവർക്കു വേണ്ടിയുള്ളതാണ്. അതിന്റെ വായനക്കാരാവുക എന്നത് കുട്ടികൾക്ക് ഒരു അംഗീകാരമായി സ്വയം തോന്നും.

പത്രത്തിൽ എല്ലാം കുട്ടിക്കു പഠിക്കാനുള്ളതാണ്. വാർത്തയും എഡിറ്റോറിയലും തലക്കെട്ടും ചിത്രങ്ങളും ക്യാപ്ഷനും പരസ്യവുമൊക്കെ പഠനവിഷയങ്ങളുടെ ഭാഗമാണ്. പത്താം ാസിലും ഹയർ സെക്കൻഡറിക്കുമൊക്കെ എഡിറ്റ് ചെയ്യാനും എഡിറ്റോറിയൽ തയാറാക്കാനും പത്രാധിപർക്കു കത്തെഴുതാനും ഒക്കെ ചോദിക്കാറുണ്ട്.

പത്രങ്ങൾ പഠനത്തിൽ ഇടപെട്ടു തുടങ്ങിയതോടെ സ്കൂളുകൾക്കും മറ്റും കുറഞ്ഞ വിലയ്ക്കു കൂടുതൽ പത്രം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും പത്രങ്ങൾ ആവിഷ്കരിച്ചു.

പത്രങ്ങൾ ഉപയോഗിച്ചു ചെയ്യാവുന്ന പഠനപ്രവർത്തനങ്ങൾ പാഠപുസ്തകങ്ങളിലും കടന്നു വരാൻ തുടങ്ങി. പത്രം വിവരശേഖരണത്തിനുള്ള ഉപാധി എന്നതിനൊപ്പം പഠനപ്രവർത്തനത്തിനുള്ള സജീവമായ ഉപകരണവുമായി.

എൻഐഇയുടെ ഭാഗമായി പത്രങ്ങൾക്കു നടപ്പാക്കാവുന്ന ചില പ്രവർത്തനങ്ങൾ.

* സാമൂഹിക സേവന പരിപാടി: പത്രത്തെ പഠനവുമായി ബന്ധപ്പെടുത്തുന്നതും എന്നാൽ സമൂഹത്തിന് ഉപകാരപ്രദവുമായ പരിപാടികളാണ് ഇതിൽ വരുന്നത്.

*ഉപന്യാസ, കലാമൽസരങ്ങൾ: സ്കൂൾ വിദ്യാർഥികൾക്കായി വവിധ മൽസരങ്ങൾ പത്രം വഴിയും പത്രത്തെ അടിസ്ഥാനമാക്കിയും ചെയ്യാം.

*പരിശീലനങ്ങൾ: വിദ്യാർഥികൾക്കും അധ്യാപകർക്കുമായി പത്രപ്രവർത്തകരെ ഉപയോഗിച്ച് പത്രത്തെപ്പറ്റിയും പഠനവുമായി ബന്ധപ്പെടുത്തേണ്ടതെങ്ങനെ എന്നതു സംബന്ധിച്ചും പരിശീലനം

നൽകാവുന്നതാണ്. ഫോട്ടോഗ്രഫിയിലും ഇത്തരം പരിശീലന ക്യാംപുകൾ നടത്താം.

*പത്രപ്രവർത്തന പരിചയം: കുട്ടികളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മുതിർന്ന പത്രപ്രവർത്തകരുടെ സഹകരണത്തോടെ പ്രായോഗിക പരിശീലനവും നൽകാം.പത്രം രൂപപ്പെടുന്നത് കുട്ടികൾക്കു നേരിട്ടു കണ്ടു മനസിലാക്കാനും അവസരം നൽകാം.

ദേശീയതലത്തിൽ ടൈംസ് ഓഫ് ഇന്ത്യയും ദ് ഹിന്ദുവുമൊക്കെ ന്യൂസ് പേപ്പർ ഇൻ എജ്യുക്കേഷൻ പരിപാടി ഫലപ്രദമായി നടപ്പാക്കുന്നുണ്ട്.

കേരളത്തിലേക്കു വരുമ്പോൾ ന്യൂസ്പേപ്പർ ഇൻ എജ്യുക്കേഷൻ സംഘടിതമായി നടപ്പാക്കുന്നില്ലെങ്കിലും മിക്ക പത്രങ്ങളും കുട്ടികൾക്കായി ഏറെ കാര്യങ്ങൾ ചെയ്യുന്നുണ്ട്. കൂടുതൽ കോപ്പികൾ സ്പോൺസർഷിപ്പ് വഴി സ്കൂളുകളിലെത്തിക്കുന്ന പരിപാടി ഏതാണ്ട് എല്ലാ പത്രങ്ങൾക്കുമുണ്ട്.

കുട്ടികൾക്കായുള്ള പേജുകളും പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. പത്രസ്ഥാപനങ്ങളുടെ സിഎസ്ആർ (കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) പ്രോജക്ടുകളുടെ മുഖ്യലക്ഷ്യവും കുട്ടികളാണ്. മലയാള മനോരമ നടപ്പാക്കിയ ജലസംരക്ഷണ പദ്ധതിയായ പലതുള്ളി, ഊർജസംരക്ഷണ പദ്ധതിയായ സേവ്, അപകട ബോധവത്കരണ പദ്ധതിയായ വഴിക്കണ്ണ്, പാലിയേറ്റീവ് കെയർ പദ്ധതിയായ ഞങ്ങളുണ്ട് കൂടെ, മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയായ ഭൂമിക്കൊരു കുട, വായന പ്രോൽസാഹിപ്പിക്കുന്നതിനുള്ള പരിപാടിയായ വായനക്കൂട്ട്, മാതൃഭൂമിയുടെ പരിസ്ഥിതി സംരക്ഷണ പരിപാടിയായ സീഡ് തുടങ്ങിയവയിലെല്ലാം ഉപയോക്താക്കളോ പ്രവർത്തകരോ വിദ്യാർഥികളായിരുന്നു എന്നതു ശ്രദ്ധേയമാണ്. മാധ്യമം പത്രത്തിന്റെ ലിറ്റിൽ ജേണലിസ്റ്റ് എന്ന കുട്ടികൾക്കുള്ള വെബ്സൈറ്റും എൻഐഇയുടെ ഭാഗമാണ്.

മറ്റു സംസ്ഥാനങ്ങളിൽ സ്ഥിരതാമസക്കാരായ മലയാളികളുടെ പുതുതലമുറ മലയാളത്തെ മറക്കാതിരിക്കുന്നതും വായന പഠിക്കുന്നതും പലപ്പോഴും മലയാള പത്രങ്ങളിലൂടെയാണ്. മാതൃഭാഷയോട് സ്നേഹമുള്ള രക്ഷിതാക്കൾ കുട്ടികൾ മലയാളം

പഠിക്കുന്നുവെന്ന് ഉറപ്പാക്കാറുമുണ്ട്. മലയാളി കൂട്ടായ്മകളും മലയാള ഭാഷാ വികാസത്തിനുള്ള സർക്കാർ ഏജൻസിയായ മലയാളം മിഷനും മറുനാടൻ മലയാളി കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. അതിലും പത്രം ഒരു പഠനസാമഗ്രിയായി ഉപയോഗിക്കാവുന്നതാണ്.

●

### അധ്യായം 15

# കുട്ടികളുടെ പേജ് പത്രങ്ങളിൽ

ബാലപംക്തി പേജുകൾക്കപ്പുറം വിദ്യാർഥികൾക്കായി പേജ് എന്നത് ഒരു ദശകം മുൻപുവരെ മലയാള പത്രങ്ങൾ ചിന്തിച്ചിരുന്നില്ല. പൊതുവായ അറിവു നേടുന്നതിനപ്പുറം പത്രങ്ങൾ പഠനപ്രക്രിയയിൽ നേരിട്ടു പങ്കെടുക്കുന്നു എന്ന വിസ്മയകരമായ മാറ്റമുണ്ടായിട്ട് അഞ്ചാറു വർഷമേ ആയിട്ടുള്ളൂ.

മലയാള പത്രങ്ങളിൽ കുട്ടികൾക്കു വേണ്ടി പ്രത്യേക പേജ് തുടങ്ങിയ ആദ്യ പത്രം മാതൃഭൂമിയായിരിക്കും. കുട്ടി.കോം എന്നായിരുന്നു ആ പേജിന്റെ പേര്. എന്നാൽ ബാല മാസികകളുടെ ചുവടു പിടിച്ച് പാട്ടും കൊച്ചുകഥകളും വിജ്ഞാനപ്രദമായ ചെറു ലേഖനങ്ങളുമായിരുന്നു അതിലെ ഉള്ളടക്കം. വിദ്യാർഥി ലോകത്തിന്റെ സജീവ ശ്രദ്ധ പിടിച്ചു പറ്റാൻ കുട്ടികോമിനു സാധിച്ചു.

കേരളത്തിൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡിപിഇപി) ആരംഭിച്ചത്. അതിന്റെ ഭാഗമായി പാഠ്യപദ്ധതിയും പരിഷ്ക്കരിച്ചു. ശരിക്കും വിവാദാത്മകമായിരുന്നു ഈ പരിഷ്ക്കാരം ആധുനികമായ പഠനരീതികൾ കേരളത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമായി. പ്രോജക്ട്, അസൈൻമെന്റ്, ശേഖരണങ്ങൾ, സെമിനാർ തുടങ്ങിയ സങ്കേതങ്ങൾ ാസ് മുറിയിലേക്കു കടന്നു വന്നു. പാഠപുസ്തകത്തിനപ്പുറത്തേക്കും പഠനം നീണ്ടു. കുട്ടികൾ സ്വന്തമായി ഒട്ടേറെ കാര്യങ്ങൾ നിരീക്ഷിച്ചും വായിച്ചും അറിയേണ്ടതുണ്ടായിരുന്നു. അധ്യാപകർക്ക് പരിശീലനം ലഭിച്ചെങ്കിലും സർവത്ര ആശയക്കുഴപ്പമായിരുന്നു മാറ്റത്തെ ഉൾക്കൊള്ളാനുള്ള വൈമനസ്യത്തിനൊപ്പം പുതിയ

പാഠ്യപദ്ധതിയെപ്പറ്റിയുള്ള തെറ്റിധാരണകളും കൂടിയായപ്പോൾ പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ സർവത്ര ആശയക്കുഴപ്പമായിരുന്നു. പ്രോജക്ടിനും മറ്റ് പാഠാനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ട വിവരങ്ങൾ ലഭിക്കുന്നതിനായി കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ബുദ്ധിമുട്ടി. പാഠ്യപദ്ധതി പരിഷ്കരണം പ്രൈമറിയും കടന്ന് ഹൈസ്കൂളിലെത്തിയപ്പോഴേക്കും പ്രശ്നം രൂക്ഷമായി. മിക്ക സ്കൂൾ ലൈബ്രറികളും വേണ്ടത്ര കാര്യക്ഷമം അല്ലായിരുന്നു. സാധാരണക്കാരായ രക്ഷിതാക്കളെ സംബന്ധിച്ച് വിവരശേഖരണം തലവേദനയായി. റെഡിമെയിഡ് ആൽബങ്ങളും ചാർട്ടുകളും പ്രോജക്ടുകൾ തന്നെയും വിപണിയിൽ വൻവിലയ്ക്കു വിൽപന വ്യാപകമായി.

ഈ അവസ്ഥ തിരിച്ചറിഞ്ഞ പല പത്രസ്ഥാപനങ്ങളും ഈ അവസ്ഥയിൽ എങ്ങനെ ഇടപെടാമെന്ന് ചിന്തിച്ചു. മലയാള മനോരമയുടെ കോഴിക്കോട് യൂണിറ്റ് കളരി എന്ന പേരിലും പാലക്കാട് യൂണിറ്റ് ചങ്ങാതി എന്ന പേരിലും ആഴ്ചയിലൊരിക്കൽ വിദ്യാർഥികൾക്കുള്ള വിഭവങ്ങളുമായി പ്രത്യേക പേജ് ഇറക്കി.

വിദ്യാഭ്യാസ മേഖലയിൽ മികച്ച സ്വീകാര്യതയാണ് ഈ പേജുകൾക്ക് കിട്ടിയത്. ഇതിനെത്തുടർന്ന് എല്ലാ എഡിഷനിലും ഇത്തരമൊരു പേജിനെപ്പറ്റി മനോരമ പത്രാധിപസമിതി ചിന്തിച്ചു. അങ്ങനെയാണ് പഠിപ്പുരയുടെ പിറവി. 2005 മേയ് മൂന്നിനാണ് ആദ്യ ലക്കം പുറത്തിറങ്ങിയത്. സ്കൂൾ ാസുകളിലെ (പ്രത്യേകിച്ച് ഹൈസ്കൂൾ ാസുകളിലെ) കുട്ടികൾക്കു വേണ്ട വിവരങ്ങളുമായാണ് ഈ പേജ് പുറത്തിറങ്ങിയത്. പഠിപ്പുര ഏതാനും ലക്കങ്ങൾ കൊണ്ടു തന്നെ വൻ ഹിറ്റായി. പുതിയ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി രക്ഷിതാക്കൾക്കും അധ്യാപകർക്കും അറിവു പകരുന്ന പംക്തികളും ഒപ്പമുണ്ടായിരുന്നു.

റെഡിമെയ്ഡ് ഉത്തരങ്ങളല്ല, കുട്ടികൾക്ക് സ്വയം വായിച്ച് ആശയം ഉൾക്കൊണ്ട് ആവശ്യാനുസരണം ഉപയോഗിക്കാവുന്ന തരത്തിലാണ് ഇതിൽ വിവരങ്ങൾ ക്രമീകരിക്കുന്നത്. കുട്ടികളും മുതിർന്നവരും ഒരു പോലെ ഇഷ്ടപ്പെടുന്ന പേജായി പഠിപ്പുര. പത്രത്തിന്റെ പ്രചാരവർധനയ്ക്കും ഇത് ഏറെ ഗുണം ചെയ്തു.

ഈ വഴിയേ മറ്റു പത്രങ്ങളും നീങ്ങി. ഇന്ന് മലയാളത്തിലെ മിക്കവാറും എല്ലാ പത്രങ്ങൾക്കും സ്കൂൾ വിദ്യാർഥികൾക്കായുള്ള പ്രത്യേക പേജോ സപ്ലിമെന്റുകളോ ഉണ്ട്. ഇവയിൽ പലതും

പാഠ്യപദ്ധതിയും(കരിക്കുലം) പാഠ്യക്രമവും (സിലബസ്) ആയി യോജിച്ചു പോകുന്നവയാണ്. അതുകൊണ്ടുതന്നെ പത്രം ാസ് മുറിയിലെ സജീവമായ പഠനോപകരണങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്. വായിച്ച് കളയേണ്ടതല്ല, പല പേജുകളും സൂക്ഷിച്ചു വയ്ക്കേണ്ടതാണെന്നും പഠനവുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്കും

ഉപയോഗിക്കേണ്ടതാണെന്നുമുള്ള ധാരണ വീടുകളിലുമുണ്ടായി. ചുരുക്കത്തിൽ വിദ്യാഭ്യാസ മേഖലയിൽ പത്രം പുതിയൊരു തലത്തിൽ അവതരിപ്പിക്കപ്പെടുകയായിരുന്നു.

നിശ്ശബ്ദമായൊരു വിവമായിരുന്നു ഇത്. വീട്ടിലെത്തുന്ന പത്രത്തോടൊപ്പം പഠനത്തിനാവശ്യമായ വിവരങ്ങളും ചിത്രങ്ങളും ലഭ്യമാകുന്നത് എല്ലാവരും സന്തോഷപൂർവം ഉൾക്കൊണ്ടു. പത്രങ്ങൾക്ക് മികച്ച ലൈബ്രറികളും ആർക്കൈവ് സംവിധാനങ്ങളുമുള്ളതിനാൽ അപൂർവമായ വിവരങ്ങളും ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നു.

പത്രങ്ങൾക്കും ഇതുകൊണ്ടു പ്രയോജനമുണ്ടായി. സകൂൾ സപ്ലിമെന്റുകളുള്ള ദിവസങ്ങളിൽ പത്രത്തിന്റെ പ്രചാരം വർധിച്ചു. മറ്റു പത്രം വരുത്തുന്നവർ പലരും ഈ സപ്ലിമെന്റുള്ള ദിവസങ്ങളിൽ വേറെ പത്രവും വാങ്ങാൻ തുടങ്ങി. മനോരമ പോലുള്ള പത്രങ്ങൾ

സപ്ലിമെന്റുള്ള മൂന്നു ദിവസത്തേക്കു മാത്രം പത്രം വാങ്ങാവുന്ന തരത്തിൽ പ്രത്യേക സ്കീമിനും രൂപം നൽകി. പ്രധാനമായും സ്കൂൾ വിദ്യാർഥികളെ ഉദ്ദേശിച്ചുള്ളവയാണ് ഈ പേജെങ്കിലും വൈജ്ഞാനിക വായന ഇഷ്ടപ്പെടുന്ന വലിയൊരു വിഭാഗം ഇത്തരം സപ്ലിമെന്റുകളുടെ വായനക്കാരായുണ്ട്.

ഉദ്യോഗാർഥികൾക്കു വേണ്ട വിവരങ്ങളും ഇത്തരം പേജുകളിലൂടെ ലഭിക്കുന്നു. അറിവിന്റെ വിസ്മയകരമായ വൈവിധ്യം കുട്ടികൾക്ക് ഇണങ്ങുന്ന രീതിയിൽ അവതരിപ്പിച്ചത് മുതിർന്ന വായനക്കാർക്കും ഇഷ്ടമായി.പതിവു ബാലസാഹത്യകാരന്മാർക്കു പുറമേ പുതിയൊരു നിര എഴുത്തുകാർ ഉയർന്നു വന്നു. എഴുതാൻ കഴിവുള്ള, മറ്റു തരത്തിൽ അവസരങ്ങളൊന്നും ലഭിക്കാതിരുന്ന ഒട്ടേറെ സ്കൂൾ, കോളേജ് അധ്യാപകർക്കും മറ്റും പുതിയൊരു മേഖലയായി അത്. ഇവരിൽ പലരേയും വൈജ്ഞാനിക സാഹിത്യത്തിന് മുതൽക്കൂട്ടാകാവുന്ന തരത്തിലേക്ക് വളർത്തിയെടുക്കാനും സ്കൂൾ സിമെന്റുകൾക്കു സാധിച്ചു.

മോഹനൻ മണ്ണഴി, സീമ ശ്രീലയം, ആർ.വിനോദ്കുമാർ, സുരേന്ദ്രൻ ചീക്കിലോട്, പവിത്രൻ വടകര, എം.രഘുനാഥ്, ഡോ.ടി.ആർ.ജയകുമാരി, ഡോ.മിനി നായർ, പി.മനോജ്, ഗീത.എസ്.പെരുമൺ, ടി.കെ.ഹരീന്ദ്രൻ, കെ.ബി.അജിത്കുമാർ, ഗിഫു മേലാറ്റൂർ, മുസ്തഫ മറ്റത്തൂർ, ജസ്റ്റിൻ ജോസഫ്, സുരേന്ദ്രൻ പുന്നശ്ശേരി, ഷാഫി കോട്ടയിൽ തുടങ്ങി ഒട്ടേറെ പേരുകളുണ്ട് ഈ കൂട്ടത്തിൽ.

പത്രങ്ങളിലെ ഇത്തരം പേജുകളുടെ ചുവടുപിടിച്ച് ചില ആഴ്ചപ്പതിപ്പുകളും മറ്റും വിദ്യാർഥികളെ ലക്ഷ്യമിട്ടുള്ള പംക്തികൾ തുടങ്ങി. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഡോ.പി.കെ തിലക് എഴുതുന്ന മാതൃഭാഷ മലയാളം, പി.കെ.ജയരാജ് എഴുതുന്ന സെക്കൻഡ് ലാംഗ്വേജ് എന്നിവ ഉദാഹരണം. മലയാള മനോരമ ആഴ്ചപ്പതിപ്പിൽ വി. വേണുഗോപാൽ എഴുതിയിരുന്ന സ്കൂൾ പ്ലസ്, എം.എം.ജീജ എഴുതിയ പ്ലേസ്കൂൾ, മംഗളം ആഴ്ചപ്പതിപ്പിൽ എൻ.അജിത്കുമാർ എഴുതിയ ക്ലാസ് മുറി തുടങ്ങിയ പംക്തികളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം.

പത്രങ്ങളിലെ സ്കൂൾ സപ്ലിമെന്റുകൾ വാണിജ്യ താത്പര്യങ്ങൾക്കുമപ്പുറം വമ്പിച്ചൊരു സാമൂഹിക ദൗത്യത്തിനും നേതൃത്വം നൽകി. വെറും അറിവിന്റെ ശേഖരം എന്നതിനപ്പുറം വിദ്യാർഥികളിൽ പരിസ്ഥിതി അവബോധവും വായനയോടും സർഗാത്മക രചനയോടും യാത്രയോടുമൊക്കെയുള്ള താത്പര്യം വളർത്തുന്നതിനു സഹായകമായ ഒട്ടേറെ പദ്ധതികളും മൽസരങ്ങളും കുട്ടി പേജുകൾ ഏറ്റെടുത്തു.

മലയാള മനോരമ പഠിപ്പുര നടപ്പിലാക്കിയ സേവ്(സെർവ് ആസ് എ വോളന്റിയർ ഫോർ എനർജി) സംസ്ഥാന വൈദ്യുതി വകുപ്പുമായി ചേർന്ന് നടപ്പാക്കിയ ഊർജസംരക്ഷണ പരിപാടിയാണ്. ലോക പത്ര സംഘടനയായ വാൻഇഫ്രയുടെ വേൾഡ് യങ് റീഡർ പുരസ്കാരം സേവ് പരിപാടിക്കു ലഭിച്ചു. സംസ്ഥാന വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്നു നടപ്പിലാക്കിയ എന്റെ മരം പദ്ധതിയുടെ തുടർച്ചയായി നടപ്പിലാക്കിയ വളരുന്ന മരം പദ്ധതി കുട്ടികൾ നട്ട മരങ്ങളുടെ നിലവിലുള്ള സ്ഥിതി നിരീക്ഷിച്ചറിയാനുള്ളതായിരുന്നു. സാഹിത്യ ശിൽപശാല, എഴുത്തുപുര, വാനനിരീക്ഷണ ക്യാംപ്, പ്രകൃതിപഠന ക്യാംപ്, വായനക്കുറിപ്പു മൽസരം, യാത്രാവിവരണ മൽസരം തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ പരിപാടികൾ

പഠിപ്പുരയുടെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. മാതൃഭൂമി വിദ്യ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രകൃതിസംരക്ഷണ പരിപാടിയാണ് സീഡ്. ഇതിന്റെ ഭാഗമായും കുട്ടികൾക്കു വൈവിധ്യമാർന്ന മൽസരങ്ങൾ നടത്തുന്നു. മാധ്യമം വെളിച്ചം കുട്ടികൾക്കായി യാത്രാവിവരണ, വായനാസ്വാദന മൽസരങ്ങൾ നടത്താറുണ്ട്. ദേശാഭിമാനിയുടെ അക്ഷരമുറ്റം വിദ്യാർഥികൾക്കായി സംസ്ഥാനതലം വരെ നീളുന്ന ക്വിസ് മൽസരം സംഘടിപ്പിക്കാറുണ്ട്.

കുട്ടികളെ വെറും പഠനത്തിനപ്പുറമുള്ള സമഗ്രവികാസത്തിലേക്കും സാമൂഹികബോധതലത്തിലേക്കും നയിക്കാൻ ഉതകുന്ന ഇത്തരം പരിപാടികൾ മാധ്യമങ്ങളുടെ ഗുണപരമായ ഇടപെടലിന്റെ മികച്ച ഉദാഹരണങ്ങളായി വേണം കാണാൻ.

**വിദ്യാർഥികൾക്കായുള്ള പേജുകൾ**

1. മലയാള മനോരമ പഠിപ്പുര ആഴ്ചയിൽ മൂന്നു ദിവസം ഓരോ പേജ്(തിങ്കൾ, ബുധൻ, വെള്ളി)
2. മാതൃഭൂമി വിദ്യ ആഴ്ചയിൽ മൂന്നു ദിവസം(ചൊ, വ്യാഴം, വെള്ളി)
3. മാധ്യമം വെളിച്ചം
4. ദേശാഭിമാനി അക്ഷരമുറ്റം, കൂടാതെ കിളിവാതിൽ എന്ന സിമെന്റിലും കുട്ടികൾക്കു വേണ്ട വിഭവങ്ങളുണ്ട്
5. കേരളകൗമുദി പാഠശേഖരം
6. മംഗളം മയിൽപ്പീലി
7. ദീപിക ചോറ്റേ
8. ജനയുഗം സഹപാഠി

●

അധ്യായം 16

# കുട്ടികളും രക്ഷിതാക്കളും അധ്യാപകരും പറയുന്നത്

നമ്മുടെ മാധ്യമങ്ങളെ എങ്ങനെ കൂടുതൽ ശിശുസൗഹൃദപരമാക്കാം എന്ന ചർച്ച കൂടുതൽ ഫലപ്രദമാകുന്നതിന് മാധ്യമങ്ങൾ ഇപ്പോൾ എത്രത്തോളം ശിശുസൗഹൃദപരമാണ് എന്ന കണ്ടെത്തൽ അനിവാര്യമാണ്.

ആർക്കാണ് ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ അർഹത? മാധ്യമ പ്രവർത്തകർക്കും മാധ്യമ വിദഗ്ധർക്കും സാമൂഹികശാസ്ത്രജ്ഞർക്കുമൊക്കെ ഇതേപ്പറ്റി അഭിപ്രായങ്ങളുണ്ടാകാമെങ്കിലും കൃത്യമായ ധാരണ രൂപീകരിക്കണമെങ്കിൽ പ്രാഥമിക വിവരശേഖരണം തന്നെ വേണം.

അങ്ങനെയാണ് കുട്ടികളും മാധ്യമങ്ങളും എന്ന വിഷയവുമായി ബന്ധപ്പെട്ട് സർവേ നടത്തിയത്. വിവരം ശേഖരിക്കേണ്ടതു കുട്ടികളിൽനിന്നു തന്നെ ആകണമല്ലോ. ഒപ്പം കുട്ടികളുമായി നേരിട്ടു ബന്ധപ്പെടുന്ന വിഭാഗമെന്ന നിലയിൽ രക്ഷിതാക്കളിൽനിന്നും അധ്യാപകരിൽനിന്നും വിവരശേഖരണം നടത്തി. സംസ്ഥാനതലത്തിലാണു സർവേ നടത്തിയത്.

## പഠനരീതി

കുട്ടികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി പ്രത്യേക ചോദ്യാവലികൾ തയാറാക്കി. 13 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരിൽനിന്നാണു വിവരശേഖരണം നടത്തിയത്. നേരിട്ടും സുഹൃത്തുക്കളായ

പത്രപ്രവർത്തകർ, അധ്യാപകർ എന്നിവർ വഴിയുമാണ് ചോദ്യാവലി വിതരണം ചെയ്ത് ഉത്തരങ്ങൾ ശേഖരിച്ചത്.

വയനാട് ഒഴികെ എല്ലാ ജില്ലകളിൽ നിന്നും ഇത്തരത്തിൽ വിവരശേഖരണം നടത്തി. ഏകദേശം മൂവായിരത്തോളം പേരിൽ നിന്ന് സർവേക്കായി വിവരങ്ങൾ ശേഖരിച്ചു(ചോദ്യാവലികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്). സർവേയിലെ കണ്ടെത്തലുകളിൽ ചിലതെങ്കിലും അപ്രതീക്ഷിതമായിരുന്നു.

മൂവായിരമെന്നത് തീരെ ചെറിയൊരു സാംപിൾ ആണെങ്കിലും പരമാവധി പ്രാതിനിധ്യ സ്വഭാവത്തോടെ തിരഞ്ഞെടുത്തതിനാൽ ഏറെക്കുറേ വസ്തുനിഷ്ഠമായ നിഗമനങ്ങളാണ് ലഭ്യമായതെന്ന് പ്രതീക്ഷിക്കുന്നു.

സർവേയിലെ കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യാം.

## കുട്ടികൾ

കുട്ടികൾക്കു നൽകിയ ചോദ്യാവലിയിൽ പത്രം വായിക്കാറുണ്ടോ എന്നതിനു പുറമേ മൂന്ന് ലളിതമായ ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്. കുട്ടികൾക്കു വേണ്ട എന്തെല്ലാം പത്രത്തിലുണ്ട്, കുട്ടികൾക്കായുള്ള സിമെന്റുകൾ എത്രത്തോളം കുട്ടികൾ പ്രയോജനപ്പെടുത്തുന്നു, പത്രങ്ങളെപ്പറ്റിയുള്ള പൊതുവായ അഭിപ്രായം എന്നിവയെക്കുറിച്ചാണ് വിവരം തേടിയത്.

വിദ്യാർഥികളിലെ പത്രവായനശീലത്തെപ്പറ്റിയുടെ ചോദ്യത്തിന് ഉത്തരത്തെ ക്രോഡീകരിച്ചപ്പോൾ കിട്ടിയ വിവരം ഇപ്രകാരമാണ്.

എല്ലാ ദിവസവും പത്രം വായിക്കുന്നവർ 69%

വല്ലപ്പോഴും പത്രം വായിക്കുന്നവർ25%

(പത്രം വായിക്കാറേ ഇല്ലെന്ന് മറുപടി നൽകിയവരും മറുപടിയേ നൽകാത്തവരുമാണു ശേഷിക്കുന്ന നാലു ശതമാനം)

## കുട്ടികളിലെ വായനശീലം

ഇതിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി ാസുകളിൽ പഠിക്കുന്ന ബഹുഭൂരിപക്ഷം കുട്ടികളും പത്രം ദിവസവും നോക്കുന്നവരാണ്. അതേസമയം, എൽപി,യുപി ാസുകളിൽ പഠിക്കുന്നവരിൽ പത്രവായനശീലം താരതമ്യേന കുറവാണ്.

എന്നാൽ എല്ലാ ദിവസവും പത്രം വായിക്കുന്നു എന്നതിന് വിശദമായി വായിക്കുന്നു എന്നർഥമുണ്ടാകണമെന്നില്ല. സ്പോർട്സ് തുടങ്ങി താത്പര്യമുള്ള പേജുകൾ മാത്രം വായിക്കുന്നവരോ പത്രം മറിച്ചുനോക്കുക മാത്രം ചെയ്യുന്നവരോ ആകാം ഭൂരിപക്ഷവും. എന്നാൽ വിദ്യാർഥികൾ പത്രവുമായി നല്ല അടുപ്പം പുലർത്തുവെന്നത് മാധ്യമലോകത്തിനും നല്ല വാർത്തയാണ്.

വിദ്യാർഥികൾക്കായി പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പ്രത്യേക പേജുകൾ ബഹുഭൂരിപക്ഷം കുട്ടികളും കാണാറുണ്ട്.

പഠനപരമായ വിവിധ പ്രവർത്തനങ്ങൾക്കായി അവ പ്രയോജനപ്പെടുത്താറുമുണ്ട്.

പത്രങ്ങളിൽ നിങ്ങൾക്കു വേണ്ട എന്തെല്ലാം കാര്യങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട് എന്ന ചോദ്യത്തിന് ബഹുഭൂരിപക്ഷം പേരും പഠനത്തിന് സഹായകമായ അറിവു പകരുന്ന കാര്യങ്ങളും കായിക വാർത്തകളുമാണ് ആദ്യം പറഞ്ഞത്. രാഷ്ട്രീയം തുടങ്ങി പത്രങ്ങളുടെ പ്രിയപ്പെട്ട വിഷയങ്ങളിൽ പലതിനും കുട്ടികളായ വായനക്കാർ കുറവാണെന്നതാണ് സർവേ നൽകുന്ന സൂചന.

വിദ്യാർഥികൾക്കായുള്ള സിമെന്റുകൾ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്ന ചോദ്യത്തിന് പഠനപ്രവർത്തനങ്ങൾക്കായി നേരിട്ടു പ്രയോജനപ്പെടുത്തുന്നു എന്ന ഉത്തരമാണ് ഏതാണ്ട് എല്ലാവരും നൽകിയത്.

സെമിനാർ, പ്രോജക്ട്, അസൈൻമെന്റുകൾ തുടങ്ങിയവയുടെ വിവരശേഖരണ ഉപാധിയായാണു കുട്ടികൾ ഇത്തരം പേജുകളെ കാണുന്നത്. അതേസമയം, കുട്ടികൾക്കുള്ള സിമെന്റുകൾ വായിക്കാറുണ്ട്, ഏറെ പ്രയോജനം ചെയ്യുന്നു എന്ന് ഒഴുക്കൻമട്ടിൽ മറുപടി പറഞ്ഞവരുമുണ്ട്.

പൊതുവേ പത്രങ്ങൾ പൊതുവിജ്ഞാനം വളർത്താനും വിവരശേഖരണത്തിനുമാണ് പ്രയോജനപ്പെടുന്നതെന്നാണു വിദ്യാർഥി ലോകത്തിന്റെ അഭിപ്രായം. പത്രങ്ങൾ വിജ്ഞാനോപാധിയാണെന്ന് അഭിപ്രായപ്പെട്ടത് 84% പേരാണ്. സർവേയിൽ പങ്കെടുത്ത മുതിർന്ന കുട്ടികളിൽ 25% പേർ പത്രങ്ങൾ നിഷ്പക്ഷമല്ല എന്ന അഭിപ്രായം രേഖപ്പെടുത്തി. നേരിട്ട് ഇതേപ്പറ്റി ചോദ്യം ഇല്ലാതിരുന്നിട്ടും കുട്ടികൾ ഇത്തരത്തിൽ അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ്.

പത്രങ്ങളെപ്പറ്റിയുള്ള പൊതു അഭിപ്രായം എന്തെന്ന ചോദ്യത്തിന് ഗൗരവമാർന്ന നിരീക്ഷണങ്ങൾ നൽകിയവരും ഉണ്ടായിരുന്നു. പരസ്യങ്ങൾ അമിതമായി കൂടുന്നുവെന്നാണ് ചിലരുടെ ആശങ്ക.

പത്രങ്ങളുടെ നിലപാടുകളോടുള്ള എതിർപ്പും ഉത്ക്കണ്ഠയും മറച്ചുവയ്ക്കാത്തവരുമുണ്ട്. ഉദാഹരണമായി ചില അഭിപ്രായങ്ങൾ:

"ചില പത്രങ്ങൾ വാർത്തകൾ മനപ്പൂർവം വളച്ചൊടിക്കുകയും ഒളിച്ചുവയ്ക്കുകയും ചെയ്യാറുണ്ട്. ചില പത്രഉടമകൾ രാഷ്ട്രീയ പ്രതിയോഗികൾക്ക് എതിരെ പത്രങ്ങളെ ഉപയോഗപ്പെടുത്തുന്നു."

"പത്രമാധ്യമങ്ങൾ പൊതുവേ ചില രാഷ്ട്രീയ പാർട്ടികളുടെ ദല്ലാളൻമാരായി മാറിയ കാഴ്ചയാണു കാണുന്നത്."

"ചെറിയൊരു ശതമാനം പത്രങ്ങൾ തങ്ങളുടെ കർത്തവ്യം മറക്കുന്നുണ്ട്. പക്ഷപാതം കാണിക്കാതെ സത്യം ജനങ്ങളിലെത്തിക്കേണ്ട പത്രങ്ങൾ ചില രാഷ്ട്രീയപാർട്ടികളുടെയും മതങ്ങളുടെയും വ്യക്തികളുടെയും സ്വാധീനത്താൽ സത്യത്തെ മറച്ചുപിടിച്ച് എല്ലാ വാർത്തകളുടെയും ഒരു വശം മാത്രം കാണിക്കുന്നു. ഇതു മാറണം, പത്രങ്ങൾ ജനാധിപത്യാടിസ്ഥാനത്തിൽ വേണം പ്രവർത്തിക്കാൻ."

"Every newspaper has its own interests. They write news according to their view. So reading one newspaper may not give the real picture.

മാധ്യമലോകത്തെ സംബന്ധിച്ച് പൊതുവേയുള്ള ആശങ്കകൾ വിദ്യാർഥികളും പങ്കിടുന്നുവെന്നത് പത്രങ്ങളുടെ നയരൂപീകരണം നടത്തുന്നവരുടെ ശ്രദ്ധയിൽ വരേണ്ടതാണ്.

## രക്ഷിതാക്കൾ

പത്രം കുട്ടികളുടെ പഠനത്തിന് ഉപയോഗിക്കാറുണ്ടോ, പത്രത്തിൽ ഏതു ഭാഗമാണ് കുട്ടികൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നത്, കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പേജുകളെപ്പറ്റിയുള്ള പൊതുവായ അഭിപ്രായം, മാധ്യമങ്ങൾ കുട്ടികൾക്കു നൽകുന്ന പ്രാധാന്യം, ബാലവേല, ശിശുപീഡനം തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതി, അച്ചടിമാധ്യമമാണോ ദൃശ്യമാധ്യമമാണോ കുട്ടികളുടെ പ്രശ്നങ്ങൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നത് തുടങ്ങിയ കാര്യങ്ങളിലാണു രക്ഷിതാക്കളുടെ അഭിപ്രായം തേടിയത്. ഇതിലെ കണ്ടെത്തലുകൾ ഒറ്റനോട്ടത്തിൽ താഴെപ്പറയുന്ന വിധം

ക്രോഡീകരിക്കാം

*പത്രം പഠനത്തിൽ പ്രയോജനപ്പെടുന്നുണ്ടോ

ഉണ്ട് 93%

ഇല്ല 4%

മറുപടി ഇല്ല 3%

*പത്രത്തിൽ കൂടുതൽ ഉപയോഗിക്കുന്നത് കുട്ടികളുടെ പേജുകളാണെന്ന് 54% അഭിപ്രായപ്പെട്ടപ്പോൾ 46% രക്ഷിതാക്കൾ പറഞ്ഞത് മറ്റു പേജുകളാണ് കുട്ടികൾക്കു ഗുണം ചെയ്യുന്നതെന്നാണ്.

*കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പേജുകൾ നല്ല നിലവാരം പുലർത്തുന്നതായി 57% അഭിപ്രായപ്പെടുന്നു. ഈ പേജുകൾക്ക് ഭാഗികമായ പ്രയോജനമേ ഉള്ളൂ എന്നാണ് 14% രക്ഷിതാക്കൾ പറഞ്ഞത്.

ഇത്തരം പേജുകൾ ഇനിയും മെച്ചപ്പെടുത്തണമെന്ന് 22% പേർ ആവശ്യപ്പെട്ടു. ഏഴു ശതമാനം പേർ ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തിയില്ല.

## കുട്ടികളുടെ പേജിനെപ്പറ്റി

* മാധ്യമങ്ങൾ കുട്ടികൾക്കു വേണ്ടത്ര പ്രാധാന്യം നൽകുന്നതായി 54% രക്ഷിതാക്കൾക്ക് അഭിപ്രായമുണ്ട്. അതേസമയം 39% പേർ കുട്ടികൾക്കു വേണ്ടത്ര പരിഗണന മാധ്യമങ്ങളിൽ ലഭിക്കുന്നില്ലെന്ന അഭിപ്രായക്കാരാണ്.

*ബാലവേല, ശിശുപീഡനം തുടങ്ങിയ പ്രശ്നങ്ങൾ ഫലപ്രദമായി മലയാള മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടോയെന്ന ചോദ്യത്തിന്

നന്നായി കൈകാര്യം ചെയ്യുന്നുവെന്ന് 36% പേർ പറഞ്ഞു, കുട്ടികൾക്ക് പ്രാതിനിധ്യം നൽകുന്നുണ്ടെങ്കിലും തൃപ്തികരമല്ലെന്ന് 35% പേർ അഭിപ്രായപ്പെട്ടു. അതേസമയം, 29% പേർ കുട്ടികളുടെ പ്രശ്നങ്ങൾ മാധ്യമങ്ങൾ ഗൗരവത്തിൽ എടുക്കാറേയില്ലെന്ന പക്ഷക്കാരാണ്.

*കുട്ടികളുടെ പ്രശ്നങ്ങൾ അച്ചടി മാധ്യമങ്ങളാണ് കൂടുതൽ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നതെന്ന് 42% പേരും ദൃശ്യശ്രാവ്യമാധ്യമങ്ങളാണെന്ന് 29% പേരും പറഞ്ഞപ്പോൾ 29% പേരുടെ അഭിപ്രായം ഇരുവിഭാഗവും തുല്യമായി തന്നെ നൽകുന്നുവെന്നായിരുന്നു.

## ഏതാണു കൂടുതൽ ശിശു സൗഹൃദപരം

രക്ഷിതാക്കളുടെ അഭിപ്രായങ്ങളിൽ ഏറെയും കുട്ടികൾക്ക് പഠനപരമായ കാര്യങ്ങളിലുള്ള പിന്തുണ പത്രത്തിൽനിന്നു കിട്ടണമെന്ന തരത്തിലുള്ളതായിരുന്നു.

കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ രക്ഷിതാക്കൾക്കുള്ള താത്പര്യവും ഇത്ക്കണ്ഠയുമാണ് ഇക്കാര്യത്തിലും വെളിവാകുന്നത്. വാർത്ത അറിയുക എന്നതിനപ്പുറം പഠനത്തിന് ഉപയോഗിക്കുക എന്ന നിലയിലാണു രക്ഷിതാക്കളിൽ ഭൂരിഭാഗവും പത്രത്തെ കാണുന്നത്.

അതുകൊണ്ടു തന്നെ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പ്രത്യേക പേജുകളെ രക്ഷിതാക്കൾ സ്വാഗതം ചെയ്യുന്നു.

അതേസമയം പത്രങ്ങൾ സെൻസേഷണൽ വാർത്തകൾക്കു നൽകുന്ന അമിതപ്രാധാന്യത്തെപ്പറ്റി പല രക്ഷിതാക്കൾക്കും ആശങ്കയുണ്ട്.

പത്രം കാശുകൊടുത്തു വാങ്ങുന്നവർ എന്ന നിലയിൽ രക്ഷിതാക്കളുടെ താത്പര്യത്തിനും ആശങ്കകൾക്കും മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് പരിഗണന ലഭിക്കേണ്ടതുണ്ട്.

## അധ്യാപകർ

രക്ഷിതാക്കളോടുള്ള ചോദ്യങ്ങൾ തന്നെയായിരുന്നു അധ്യാപകരോടും ചോദിച്ചത്.

പത്രം പഠനത്തിനായി ഉപയോഗിക്കാറുണ്ടെന്ന് 100% അധ്യാപകരും പറഞ്ഞു. പഠനസഹായി എന്ന നിലയിൽ പത്രങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്. ഭാഷാവികാസം, വിവരശേഖരണം, പൊതുവിജ്ഞാനം തുടങ്ങിയവയ്ക്കായി പത്രങ്ങളെ ആശ്രയിക്കുന്നു.

*പത്രത്തിൽ കുട്ടികൾക്ക് ഏറ്റവും പ്രയോജനമുള്ള ഭാഗം കുട്ടികൾക്കായുള്ള പ്രത്യേക പേജുകൾ തന്നെയാണെന്ന് 70% അധ്യാപകരും രേഖപ്പെടുത്തി. എഡിറ്റോറിയൽ, ശാസ്ത്രം തുടങ്ങിയ ചില പേജുകളാണ് പ്രയോജനകരമെന്ന് 22% വും എല്ലാ പേജുകളും കുട്ടികൾക്ക് പ്രയോജനപ്പെടുത്താനാകുന്നതാണെന്ന് 8% ഉം അഭിപ്രായപ്പെട്ടു.

*പത്രങ്ങൾ കുട്ടികൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന പേജുകൾ നല്ല നിലവാരം പുലർത്തുന്നതായി അഭിപ്രായപ്പെട്ട അധ്യാപകർ 26%

മാത്രമാണ്. 52% പേരും ശരാശരി നിലവാരം മാത്രമുള്ളതായാണു പറഞ്ഞത്. നിലവാരം കുറവാണെന്ന് 10% പേർ

അഭിപ്രായപ്പെട്ടു. ബാക്കിയുള്ളവർക്ക് ഇക്കാര്യത്തിൽ പ്രത്യേകിച്ചു നിലപാടില്ല. കുട്ടികളുടെ പേജിന്റെ നിലവാരം അധ്യാപകർ പറഞ്ഞത്

*മാധ്യമങ്ങൾ കുട്ടികൾക്കു വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോയെന്ന ചോദ്യത്തിന് 48% അധ്യാപകർ നല്ല പ്രാധാന്യം നൽകുന്നുവെന്നാണ് അഭിപ്രായപ്പെട്ടത്. അതേസമയം, 30% പേർ താരതമ്യേന കുറഞ്ഞ പ്രാധാന്യമാണ് നൽകുന്നതെന്നും 22% പേർ മതിയായ പ്രാധാന്യം നൽകുന്നില്ലെന്നും പറഞ്ഞു.

*ബാലവേല, ശിശുപീഡനം തുടങ്ങിയ പ്രശ്നങ്ങൾ എത്രത്തോളം ഫലപ്രദമായി മലയാള മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നുവെന്നു ചോദിച്ചപ്പോൾ 68% പേരും ഫലപ്രദമായല്ല ഈ വിഷയങ്ങൾ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന അഭിപ്രായക്കാരായിരുന്നു. വളരെ ഫലപ്രദമാണ് ഈ വിഷയത്തിലെ മാധ്യമ സമീപനം എന്ന് 26% പേരാണു പറഞ്ഞത്. 6% പേർക്ക് ഇക്കാര്യത്തിൽ മറുപടി ഇല്ല.

## കുട്ടികളുടെ അവകാശം, ബാലവേല പത്രങ്ങളുടെ പ്രാതിനിധ്യം

*അച്ചടി മാധ്യമങ്ങളാണോ ദൃശ്യ മാധ്യമങ്ങളാണോ കുട്ടികളുടെ പ്രശ്നങ്ങൾ കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതെന്ന ചോദ്യത്തിന് 38% അധ്യാപകരും ദൃശ്യമാധ്യമങ്ങൾക്കൊപ്പമാണ്. 24% പേർ അച്ചടി മാധ്യമത്തെ പിന്തുണയ്ക്കുന്നു.

ഇരു വിഭാഗങ്ങളും ഏറെക്കുറെ തുല്യമായാണു കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് 20% പേർ അഭിപ്രായപ്പെടുന്നു. രണ്ടു കൂട്ടരും കുട്ടികളുടെ പ്രശ്നങ്ങൾ മതിയായ ഇടം നൽകുന്നില്ലെന്ന് 2% അധ്യാപകർ പറഞ്ഞപ്പോൾ

16% പേർക്ക് ഇക്കാര്യത്തിൽ ഉത്തരം നൽകാനായില്ല.

അച്ചടി മാധ്യമങ്ങളാണോ ദൃശ്യമാധ്യമങ്ങളാണോ കുട്ടികളുടെ പ്രശ്നം കൂടുതൽ ഫലപ്രദമായി കൈകാര്യം ചെയ്യുന്നത്?

അധ്യാപകരുടെ നിർദേശങ്ങളിൽനിന്നു ശ്രദ്ധേയമായി തോന്നിയ ചിലത്:

“പത്രം ലഭ്യമല്ലാത്ത ഒട്ടേറെ കുട്ടികളുണ്ട്. ട്യൂഷൻ തിരക്ക്,

രക്ഷിതാവിന്റെ വിലക്ക് തുടങ്ങിയവ കാരണം പത്രം വായിക്കാൻ അവസരമില്ലാത്ത കുട്ടികളുടെ എണ്ണവും കുറവല്ല. ദൃശ്യമാധ്യമങ്ങളിലെ പല പരിപാടികളും കുഞ്ഞുങ്ങളിൽ തിൻമയുടെ വിത്തു വിതയ്ക്കാൻ പ്രേരകമാകുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

“കുട്ടികളുടെ മനസറിയാൻ കഴിവുള്ള പത്രപ്രവർത്തകരുടെ എണ്ണം തീരെ കുറവാണ്, കുട്ടികളുടെ സർഗാത്മകതയ്ക്കു പത്രങ്ങൾ തീരെ പ്രാധാന്യം നൽകുന്നില്ല.

‘‘വിവരങ്ങൾക്കു വിശ്വാസ്യതയും കൃത്യതയും വേണം. കുഞ്ഞുമനസുകളിൽ ഇവയുണ്ടാക്കുന്ന സ്വാധീനത്തെപ്പറ്റി പത്രപ്രവർത്തകർക്ക് അവബോധം വേണം. മൂല്യങ്ങൾക്കും പാരമ്പര്യത്തിനും പ്രാധാന്യം നൽകണം.

“കുട്ടികളുമായും സ്കൂളുകളുമായും ബന്ധപ്പെട്ട വാർത്തകൾക്ക് പ്രാദേശികതലത്തിൽ കൂടുതൽ പ്രാധാന്യം ലഭിക്കേണ്ടതുണ്ട്.

അധ്യാപകർക്കും രക്ഷിതാക്കൾക്കും നൽകിയത് ഒരേ ചോദ്യാവലി ആയിരുന്നു. എന്നാൽ അഭിപ്രായങ്ങളിലെ വ്യത്യസ്തത ശ്രദ്ധേയമാണ്. കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പേജുകൾക്കു ശരാശരി നിലവാരമേ ഉള്ളൂ എന്ന് 52% അധ്യാപകർക്കും അഭിപ്രായമുള്ളപ്പോൾ ഇത്തരം പേജുകൾക്ക് നല്ല നിലവാരമുണ്ടെന്നാണ് 57% രക്ഷിതാക്കളുടെ അഭിപ്രായം.

രക്ഷിതാക്കളെ സംബന്ധിച്ച് കുട്ടികൾക്കു പഠനത്തിനുള്ള ഉപാധി കൂടി പത്രം വാങ്ങുന്നതിലൂടെ കിട്ടുന്നു എന്ന സൗകര്യമുള്ളതുകൊണ്ടും വീട്ടിലേക്കെത്തുന്ന പഠനസഹായി എന്ന നിലയ്ക്കുമാകാം രക്ഷിതാക്കൾക്ക് ഇത്തരം പേജുകളെ സ്വാഗതം ചെയ്യുന്നത്.

താരതമ്യേന വൈരുധ്യം കൂടിയ മറ്റൊരു വിഷയം അച്ചടി മാധ്യമങ്ങളാണോ ദൃശ്യശ്രാവ്യ മാധ്യമങ്ങളാണോ കുട്ടികളുടെ പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതെന്നായിരുന്നു. അധ്യാപകരിൽ 38% ദൃശ്യശ്രാവ്യമാധ്യമങ്ങൾക്കൊപ്പം

നിലയുറപ്പിച്ചപ്പോൾ രക്ഷിതാക്കളിൽ 29% മാത്രമേ ദൃശ്യശ്രാവ്യ മാധ്യമങ്ങളെ പിന്തുണച്ചുള്ളൂ. രക്ഷിതാക്കളിൽ 43% അച്ചടിമാധ്യമങ്ങൾക്കൊപ്പമാണ്. അധ്യാപകരിൽ 24% മാത്രമാണിത്.

രക്ഷിതാക്കൾ പൊതുവേ മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ

ആവശ്യത്തിനും അനാവശ്യത്തിനും ഉത്കണ്ഠ പുലർത്തുന്നവരാണ്. അതുകൊണ്ടു തന്നെയാകും പത്രങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഉതകുന്നതാകണമെന്ന് അവർ ആഗ്രഹിക്കുന്നത്.

അതേസമയം അധ്യാപക സമൂഹം അൽപമൊരു വിമർശന ബുദ്ധിയോടെയാണ് പത്രങ്ങളിലെ കുട്ടി പേജുകളെ കാണുന്നത്. പത്രവായനക്കാരിൽ ബഹുഭൂരിപക്ഷവും രക്ഷിതാക്കൾ എന്ന വിഭാഗത്തിൽ വരുന്നതിനാൽ മാധ്യമപ്രവർത്തകരെ സംബന്ധിച്ച് ശ്രദ്ധേയമായ ചില പാഠങ്ങളാണ് ഈ സർവേ മുന്നോട്ടു വയ്ക്കുന്നത്. വാർത്ത അറിയുക എന്ന കേവല ധർമത്തിന് അപ്പുറം ഉപയോഗക്ഷമത(യൂട്ടിലിറ്റി ആംഗിൾ) കൂടി പത്രം വാങ്ങുന്നതിൽ രക്ഷിതാക്കൾ പരിഗണിക്കുന്നുണ്ട്.

അതുകൊണ്ടു തന്നെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായി രക്ഷിതാക്കൾ പരിഗണിക്കുന്ന വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ സജീവമായ ഇടപെടലിന് പത്രങ്ങൾ തയാറാകേണ്ടതുണ്ട്.

സ്കൂളുകൾ കേന്ദ്രീകരിച്ച് ഒട്ടേറെ പരിപാടികൾ മാധ്യമങ്ങൾ നടപ്പാക്കുന്നുണ്ട്. എന്നാൽ അതെല്ലാം മാർക്കറ്റിങ് പരിപാടികളാണ്. എഡിറ്റോറിയൽ വിഭാഗങ്ങൾ കുട്ടികളെ ഏറെ സുപ്രധാനമായ ഒരു ഘടകമായി പരിഗണിച്ചുള്ള നയരൂപീകരണം നടത്തേണ്ടിയിരിക്കുന്നു.

കുട്ടികൾക്ക് ഇതുമതി എന്ന മട്ടിലുള്ള സമീപനം പത്രങ്ങൾക്കു ദോഷം ചെയ്യും. പുതിയ കാലത്തെ കുട്ടികളുടെ അറിവും ധാരണകളും ചിന്താശേഷിയും പരിഗണിച്ചുവേണം കുട്ടികൾക്കായി എഴുതാൻ.നമ്മൾ പ്രതീക്ഷിക്കുന്നതിലും മേലെയാണ് അവരുടെ മാനസിക നിലവാരം.

മാധ്യമങ്ങളുടെ പക്ഷപാതിത്വവും അതിരുകടന്ന രാഷ്ട്രീയക്കളികളുമൊക്കെ സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കുന്നതിൽ കുട്ടികളും ഉൾപ്പെടുന്നുവെന്ന തിരിച്ചറിവ് തീർച്ചയായും മാധ്യമലോകത്തിനുണ്ടാകണം.

●

അധ്യായം 17

# കണ്ടെത്തലുകൾ, നിർദേശങ്ങൾ

മാധ്യമങ്ങൾ കുട്ടികൾക്കായി ചെയ്യേണ്ടത് എന്ത്, ചെയ്യുന്നത് എന്ത് എന്നതാണ് ഈ പഠനത്തിലൂടെ ചർച്ച ചെയ്യാൻ ശ്രമിച്ചത്. പത്രം, ടിവി, റേഡിയോ, പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷനുകൾ എന്നിവ മാത്രമാണ് പഠനത്തിനായി പരിഗണിച്ചത്. മാധ്യമങ്ങൾ

കുട്ടികളുടെ പ്രശ്നങ്ങൾ എത്രത്തോളം പരിഗണിക്കുന്നുണ്ട്, കുട്ടികൾക്കു മാധ്യമങ്ങളിൽ എത്രത്തോളം പ്രാതിനിധ്യം ലഭിക്കുന്നുണ്ട്, കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ മാധ്യമ പ്രവർത്തകർക്ക് എത്രത്തോളം ധാരണയുണ്ട് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

ഓരോ മേഖലയിലും രാജ്യാന്തര തലത്തിലുള്ള സ്ഥിതിയും അവലോകനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

ഈ പഠനത്തിലെ ചില കണ്ടെത്തലുകളും അതിന്റെ അടിസ്ഥാനത്തിലുള്ള ചില നിർദേശങ്ങളുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഇതിൽ പലതും മാധ്യമ ലോകത്തിന് പരിചിതമായ കാര്യങ്ങൾ തന്നെയാണ്. അതേസമയം കാര്യക്ഷമമായ

പരിഹാരത്തിനായുള്ള ശ്രമങ്ങൾ ഇല്ലാത്തതാണ് പ്രശ്നം. അതിന് ആരു മുൻകയ്യെടുക്കണമെന്ന പ്രശ്നവുമുണ്ട്.

മാധ്യമ സ്വാതന്ത്ര്യം എന്നത് അമിതമായ നിയന്ത്രണങ്ങൾ ഇല്ലാത്ത സാഹചര്യത്തിലേ നിലനിൽക്കൂ. അതേസമയം , ലാഭത്തിൽ അധിഷ്ഠിതമായ കമ്പോള ഉത്പന്നമാണ് മാധ്യമം എന്നതിനാലും മാധ്യമപ്രവർത്തകരെക്കാൾ മാധ്യമ ഉടമകളായ വ്യവസായികളും

മറ്റുമാണ് മാധ്യമങ്ങളിലെ അവസാനവാക്ക് എന്നതിനാലും ഒരു നിയന്ത്രണവുമില്ലാത്ത മാധ്യമലോകം സമൂഹത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകില്ല. അതിനാൽ സ്വയം രൂപപ്പെടുത്തിയ ഒരു നിയന്ത്രണചട്ടക്കൂടിൽനിന്നു പ്രവർത്തിക്കുന്നതാണ് നല്ലത്. പ്രസ് കൗൺസിൽ പോലുള്ള ഏജൻസികളുടെ നിരീക്ഷണവും അനിവാര്യമാണ്.

ഇനി വിഷയത്തിലേക്ക്. കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളെ മലയാള മാധ്യമങ്ങൾ അവഗണിക്കുകയാണ് എന്നു പറയുന്നതു ശരിയാകില്ല. കുട്ടികൾ ഉൾപ്പെടുന്ന വാർത്തകളും സംഭവങ്ങളും മാധ്യമങ്ങൾ പ്രാധാന്യത്തോടെ നൽകുന്നുണ്ട്. ഈ പഠനത്തിൽനിന്നു മനസിലായ ശ്രദ്ധേയമായ വസ്തുത, ഈ പ്രാധാന്യം എന്നത് പത്രത്തിന്റെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോഴുള്ളതാണ്.

ജേണലിസ്റ്റിക് ആംഗിളിലുള്ള മുൻഗണന പക്ഷേ കുട്ടിയുടെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോൾ നേരെ തലതിരിഞ്ഞെന്നു വരും. പത്രപ്രവർത്തനത്തിന്റെ രാജ്യാന്തര മാനദണ്ഡമനുസരിച്ച് കുട്ടിയുടെ ഭാഗത്തുനിന്നു ചിന്തിച്ചാണ് റിപ്പോർട്ടിങ് നടത്തേണ്ടത്.

അങ്ങനെ വരുമ്പോൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്തകൾ പലതും വാർത്തകളേ അല്ലാതാകും.

പക്ഷേ സെൻസേഷണൽ ശൈലിയിൽ അഭിരമിക്കുന്ന മലയാള മാധ്യമ ലോകത്തിന്, പ്രത്യേകിച്ചു പത്രങ്ങൾക്ക് അങ്ങനെ ചിന്തിക്കാൻ പ്രയാസമാണ്. പക്ഷേ കുട്ടികളുടെ അവകാശ സംരക്ഷണം അതീവ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്ന കാലത്ത് മാധ്യമങ്ങൾക്കു മറ്റു

പ്രശ്നങ്ങളിൽ സ്വീകരിക്കുന്ന മുൻഗണനാ നയം ഇതിൽ പിന്തുടരുന്നത് ഒട്ടും ശിശുസൗഹൃദപരമായ സമീപനമല്ല.

സമയത്തിന് എതിരെയുള്ള പോരാട്ടം കൂടിയാണല്ലോ മാധ്യമപ്രവർത്തനം, സ്ഥാപനത്തിന്റെ പോളിസിക്കും താത്പര്യങ്ങൾക്കും ഒപ്പം വാർത്തയുടെ വസ്തുനിഷ്ഠതയും അർഹമായ പ്രാധാന്യവും ഉറപ്പാക്കാനുള്ള ട്രപ്പീസുകളിക്കിടെ കുട്ടികളുടെ താത്പര്യം കൂടി പരിഗണിക്കുക എന്നതു ഗൗരവമുള്ള കാര്യമായി മുഖ്യധാരാ മാധ്യമപ്രവർത്തകർക്കു തോന്നാനിടയില്ല. അതേസമയം, കുട്ടികളുടെ താത്പര്യങ്ങളെ അവഗണിച്ചും മാറ്റിമറിച്ചുമുള്ള മാധ്യമ പ്രവർത്തനം സമൂഹതാത്പര്യത്തിന് ഗുണകരമല്ല.

*ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു വയ്ക്കാനുള്ള പ്രധാനപ്പെട്ട നിർദേശങ്ങളിലൊന്ന് മാധ്യമ സ്ഥാപനങ്ങൾക്കായി ഒരു ശിശുസൗഹൃദ മാധ്യമ നയത്തിന് (Child friendly media policy)രൂപം നൽകണം എന്നതാണ്.

അതിൽ കേരളത്തിന്റെ സാഹചര്യത്തിൽ പത്ര, ടിവി, റേഡിയോ മാധ്യമങ്ങൾ കുട്ടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വീകരിക്കേണ്ട നിലപാടും മുൻഗണനകളും റിപ്പോർട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച വ്യക്തവും കൃത്യവുമായ മാനദണ്ഡങ്ങൾ ഉണ്ടാകണം. ഈ നയം രൂപപ്പെടുത്തേണ്ടത് മാധ്യമപ്രവർത്തകരും വിദ്യാഭ്യാസ വിദഗ്ധരും ശിശുമനശ്ശാസ്ത്രജ്ഞരും ഒക്കെ അടങ്ങുന്ന സമിതിയാകണം.

*ഓരോ മാധ്യമസ്ഥാപനത്തിനും ഒരു കുട്ടികളുടെ വിഭാഗം (Children's Desk) രൂപീകരിക്കണം. കുറഞ്ഞ പക്ഷം ഒരു Childrens Editor എങ്കിലും വേണം.

കൂട്ടത്തിലൊന്നായി കുട്ടികളുടെ പേജും വാർത്തകളും കൈകാര്യം ചെയ്യപ്പെടുന്ന സ്ഥിതി മാറണം. വിദ്യാഭ്യാസ വിഷയത്തിലും കുട്ടികളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും അഭിരുചിയും പരിചയവും ഉള്ള മാധ്യമപ്രവർത്തകരുടെ നേതൃത്വത്തിലാകണം ഇത്. കുട്ടികളുമായി ബന്ധപ്പെട്ട സംഭവങ്ങളും പ്രശ്നങ്ങളും റിപ്പോർട്ടുകളും പരിപാടികളും ഈ വിഭാഗത്തിൽ കൂടി കടന്നു പോകണം. കുട്ടികൾക്കായുള്ള പേജുകൾ ഡിസൈൻ ചെയ്യുക, മാറ്റർ എഡിറ്റ് ചെയ്യുക, പരിപാടികൾ തയാറാക്കുക തുടങ്ങിയവയെല്ലാം ഇവരുടെ ചുമതലയാകണം.

*പത്രം പഠനത്തിനായി ഉപയോഗിക്കുന്ന ന്യൂസ് പേപ്പർ ഇൻ എജ്യുക്കേഷൻ എന്ന പരിപാടി ഒട്ടേറെ രാജ്യങ്ങളിൽ വിജയകരമായി നടത്തുന്നു.മാധ്യമങ്ങൾക്കും കുട്ടികൾക്കും ഗുണകരമായ പരിപാടിയാണിത്. കേരളത്തിൽ ആസൂത്രിതമായ തരത്തിൽ ഇത്തരമൊരു പരിപാടിയില്ല. അതേസമയം,ഓരോ പത്രസ്ഥാപനവും സ്കൂളുമായും വിദ്യാർഥികളുമായും ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ മാധ്യമ സ്ഥാപനവും ( ടിവിക്കും റേഡിയോയ്ക്കും മാധ്യമത്തിന് അനുയോജ്യമായ മാറ്റങ്ങൾ വരുത്തി ഇത്തരമൊരു പദ്ധതി നടപ്പാക്കാൻ കഴിയും) ന്യൂസ് പേപ്പർ ഇൻ എജ്യുക്കേഷൻ പരിപാടി നടപ്പാക്കണം. നേരത്തെ പറഞ്ഞ കുട്ടികൾക്കായുള്ള ഡസ്കിന് ഇതിന്റെ ചുമതല നൽകാം. ഓരോ

അധ്യയന വർഷവും സ്കൂളുമായി ബന്ധപ്പെട്ട സജീവമായ പരിപാടികൾ സംഘടിപ്പിക്കണം. ഭാവി വായനക്കാരെന്ന നിലയ്ക്ക് കുട്ടികളെ മാധ്യമവുമായി അടുപ്പിച്ചു നിർത്താനും ഇതു സഹായകമാകും. ഇപ്പോൾ വിവിധ മാധ്യമ സ്ഥാപനങ്ങൾ കുട്ടികൾക്കായി നടത്തുന്ന പല പ്രോജക്ടുകൾക്കും കൃത്യമായ തുടർപരിപാടി (ഞ്ചഗഗന്ദ ഗ്മണ്മ) ഉണ്ടാകുന്നില്ല. മാധ്യമങ്ങളിൽ പ്രത്യേക വിഭാഗം ഇതിനായി ഉണ്ടാക്കുമ്പോൾ ആ പ്രശ്നവും പരിഹരിക്കപ്പെടും.

* പത്രങ്ങൾ പഠനത്തിനുള്ള സജീവ സാമഗ്രികളായി മാറിയ സാഹചര്യം പൂർണമായും ഉപയോഗിക്കാൻ ആയിട്ടില്ല. ാസ് മുറിയിൽ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് പത്രം ഉപയോഗിക്കാനാകും എന്നതു സംബന്ധിച്ച് അധ്യാപകർക്ക് പരിശീലനം നൽകാൻ പത്രങ്ങൾ മുന്നിട്ടിറങ്ങണം. പത്രപ്രവർത്തനം, പത്രസംവിധാനം എന്നിവയെപ്പറ്റിയൊക്കെ അധ്യാപകർക്കും കുട്ടികൾക്കും പരിശീലനം നൽകാനും പദ്ധതി തയാറാക്കണം. കാരണം കുട്ടികളെ പത്രത്തിനോട് അടുപ്പിച്ചു നിർത്തുന്നത് ഭാവിയിലേക്കുള്ള ഈട് വയ്പു കൂടിയാണ്. മാത്രമല്ല, ഒട്ടേറെപ്പേർ പത്രം വാങ്ങുന്നത് വീട്ടിൽ പഠിക്കുന്ന കുട്ടി ഉണ്ട് എന്ന കാരണത്താലാണ്.

*പത്രങ്ങളും സ്കൂൾ പാഠ്യപദ്ധതിയിലെ മാറ്റം ഉൾക്കൊണ്ട് കൂടുതൽ സ്ഥലം കുട്ടികൾക്കായി മാറ്റിവയ്ക്കണം. പഠിക്കുന്ന കുട്ടിയുള്ള വീട്ടിൽ പത്രം അവിഭാജ്യ ഘടകമാണ് എന്ന തോന്നൽ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

* ഹയർ സെക്കൻഡറിയാണ് ഇപ്പോൾ സ്കൂൾ ഫൈനൽ. എന്നിട്ടും പത്താം ാസിന്റെ ഹാങ് ഓവർ മാറിയിട്ടില്ല. കുട്ടികളുടെ പേജിലും മറ്റും പത്താം ാസ് പരീക്ഷാസഹായികൾക്കാണ് പ്രാധാന്യം. ഹയർ സെക്കൻഡറിക്കു ഊന്നൽ നൽകാനും അതു കഴിഞ്ഞുള്ള വിവിധ തരം കോഴ്സുകളെ സംബന്ധിച്ചു പരിചയപ്പെടുത്താനും മാധ്യമങ്ങൾ ശ്രദ്ധിക്കണം. പരീക്ഷാഫലം വന്നതിന്റെ പിറ്റേന്ന് അതുമായി ബന്ധപ്പെട്ട അപ്രസക്തമായ സ്ഥിതിവിവര കണക്കുകൾക്കപ്പുറം വിദ്യാർഥികൾക്ക് ഗുണകരമാകുന്ന ഇത്തരം വിവരങ്ങൾക്കാകണം ഊന്നൽ.

*വ്യാപകമായി പടർന്നു പിടിച്ചിരിക്കുന്ന എൻട്രൻസ് ജ്വരം കുറയ്ക്കാനും ബിടെക്കും എംബിബിഎസുമല്ലാതെ ഒട്ടേറെ വഴികളുണ്ടെന്നും സമൂഹത്തെ ബോധ്യപ്പെടുത്തേണ്ട ചുമതല

മാധ്യമങ്ങൾ ഒരു ദൗത്യമായി ഏറ്റെടുക്കേണ്ട സമയം വൈകിയിരിക്കുന്നു.

* കുട്ടികളെ സംബന്ധിച്ച മാധ്യമ പരമ്പരകളുടെ പ്രശ്നം വ്യക്തിവിവരങ്ങൾക്കും കഥകൾക്കുമാണ് ഏറെ പ്രാധാന്യം. വായിക്കാൻ അത്തരം സംഭവകഥകൾ ഉപകാരപ്പെടുമെങ്കിലും അവതരിപ്പിക്കുന്ന പ്രശ്നത്തെ ഉൾക്കാഴ്ചയോടെ സമീപിച്ച് പരിഹാരം നിർദേശിക്കുന്ന പരമ്പരകൾ കുറവാണ്. നേരത്തെ പത്രത്തിൽ വന്ന കുറേ സംഭവങ്ങൾ വിശദാംശങ്ങൾ സഹിതം ചേർത്ത് വിഷയവുമായി ബന്ധപ്പെട്ട വിവിധ കക്ഷികൾക്കു പറയാനുള്ളതുംകൂടി നൽകുമ്പോൾ പരമ്പരയായി. സംഭവങ്ങൾക്കും പ്രതികരണങ്ങൾക്കും ഒപ്പം വിഷയത്തെ ലേഖകർ സമഗ്രമായി പഠിച്ച് അവതരിപ്പിക്കുന്ന രീതിയിലേക്കു മാറണം.

*കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച യുഎൻ കൺവൻഷൻ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. കുട്ടികളുടെ അവകാശങ്ങൾ വീട്ടിലും സ്കൂളിലും സമൂഹത്തിലും വ്യാപകമായി ലംഘിക്കപ്പെടുമ്പോൾ അതു സംബന്ധിച്ച ബോധവത്കരണം മാധ്യമങ്ങൾ ഏറ്റെടുക്കണം. അതിന് മാധ്യമപ്രവർത്തകർക്ക് ഇതുസംബനന്ധിച്ച സുവ്യക്ത ധാരണ വേണം. മാധ്യമ പഠനകോഴ്സുകളിൽ ഈ വിഷയം ഉൾപ്പെടുത്തണം. കുട്ടികളുടെ അവകാശം സംബന്ധിച്ച യുഎൻ കൺവൻഷൻ രേഖകളും അവകാശ സംരക്ഷണത്തെ സംബന്ധിച്ച മികച്ച മാതൃകകളും ചർച്ചയ്ക്കു വിധേയമാക്കണം.

* കേരളത്തിന്റെ സാഹചര്യത്തിനു യോജിച്ച തരത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണം സംബന്ധിച്ച മാർഗരേഖ തയാറാക്കി പ്രസിദ്ധീകരിക്കാൻ പ്രസ് അക്കാദമി പോലുള്ള സ്ഥാപനങ്ങൾ മുൻകയ്യെടുക്കണം.

* ടെലിവിഷൻ കുട്ടികളെ വല്ലാതെ സ്വാധീനിക്കുന്ന ഒരു മാധ്യമമാണ്. കുട്ടികളെ അടക്കി ഇരുത്താനുള്ള വഴി എന്ന തരത്തിൽ രക്ഷിതാക്കൾ തന്നെയാണ് അമിതമായ ടിവി കാഴ്ചയിലേക്കു കുട്ടികളെ നയിക്കുന്നത്. അതു കുട്ടികളിലുണ്ടാക്കുന്ന മാനസികവും ശാരീരികവുമായ അപകടത്തെക്കുറിച്ചു സ്കൂളുകളിലും മറ്റും ബോധവത്കരണം വേണ്ടതാണ്. വീട്ടുകാർ സീരിയലിന് അഡിക്ടാകുമ്പോൾ കുട്ടികളെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിനു സാധിക്കാതെ വരുന്നു. കുടുംബങ്ങൾ അവരുടെ

സാഹചര്യങ്ങൾക്കനുസരിച്ച് ആരോഗ്യകരമായ ഒരു ടിവി കാണൽ സംസ്കാരം രൂപപ്പെടുത്തണം. എത്ര സമയം ടിവി കാണണം, ഏതൊക്കെ പരിപാടികൾ കാണണം, എന്നതു സംബന്ധിച്ച് കുട്ടികളുമായി ഒരു അലിഖിത ധാരണയുണ്ടാക്കണം. പഠനം,

പ്രാർഥന, ഭക്ഷണം തുടങ്ങിയവയ്ക്കൊപ്പം ടിവി ഇല്ലാതിരിക്കുന്നതു തന്നെയാണു നല്ലത്.

*കുട്ടികളിൽ അക്രമവും അരാജകത്വവും വളർത്തുന്ന പരിപാടികൾക്ക് സർക്കാർ തലത്തിൽ ഉള്ള ഇടപെടലുകളിലൂടെ നിയന്ത്രണം കൊണ്ടുവരണം.

*മുൻപ് അച്ചടി മാധ്യമങ്ങൾ സമൂഹത്തിൽ ടിവി ഉണ്ടാക്കുന്ന പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്തിരുന്നു. ഇത്തരം ആരോഗ്യകരമായ വിമർശനങ്ങൾ തീരെ കുറഞ്ഞുവരുകയാണ്. വൻകിട പത്രസ്ഥാപനങ്ങളെല്ലാം ടിവി രംഗത്തേക്കു കൂടി ചുവടുവയ്ക്കുന്നത് ഇതിന് ഒരു കാരണമാണ്.

* കുട്ടികൾക്കായുള്ള ടിവി പരിപാടികളിലെ ഭാഷപോലും ഒട്ടും ശിശുസൗഹൃദപരമല്ല. ടിവി മാധ്യമപ്രവർത്തകർക്ക് ഇതു സംബന്ധിച്ചു കൂടുതൽ പരിശീലനവും ബോധവത്കരണവും ലഭിക്കണം. സർഗാത്മകതയും മൂല്യങ്ങളും കുട്ടികളുടെ നിലവാരവുമൊക്കെ പരിഗണിച്ച് രസകരമായ കുട്ടിപ്പരിപാടികൾ തയാറാക്കുന്ന കാര്യത്തിൽ മലയാളത്തിലെ മുഴുവൻ ചാനലുകളും പരാജയമാണ്. അഥവാ റേറ്റിംഗ് കൂട്ടാനുള്ള ശ്രമത്തിനിടയിൽ കുട്ടികൾക്കു വേണ്ടിയുള്ള പരിപാടികളുടെ കാര്യത്തിൽ ചാനലുകൾ ഒട്ടും ശ്രദ്ധ പുലർത്തുന്നില്ല.

*അന്ധവിശ്വാസം കുത്തിവയ്ക്കുന്ന മന്ത്രവാദ, ഭീകര പരമ്പരകൾ ശാസ്ത്രബോധം വളരേണ്ട പ്രായത്തിൽ കൂടുതൽ പ്രതിലോമപരമായ വീക്ഷണത്തിലേക്കു കുട്ടികളെ നയിക്കുന്നു. അവതാരകരുടെ മലയാളവും ഇംഗ്ലീഷുമല്ലാത്ത അവിയൽ അവതരണ രീതി കുട്ടികളുടെ ഭാഷാബോധത്തെ വഴിതെറ്റിക്കുന്നു.

*എല്ലാ ദിവസവും പ്രൈംടൈമിൽ അര മണിക്കൂറെങ്കിലും കുട്ടികൾക്കു വേണ്ടിയുള്ള ആകർഷകമായ പരിപാടികൾ കാണിക്കണം.അവധി ദിവസങ്ങളിൽ രാവിലെയും വൈകിട്ടും കൂടുതൽ സമയം നീളുന്ന കുട്ടികൾക്കുള്ള വിനോദ, വിജ്ഞാന പരിപാടികൾ സംപ്രേഷണം ചെയ്യണം.

*കുട്ടികൾക്കുള്ള ടിവി, റേഡിയോ പരിപാടികൾക്ക് അനുമതി നൽകുന്നതിനും അവയുടെ നിർമാണത്തിനു സഹായം നൽകുന്നതിനുമായി പ്രസാർ ഭാരതിയുടെയോ ശിശുക്ഷേമ സമിതിയുടെയോ മറ്റോ കീഴിൽ പ്രത്യേക സമിതിക്കു രൂപം നൽകണം.

*റേഡിയോ കുട്ടികളുടെ പ്രിയപ്പെട്ട മാധ്യമമായി മാറിയിട്ടില്ല. പരമ്പരാഗതമായ ശൈലിയിലാണ് അതിന്റെ പോക്ക്. ആകാശവാണിയുടെ നേതൃത്വത്തിൽ സ്കൂളിൽ റേഡിയോയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കൂടുതൽ പരിപാടികൾ സംഘടിപ്പിക്കണം. സ്വകാര്യ എഫ്എം ചാനലുകളും കുട്ടികൾക്കായുള്ള പരിപാടികൾ ആരംഭിക്കണം. കുട്ടികൾക്കായി ഒരു മലയാളം റേഡിയോ ചാനൽ എന്നതു യാഥാർഥ്യമാക്കാൻ ആകാശവാണിയുടെ നേതൃത്വത്തിൽ ശ്രമം ഉണ്ടാകണം.

*പരസ്യങ്ങളുടെ ഉള്ളടക്കം കുട്ടികളെ മനശ്ശാസ്ത്രപരമായി സ്വാധീനിക്കുന്നു.ഇതു സംബന്ധിച്ച് പരസ്യ ഏജൻസികളിലെ കോപ്പി റൈറ്റർമാർക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും പരിശീലനം നൽകണം.

*പത്രങ്ങളുടെ ഇന്റർനെറ്റ് എഡിഷനുകളിൽ മിക്കതിലും കുട്ടികൾക്കായി ഇന്ററാക്ടീവ് ആയ ചാനലുകൾ ഉണ്ട്. കുട്ടികൾക്കായി സ്വതന്ത്രമായ ഇന്ററാക്ടീവ് വെബ്സൈറ്റുകൾ ആരംഭിക്കുന്നതിനെപ്പറ്റി പത്രങ്ങൾ ആലോചിക്കണം. ശരിയായ ഇന്റർനെറ്റ് ഉപയോഗ സംസ്കാരം കുട്ടികളെ പഠിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതിനുള്ള പരിശീലന പരിപാടികൾ എൻഐഇയുടെ ഭാഗമായും പത്രം വഴിയും ഇന്റർനെറ്റ് വഴിയും നൽകണം.

* പത്രങ്ങളിൽ കുട്ടികൾക്കായുള്ള പേജുകൾ ഏറെ ഗുണം ചെയ്യുന്നതായി വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും അഭിപ്രായപ്പെടുന്നു. എന്നാൽ കുറേക്കൂടി അവ മെച്ചപ്പെടുത്തണ മെന്നാണ് അധ്യാപകരുടെ നിലപാട്. അധ്യാപകരുടെ താത്പര്യങ്ങൾ കൂടി പരിഗണിച്ചുള്ള മാറ്റങ്ങൾ ഈ പേജുകളിൽ ഉണ്ടാകണം.

ചുരുക്കത്തിൽ കേരളത്തിലെ മാധ്യമങ്ങൾ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരെ മോശം പ്രതികരണമാണ് എന്നു പറയാനാവില്ല. എന്നാൽ ഇക്കാര്യത്തിൽ ബോധപൂർവമായ സ്ഥിരം സമീപനമില്ല.

അതിനാൽ കുട്ടികളുടെ അവകാശ സംരക്ഷണം ലക്ഷ്യമിട്ട പൊതു നയത്തിന് അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾക്കും സർക്കാർ തലത്തിൽ ശ്രമം ഉണ്ടാകണം. ഓരോ വിഭാഗം മാധ്യമങ്ങൾക്കും ഈ

വിഷയത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. മുഖ്യധാരാ മാധ്യമങ്ങളുടെ പ്രധാന ടാർജറ്റ് ഗ്രൂപ്പുകളിലൊന്നാണു കുട്ടികൾ എന്ന തിരിച്ചറിവാണു വേണ്ടത്.

## അനുബന്ധം1

യുനിസെഫ് മാർഗനിർദേശങ്ങൾ

കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി യുനിസെഫ് (UNICEF (United Nations International Children's Emergency Fund) മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കാതെയും പൊതുതാത്പര്യം പരിഗണിച്ചും റിപ്പോർട്ടിങ് നടത്തുന്നതിനായാണ് ഈ നിർദേശങ്ങൾ. യുനിസെഫ് മാർഗനിർദേശങ്ങൾ താഴെപ്പറയുന്ന തരത്തിൽ സംഗ്രഹിക്കാം.

**തത്വങ്ങൾ**

1. ഏതു സാഹചര്യത്തിലും കുട്ടിയുടെ അവകാശവും അന്തസും ബഹുമാനിക്കപ്പെടേണ്ടതുണ്ട്.
2. കുട്ടികളുമായി അഭിമുഖം നടത്തുമ്പോഴും അവരുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോഴും സ്വകാര്യതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണം, കുട്ടികളുടെ അഭിപ്രായങ്ങൾ കേൾക്കണം, തീരുമാനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കണം, കുട്ടികളുടെ താത്പര്യങ്ങൾക്ക് അപകടമുണ്ടാകാത്ത തരത്തിലുള്ള സംരക്ഷണം ലഭിക്കണം.
3. കുട്ടികളുടെ പ്രശ്നങ്ങളും അവകാശങ്ങളും അസ്ഥാനത്തും ഉയർത്തിക്കൊണ്ടു വരുന്നതുൾപ്പെടെ എല്ലാത്തരം സ്വാർഥതകൾക്കും അതീതമായി കുട്ടികളുടെ യഥാർഥ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടണം.

4. പ്രായവും പക്വതയും അനുസരിച്ച് കുട്ടിയുടെ അഭിപ്രായത്തിനു കൂടി പരിഗണന നൽകി വേണം അവരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ.

5. കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനു മുൻപ് അതിന്റെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ അനന്തരഫലങ്ങളെപ്പറ്റി പ്രശ്നത്തെ വിലയിരുത്താൻ കെൽപ്പുള്ളവരും കുട്ടിയുമായി ഏറ്റവും അടുത്ത ബന്ധമുള്ളവരുമായ വ്യക്തികളുമായി ചർച്ച ചെയ്യണം.

6. യഥാർഥ പേരും വിവരങ്ങളും പറയാതെയിരുന്നാലും ഒരു റിപ്പോർട്ടോ ഫോട്ടോയോ പരിപാടിയോ കുട്ടിയുടെയോ അവനുമായി ബന്ധപ്പെട്ട മറ്റു കുട്ടികളുടെ താത്പര്യങ്ങൾക്ക് എതിരായി വരുമെങ്കിൽ അതു പ്രസിദ്ധീകരിക്കരുത്.

**കുട്ടികളുമായി അഭിമുഖം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ**

1. കുട്ടികൾക്കു ദോഷമുണ്ടാകുന്ന തരത്തിൽ പ്രവർത്തിക്കാൻ പാടില്ല. കുട്ടികളെ കുറ്റപ്പെടുത്തിയും സാംസ്കാരികമൂല്യങ്ങൾക്ക് നിരക്കാത്ത തരത്തിലും അവഹേളനപരമായും ഒന്നും ചോദ്യങ്ങൾ ചോദിക്കരുത്. ദുരന്തത്തിന് ഇരയായ കുട്ടികളുടെ വേദനയും ദുഃഖവും വർധിപ്പിക്കുന്ന തരത്തിലുള്ള ചോദ്യങ്ങളും പാടില്ല.

2. അഭിമുഖം നടത്താനുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നതിൽ മതം, ലിംഗം, വർഗം, സാമൂഹിക പദവി, വിദ്യാഭ്യാസ പശ്ചാത്തലം, ശാരീരികമായ കഴിവുകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വിവേചനങ്ങൾ പാടില്ല.

3. കുട്ടികളുടെ സ്വന്തം അനുഭവവുമായി ബന്ധപ്പെട്ടതല്ലാത്ത കാര്യങ്ങളെപ്പറ്റി വിവരിക്കാനോ സംഭവിച്ചതു കാണിക്കാനോ കുട്ടികളോട് ആവശ്യപ്പെടരുത്.

4. മാധ്യമപ്രവർത്തകനുമായാണ് സംസാരിക്കുന്നതെന്ന വിവരം കുട്ടിയോ രക്ഷിതാവോ അറിഞ്ഞിരിക്കണം.

5. അഭിമുഖം നടത്തുമ്പോഴും വിഡിയോയിൽ എടുക്കുമ്പോഴും പറ്റുമെങ്കിൽ ഫോട്ടോ എടുക്കുമ്പോൾ പോലും കുട്ടിയുടെയും രക്ഷിതാവിന്റെയും അനുമതി നേടിയിരിക്കണം. സാധ്യമായ സന്ദർഭങ്ങളിൽ രേഖാമൂലം തന്നെ അനുമതി നേടുന്നതാണ്

ഉത്തമം. പ്രാദേശികമായോ അല്ലാതെയോ പ്രക്ഷേപണം ചെയ്യാനോ അച്ചടിക്കാനോ ഉള്ളതാണ് ഈ വിവരങ്ങൾ എന്ന് കുട്ടിക്കും രക്ഷിതാവിനും ബോധ്യം ഉണ്ടായിരിക്കണം. കുട്ടിക്കു വിശ്വാസമുള്ള ആളുമായി ആലോചിച്ചാണ്

അഭിമുഖം തീരുമാനിച്ചതെങ്കിലും കുട്ടിക്കു മനസിലാകുന്ന ഭാഷയിൽ അനുമതി നേടുന്നതു നല്ലതാണ്.

6. എവിടെ വച്ച് എങ്ങനെയാണ് അഭിമുഖം നടത്തുന്നതെന്ന കാര്യവും ശ്രദ്ധിക്കണം. അഭിമുഖം നടത്താനും ഫോട്ടോ എടുക്കാനും എത്തുന്നവരുടെ എണ്ണത്തിനും നിയന്ത്രണം വേണം. കുട്ടികൾ ഒരുതരത്തിലുള്ള അസ്വസ്ഥതയോ ബാഹ്യസമ്മർദമോ ഇല്ലാതെ (അഭിമുഖം നടത്തുന്നയാളിന്റേത് ഉൾപ്പെടെ)യാകണം അഭിമുഖത്തിൽ പങ്കെടുക്കുന്നത്. വിഡിയോ, റേഡിയോ അഭിമുഖങ്ങളിൽ ഉപയോഗിക്കുന്ന ദൃശ്യങ്ങളും പശ്ചാത്തല ശബ്ദങ്ങളും കുട്ടിയുടെ (കുട്ടികളുടെ) അവസ്ഥയെ എങ്ങനെ പ്രതിഫലിപ്പിക്കുമെന്ന കാര്യത്തിലും ജാഗ്രത പുലർത്തണം. കുട്ടിയുടെ വീടും സമൂഹവും നാടും കാണിക്കുന്നതും അതേപ്പറ്റി എഴുതുന്നതും കുട്ടിക്ക് ദോഷകരമാകുന്നില്ലെന്നും ഉറപ്പാക്കണം.

**കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ**

1. കുട്ടികളെ മോശക്കാരോ ചീത്തയോ ആയി മുദ്രകുത്തുന്നതരത്തിലുള്ള പരാമർശങ്ങളോ പദപ്രയോഗങ്ങളോ ഒഴിവാക്കണം. കുട്ടികൾക്ക് ശാരീരികവും മാനസികവുമായി കൂടുതൽ പ്രയാസങ്ങൾ ഉണ്ടാക്കുന്നതും ജീവിതകാലം മുഴുവൻ സാമൂഹികമായ വിവേചനവും അവഹേളനവും അനുഭവിക്കേണ്ടി വരുന്ന സ്ഥിതി ഒഴിവാക്കാൻ മാധ്യമ പ്രവർത്തകർ മനസുവയ്ക്കണം.

2. ഏറ്റവും അനുയോജ്യമായ സന്ദർഭത്തിലാകണം കുട്ടിയുടെ അനുഭവമോ ചിത്രമോ അവതരിപ്പിക്കേണ്ടത്.

3. ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതോ മറ്റു തരത്തിലുള്ള ചൂഷണത്തിനോ ഇരയാക്കപ്പെട്ട കുട്ടികൾ,ശാരീരികമോ ലൈംഗികമായോ ഉള്ള കുറ്റം ചെയ്തവർ, എച്ച്ഐവി പോസിറ്റിവായവരോ എയ്ഡ്സ് രോഗികൾക്കൊപ്പം താമസിക്കുന്നവരോ ആയ കുട്ടികൾ(മാതാപിതാക്കളോ

രക്ഷിതാവോ സമ്മതം തന്നില്ലെങ്കിൽ),കുറ്റാരോപിതരായ കുട്ടികൾ, സൈനികസേവനം ചെയ്യേണ്ടിവരുന്ന കുട്ടികൾ( ആയുധമേന്തിയ മുൻ കുട്ടിപ്പോരാളികളും തുടങ്ങിയവരുടെ പേരു മാറ്റുകയും അവരെ തിരിച്ചറിയാത്ത തരത്തിൽ ഫോട്ടോകളും വിഷ്വലുകളും ഉപയോഗിക്കുകയും വേണം.

4. കുട്ടിക്ക് ജീവനുഭീഷണിയുള്ള സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ താഴെപ്പറയുന്ന കുട്ടികളുടെ പേരോ തിരിച്ചറിയാൻ സഹായിക്കുന്ന ചിത്രങ്ങളോ നൽകരുത്.

എ) ആയുധം കയ്യിലില്ലെങ്കിലും മുൻപ് പോരാളികളായിരുന്ന കുട്ടികൾക്ക് ഭീഷണി ഉണ്ടെങ്കിൽ

ബി)മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിൽസയിൽ കഴിയുന്നവർ,അഭയാർഥികളാക്കപ്പെട്ടവർ, ആഭ്യന്തര പ്രശ്നങ്ങളെത്തുടർന്നു പലായനം ചെയ്യേണ്ടി വന്നവർ.

5. എന്നാൽ ചില സന്ദർഭങ്ങളിൽ കുട്ടിയുടെ പേരും മറ്റു വിവരങ്ങളും വെളിപ്പെടുത്തുന്നത് കുട്ടിക്കു ഗുണം ചെയ്യുകയും ചെയ്യും. എന്നാൽ അത് ഉത്തമതാത്പര്യങ്ങൾക്കു ഗുണകരമാണെന്ന് ഉറച്ച ബോധ്യമുണ്ടെങ്കിലേ ചെയ്യാവൂ. പേരുവിവരങ്ങൾ വെളിപ്പെടുത്താവുന്ന അത്തരം പ്രത്യേക സന്ദർഭങ്ങൾക്ക് ചില ഉദാഹരണങ്ങൾ

എ) കുട്ടിയോ രക്ഷിതാവോ മുൻകയ്യെടുത്ത് അവരുടെ അഭിപ്രായ സ്വാതന്ത്ര്യം പ്രകടിപ്പിക്കാനോ പറയാനുള്ളത് മറ്റുള്ളവരിൽ എത്തിക്കാനോ താത്പര്യം പ്രകടിപ്പിക്കുമ്പോൾ

ബി)കുട്ടികൾ സാമൂഹിക സേവനത്തിന്റെയും ബോധവത്കരണത്തിന്റേയോ ഭാഗമാകുമ്പോഴോ അങ്ങനെ അറിയപ്പെടാൻ അവർ ആഗ്രഹിക്കുമ്പോഴോ.

സി)സാമൂഹിക പ്രവർത്തനത്തിന്റെ ഭാഗമായി പേരും വ്യക്തിത്വവും വെളിപ്പെടുത്തുന്നത് ആരോഗ്യകരമായ വികാസത്തിന് ആവശ്യമാണെന്ന് കുട്ടി തന്നെ അഭിപ്രായപ്പെടുമ്പോൾ.

ഡി)മറ്റു കുട്ടികളോടും മുതിർന്നവരോടും കുട്ടിക്ക് പറയാനുള്ള കാര്യങ്ങൾ കൃത്യമായും ഉറപ്പിച്ചും പറയുന്ന സന്ദർഭങ്ങളിൽ.

ഇ) കുട്ടികളുടെ പൊതുവായ സ്ഥിതി റിപ്പോർട്ട് ചെയ്യുമ്പോൾ.

(വിവരങ്ങൾക്ക് യുനിസെഫ് വെബ്സൈറ്റിനോട് കടപ്പാട്)

## അനുബന്ധം 2

**ഇന്ത്യൻ പ്രസ് കൗൺസിൽ**

**പെരുമാറ്റച്ചട്ടം**

ഇന്ത്യൻ പ്രസ് കൗൺസിൽ പത്രപ്രവർത്തകർക്കായി നിർദേശിച്ചിട്ടുള്ള പെരുമാറ്റച്ചട്ടത്തിൽ (NORMS OF JOURNALISTIC CONDUCT) കുട്ടികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും മറ്റും റിപ്പോർട്ട് ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗനിർദേശങ്ങളെപ്പറ്റി പറയുന്നുണ്ട്.

സ്വകാര്യതയ്ക്കുള്ള അവകാശം എന്ന ഭാഗത്താണ് ഇതു വിവരിക്കുന്നത്.

മാനഭംഗം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, കുട്ടികളുടെ നേർക്കുള്ള ലൈംഗികാതിക്രമങ്ങൾ , സ്ത്രീകളുടെ സ്വകാര്യത, സ്വഭാവം, അന്തസ് എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിക്കുന്ന വാർത്തകളിൽ ഇരകളുടെ പേരോ ചിത്രമോ തിരിച്ചറിയാൻ ഇടയാക്കുന്ന മറ്റു വിശദാംശങ്ങളോ പ്രസിദ്ധീകരിക്കാൻ പാടില്ല.

പ്രായപൂർത്തിയാകാത്ത കുട്ടികളുമായി ബന്ധപ്പെട്ട ലൈംഗിക ചൂഷണം, നിർബന്ധിത വിവാഹം തുടങ്ങിയവ സംബന്ധിച്ച വാർത്തകളിലും കുട്ടികളുടെ പേരോ ചിത്രങ്ങളോ പ്രസിദ്ധീകരിക്കരുത്.

## അനുബന്ധം 3

**പത്രങ്ങളുമായി ബന്ധപ്പെട്ട ചില പഠന പ്രവർത്തനങ്ങൾ**

പത്രവായനാ മത്സരം

പത്രവായനയിലേക്കു കുട്ടികളെ ആകർഷിക്കാൻ സഹായിക്കുന്ന ഒരു കളിയാണിത്. ഒരു ഗ്രൂപ്പിലെ (ക്ലാസിലെ) കുട്ടികളെല്ലാം അന്നത്തെ പത്രത്തിലെ ഇഷ്ടമുള്ള ഭാഗം ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കുക.

പത്രവർത്തമാന ഡയറി മത്സരം

എന്നും പത്രങ്ങൾ വായിച്ച് ചറിയ കുറിപ്പുകൾ ഡയറിയിലെഴുതുക.

ഒരു മാസം കുട്ടികളെഴുതിയ ഡയറികൾ പരിശോധിച്ച് ആ മാസത്തെ നല്ല ഡയറിക്ക് ഒരു ബാലസാഹിത്യഗ്രന്ഥം സമ്മാനമായി നൽകാം.

പത്രക്വിസ്

ഒരു ദിവസത്തെ പത്രം ഗ്രൂപ്പിലെ എല്ലാവരും വായിക്കുക. വീട്ടിൽ നിന്നു വായിച്ചിട്ടു വരാം. ഹോസ്റ്റലിൽ വച്ചും വായിക്കാം. ാസിൽ അതിനു സമയം കൊടുക്കാം. എങ്ങനെയായാലും എല്ലാവരും വായിക്കണം. എന്നിട്ട് ആ പത്രത്തെ(പത്രങ്ങളെ) അടിസ്ഥാനമാക്കി ഒരു ക്വിസ് മത്സരം നടത്തുക.

ഫ്രണ്ട് പേജുകൾ താരതമ്യപ്പെടുത്തൽ

ഒരു ദിവസത്തെ വിവിധ പത്രങ്ങൾ എടുത്ത് ഫ്രണ്ട് പേജുകൾ താരതമ്യപ്പെടുത്തുക. വിശകലനം ചെയ്ത് വിലയിരുത്തുക. ഫ്രണ്ട് പേജിൽ അന്നത്തെ ഏറ്റവും പ്രധാന സംഭവങ്ങൾ ഉണ്ടോ? ലോകസംഭവങ്ങളോ ദേശീയസംഭവങ്ങളോ പ്രാദേശികസംഭവങ്ങളോ പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരിക്കുന്നത്? ചിത്രങ്ങൾക്ക് എത്ര സ്ഥലം നൽകിയിരിക്കുന്നു? പരസ്യത്തിനോ? ഏതു പത്രത്തിനാണ് ഒരു ലോകവീക്ഷണം? ഏതിന് കൂടുതൽ പ്രാദേശികവീക്ഷണം? വിലയിരുത്തുക.

വാർത്തയെഴുതൽ

ഒരു സംഭവം (വിവരം) എങ്ങനെ വാർത്തയാക്കാം? ഇക്കാര്യത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ? ആലോചിച്ചിട്ടു കാര്യമില്ല. അങ്ങനെ വാർത്ത എഴുതി അതിനുള്ള വൈദഗ്ദ്ധ്യം വളർത്തുമ്പോൾ മാത്രമേ അതു മനസിലാകൂ.

സ്കൂളിലെ സയൻസ് ബ് അല്ലെങ്കിൽ സാഹിത്യസമാജം ഉദ്ഘാടനം കഴിഞ്ഞു എന്നിരിക്കട്ടെ. അതൊരു വാർത്തയായി എഴുതണം. എന്തായിരിക്കണം തലക്കെട്ട്? ആദ്യ വാചകം ആകർഷകമാകണം ഏറ്റവും പ്രധാന കാര്യവുമാകണം. വാർത്ത ചുരുക്കി എഴുതണം. ആരുടെയൊക്കെ പേരുകൾ വേണം ? ചർച്ച ചെയ്യുക. അങ്ങനെ ഒരുഏകദേശ രൂപം എഴുതുക. അത് മെച്ചപ്പെടുത്തി നല്ല വാർത്തയാക്കുക.

പരസ്യമാറ്റർ എഴുത്ത്

ആകർഷകമായ പരസ്യമെഴുതാനും പരിശീലനം വേണം. പത്രങ്ങളിൽ വരുന്ന നല്ല പരസ്യവാചകങ്ങൾ വായിക്കൂ. അത്തരം

വാചകങ്ങൾ എഴുതിനോക്കൂ. ഭാഷാസ്വാധീനം വളർത്താൻ ആ കളി പ്രയോജനപ്പെടും.

പത്രം: ഉള്ളടക്ക പഠനം

വളരെ ഗൗരവമായി ചെയ്യാവുന്ന പ്രോജക്ടാണിത്. ഒരു പത്രത്തിന്റെ ഒരാഴ്ചത്തെ ഉള്ളടക്കം പഠിച്ച് വിശകലനം ചെയ്യണം. അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ ഒരു പട്ടികയിലാക്കണം. ഇങ്ങനെ പല പത്രങ്ങളെപ്പറ്റി പലർ പഠിക്കട്ടെ. ഒരു ഗ്രൂപ്പിലെ ഒരു കുട്ടി ഒരു പത്രത്തിന്റെ ചുമതല ഏറ്റാൽ മതി. പത്തു കുട്ടികൾ ഉള്ള ഗ്രൂപ്പാണെങ്കിൽ പത്തു പത്രങ്ങളുടെ ഉള്ളടക്കത്തിന്റെ പഠനം ഇങ്ങനെ നടത്താം.

പത്രത്തിന്റെ പേര്:

ക്രമനമ്പർ വിഭവത്തിന്റെ പേര് എണ്ണം എത്ര ശതമാനം

പത്രത്തിലെ ഐറ്റങ്ങളെ (വിഭവങ്ങളെ) എങ്ങനെ തരംതിരിക്കണമെന്ന് നേരത്തെ ചർച്ച ചെയ്ത് നിശ്ചയിക്കണം. എല്ലാവരും ആ തരംതിരിവ് അംഗീകരിച്ച് അതു തന്നെ പട്ടികയിൽ ഉൾപ്പെടുത്തണം.

ഉദാഹരണമായി വാർത്തകൾ തന്നെ പലതുണ്ട്. ലോകവാർത്തകൾ, ദേശീയവാർത്തകൾ, പ്രാദേശികവാർത്തകൾ, പരിസ്ഥിതിവാർത്തകൾ, ബിസിനസ് വാർത്തകൾ, മതവാർത്തകൾ, സമുദായവാർത്തകൾ, രാഷ്ട്രീയവാർത്തകൾ, കൗതുകവാർത്തകൾ,

ആരോഗ്യവാർത്തകൾ, വാഹനാപകടവാർത്തകൾ തുടങ്ങിയവ.

വാർത്തകളെ എങ്ങനെയൊക്കെ തരംതിരിക്കണമെന്ന് നിശ്ചയിച്ചാലെ ഇവയിലേതൊക്കെയായി വാർത്തകളെ വിഭജിക്കണമെന്ന് നിശ്ചയിക്കാനാകൂ.

പരസ്യം, ചരമ അറിയിപ്പുകൾ, ബിസിനസ് പരസ്യങ്ങൾ, പഠന സഹായത്തിനുള്ള ഐറ്റങ്ങൾ, കരിയർ വിവരങ്ങൾ, വാർത്താവിശകലനം... തുടങ്ങിയവയെല്ലാം പത്രങ്ങളിലെ വിഭവങ്ങളിൽ പെടുത്തണം.

പരസ്യങ്ങളെത്തന്നെ തരം തിരിക്കാം. ഉത്പന്നങ്ങളെക്കുറിച്ചറിവുള്ളവ, റിയൽ എസ്റ്റേറ്റ് പരസ്യങ്ങൾ, സിനിമാപ്പരസ്യങ്ങൾ തുടങ്ങിയവ. വക്കീലന്മാരുടെ വക നിയമപരമായ

കാര്യങ്ങളെക്കുറിച്ചുള്ള പരസ്യങ്ങൾ ഉണ്ട്. കോടതിപ്പരസ്യം, സർക്കാർ വിജ്ഞാപനരീതികളിലുള്ള പരസ്യം തുടങ്ങിയവ വേറെ.

(ശതമാനം പഠിക്കാത്ത ചെറിയ കുട്ടികൾക്ക് അവസാനകോളം ഒഴിവാക്കാം.)

ഇങ്ങനെ പലർ ഉണ്ടാക്കിയ വിവരങ്ങൾ ക്രോഡീകരിച്ച് പ്രോജക്ട് റിപ്പോർട്ട് തയാറാക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ നിഗമനങ്ങളിലെത്താം. ഉദാഹരണമായി ഒരു പത്രത്തിന്റെ ഒരു ലക്കത്തിൽ പരസ്യത്തിനു നൽകുന്ന സ്ഥലം എത്ര? ഇത് അംഗീകൃത ധാരണകൾക്കനുസരിച്ചാണോ? തുടങ്ങിയവ കണ്ടെത്താം.

പത്രത്തിലെ ഉള്ളടക്കം വിശകലനം ചെയ്തു പോരായ്മകളും മനസിലാക്കാം.

പരസ്യങ്ങൾ: പഠനം

പത്രപരസ്യങ്ങളുടെ സ്വഭാവം പഠിക്കുന്നതും രസകരമായ പ്രവർത്തനമാണ്. ഏതൊക്കെതരം പരസ്യങ്ങളാണു പത്രത്തിൽ വരുന്നതെന്ന ധാരണ ഇതിൽനിന്നു ലഭിക്കും.

പത്രവും അന്ധവിശ്വാസവും

അന്ധവിശ്വാസം വളർത്തുന്ന പരസ്യങ്ങൾ പത്രങ്ങളിൽ വരുന്നതിനെപ്പറ്റിയും പഠിക്കാം,

ലഹരിയെപ്പറ്റിയുള്ള പരസ്യങ്ങൾ

മദ്യം, സിഗരറ്റ് തുടങ്ങിയവയെപ്പറ്റിയുള്ള നേരിട്ടും അല്ലാതെയുമുള്ള പരസ്യങ്ങൾ അവയുടെ ഉപയോഗം കൂട്ടാൻ സഹായിക്കും. അത്തരം പരസ്യങ്ങൾ പത്രങ്ങളിൽ വരുന്നുണ്ടോയെന്നു പ്രത്യേകം പഠിക്കാം.

പത്രങ്ങളിലെ തെറ്റുകൾ: പഠനം

പത്രം വായിക്കുമ്പോൾ അതിൽ വരുന്ന തെറ്റുകൾ കണ്ടെത്തുന്നതും പഠിക്കാം. അക്ഷരത്തെറ്റുകൾ, വാക്യഘടനയിലെ തെറ്റുകൾ, വസ്തുതാപരമായ തെറ്റുകൾ തുടങ്ങിയവ പത്രങ്ങളിൽ വരാം. തെറ്റു തിരുത്തുകയും വേണം.

(പ്രഫ.എസ്.ശിവദാസിന്റെ പുസ്തകക്കളികൾ എന്ന പുസ്തകത്തോട് കടപ്പാട്)

## അനുബന്ധം 4

സർവേ ചോദ്യാവലി

1.രക്ഷിതാക്കൾക്കുള്ള ചോദ്യാവലി

പേര്:

സ്ഥലം:

പത്രം കുട്ടികളുടെ പഠനത്തിന് ഉപയോഗിക്കാറുണ്ടോ?എങ്ങനെ?

പത്രത്തിൽ ഏതു ഭാഗമാണ് കുട്ടികൾക്കു കൂടുതൽ ഉപയോഗിക്കുന്നത്:

കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പ്രത്യേക പേജുകളെപ്പറ്റി പൊതുവായ അഭിപ്രായം:

കുട്ടികൾക്ക് മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോ? കാരണം?

ബാല വേല, ശിശുപീഡനം തുടങ്ങിയ പ്രശ്നങ്ങൾ എത്രത്തോളം ഫലപ്രദമായി മലയാള മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നു:

അച്ചടി മാധ്യമങ്ങളാണോ ദൃശ്യശ്രാവ്യ മാധ്യമങ്ങളാണോ കുട്ടികളുടെ പ്രശ്നങ്ങൾ കൂടുതൽ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നത്?

*കുട്ടികളും മാധ്യമങ്ങളും എന്ന വിഷയവുമായി ബന്ധപ്പെട്ട മുന്നോട്ടുവയ്ക്കാനുള്ള നിർദേശങ്ങൾ?

( കേരള പ്രസ് അക്കാദമിയുടെ സഹായത്തോടെ നടത്തുന്ന പഠന ഗവേഷണത്തിനുള്ള വിവരശേഖരത്തിനായി തയാറാക്കിയ ചോദ്യാവലി)

2. വിദ്യാർഥികൾക്കുള്ള ചോദ്യാവലി

പേര്:

പഠിക്കുന്ന ക്ലാസ്:

സ്കൂളിന്റെ പേര്:

പത്രം വായിക്കാറുണ്ടോ?: എല്ലാ ദിവസവും, വല്ലപ്പോഴും, വായിക്കാറില്ല

നിങ്ങൾക്കു വേണ്ട എന്തെല്ലാം കാര്യങ്ങൾ പത്രത്തിലുണ്ട്:

കുട്ടികൾക്കായി പത്രത്തിലുള്ള സിമെന്റുകൾ വായിക്കാറുണ്ടോ? അവ എങ്ങനെ പ്രയോജനപ്പെടുന്നു?

പൊതുവേ പത്രങ്ങളെപ്പറ്റിയുള്ള അഭിപ്രായം:

3.അധ്യാപകർക്കുള്ള ചോദ്യാവലി

പേര്:

സ്കൂളിന്റെ പേര്:

പത്രം പഠനത്തിന് ഉപയോഗിക്കാറുണ്ടോ?എങ്ങനെ?

പത്രത്തിൽ ഏതു ഭാഗമാണ് കുട്ടികൾക്കു കൂടുതൽ പ്രയോജനപ്രദം:

കുട്ടികൾക്കായി പ്രസിദ്ധീകരിക്കുന്ന പ്രത്യേക പേജുകളെപ്പറ്റി പൊതുവായ അഭിപ്രായം:

കുട്ടികൾക്ക് മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോ? കാരണം?

ബാല വേല, ശിശുപീഡനം തുടങ്ങിയ പ്രശ്നങ്ങൾ എത്രത്തോളം ഫലപ്രദമായി മലയാള മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നു:

അച്ചടി മാധ്യമങ്ങളാണോ ദൃശ്യശ്രാവ്യ മാധ്യമങ്ങളാണോ കുട്ടികളുടെ പ്രശ്നങ്ങൾ കൂടുതൽ പ്രാധാന്യോത്തോടെ കൈകാര്യം ചെയ്യുന്നത്?

*കുട്ടികളും മാധ്യമങ്ങളും എന്ന വിഷയവുമായി ബന്ധപ്പെട്ട മുന്നോട്ടുവയ്ക്കാനുള്ള നിർദേശങ്ങൾ?

( കേരള പ്രസ് അക്കാദമിയുടെ സഹായത്തോടെ നടത്തുന്ന പഠന ഗവേഷണത്തിനുള്ള വിവരശേഖരണത്തിനായി തയാറാക്കിയ ചോദ്യാവലി)

# Bibliography

* Encyclopaedia of Journalism and Mas communication - Arun K Goel ( Saurabh Publishing House, New Delhi)

* Profiting from Abuse: an investigation in the sexual exploitation of our children. Published by UNICEF.

*The convention of the Rights of the Child; Child Rights and the Media (Guidelines for Journalists), International Federation of Journalists.

*Media and Children in Need of Special Protection, UNICEF's Division of Communication;

*"The Kids Market: Myths and Realities" James U. McNeal

*Educational Radio in India – RV VYAS, Director, Kota Open University, Kota, Rajasthan, Dr. R.C SHARMA, Indira Gandhi National Open University, Ashwini KUMAR, IGNOU Regional Centre, Lacknow.

*www.childrenandradio.org.uk

*(The Medial Literacy of Children and Young People- David Buckingham)Ofcam))

*www.allindiaradio.com

*IGNOU (2001) Gyan Vani the educational FM Radio network of India & Publicity material developed by IGNOU, New Delhi.

*Internet in the Family: A guide to helping children when they go online – WAN-IFRA.

*Yearbook's Outlook on Children and Media – UNESCO (2001)

*Putting Children in the Right-Guidelines for Journalists and Media fissional International federation of Journalists.

Children's Likes and Dislikes in Entertainment Programmes Patti M. Valkenburg and Joanne Cantor (2000)

* ബുധദർശനം, മലയാള മനോരമ ദിനപത്രം – അശ്വതി തിരു

നാൾ ഗൗരി ലക്ഷ്മി ഭായി (2002 നവംബർ 6)

* നിങ്ങളുടെ ടിവിയും ഞങ്ങളുടെ ബാല്യവും. - എ. അൻവർ

* ചാനലുകൾ വീട് ചന്ത - മാർ മാത്യു ആനിക്കുഴിക്കാട്ടിൽ (കലാകൗമുദി, ലക്കം 1785, 2009)

* സ്മോൾ സ്ക്രീൻ ഫാസിനേഷൻ - ഡോ. എം. വിജയറാണി, ദ് ഹിന്ദു, (13 നവംബർ 2004)

* പുസ്തകക്കളികൾ - പ്രൊഫ. എസ്. ശിവദാസ്

**Kerala Press Academy**
Kakkanad, Cochin